www.malankaralibrary.com



# മഹാത്മാവായ
# മാർ ഈവാനിയോസ്

ഡോ. എം. വി. തോമസ്

www.malankaralibrary.com

# മഹാത്മാവായ
# മാർ ഈവാനിയോസ്

www.malankaralibrary.com

(Malayalam)
**MAHATHMAVAYA**
**MAR IVANIOS**
(Biography)
by **Dr. M. V. Thomas**
First Edition 1991
Second Edition 1996
Prabhath First Edition 2021
Type Setting: Fingraph, Thiruvananthapuram-5
Printed at : Romansan Print House, Thiruvananthapuram
Cover : C. C. Thomas
Rights Reserved by Author
Publishers:
**Prabhatham Printing & Publishing Co.(P) Ltd**
Thiruvananthapuram 695 035, Kerala, India
E-mail : prabhathbooks@gmail.com
website : www.prabhathbooks.com
Sales Department
**PRABHATH BOOK HOUSE**
Thiruvananthapuram, Kollam, Alappuzha,
Ernakulam, Palakkad, Kozhikode, Kannur
Price . ₹ 100.00

PBH - D-213/2021 - 1000-1 SL - 7524

www.malankaralibrary.com

# മഹാത്മാവായ
# മാർ ഈവാനിയോസ്

ഡോ. എം. വി. തോമസ്

SINCE 1952

പ്രഭാത് ബുക്ക് ഹൗസ്
തിരുവനന്തപുരം
വില; 100.00 രൂപ

www.malankaralibrary.com



**ഡോ. എം. വി. തോമസ്**

പത്തനംതിട്ട ജില്ലയിൽ അയിരൂർ ഇളവട്ട തെങ്ങുംതോട്ടത്തിൽ എം. ഒ. വർഗീസിന്റെയും ചിറ്റയ്ക്കാട്ട് സി. ടി. റെയ്ച്ചലിന്റെയും സീമന്തപുത്രനായി 1944 ജൂൺ 21-ന് മണ്ണാരക്കുളഞ്ഞിയിൽ ജനിച്ചു. മലയാള സാഹിത്യത്തിലും പത്രപ്രവർത്തനത്തിലും ബിരുദാനന്തര ബിരുദങ്ങൾ നേടി. കേരള സർവകലാശാലയിൽ നിന്ന് പത്രപ്രവർത്തനത്തിൽ പി.എച്ച്.ഡി ബിരുദം ലഭിച്ചു. പത്തനാപുരം സെന്റ് സ്റ്റീഫൻസ് സ്കൂളിലും മറ്റുമായി പതിനാറു വർഷം മലയാളം അധ്യാപകനായിരുന്നു. 1980 മുതൽ 1999 വരെ സംസ്ഥാന പബ്ലിക്ക് റിലേഷൻസ് വകുപ്പിൽ പ്രവർത്തിച്ചു. 1999-ൽ ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ചു. കേരള സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, കേരള മീഡിയ അക്കാഡമി, ഭാരതീയ വിദ്യാഭവൻ, സി-ഡിറ്റ്, ഐ.എം.ജി. തുടങ്ങിയ സ്ഥാപനങ്ങളിൽ കമ്മ്യൂണിക്കേഷൻ ജേർണലിസം, ഭരണഭാഷ തുടങ്ങിയ വിഷയങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. മാധ്യമങ്ങളും മലയാള സാഹിത്യവും, ഭരണ ഭാഷാ പ്രശ്നങ്ങൾ, ജനങ്ങളുടെ ഭരണം ജനകീയ ഭാഷയിൽ, സാഹിത്യത്തിന്റെ ബാലപാഠങ്ങൾ, ഭാരതീയ പത്രചരിത്രം തുടങ്ങി ഇരുപതോളം കൃതികൾ മലയാളത്തിലും, Fundamentals of communication and Journalisam, Malayalam Newspapers and Freedam Movement in Kerala എന്നീ കൃതികൾ ഇംഗ്ലീഷിലും രചിച്ചിട്ടുണ്ട്. ചെമ്പകരാമൻ പിള്ള എന്ന കൃതിക്ക് 1987-ൽ എൻ.സി.ഇ.ആർ.ടി-യുടെ ബാലസാഹിത്യത്തിനുള്ള ദേശീയ അവാർഡ് ലഭിച്ചു.

*ഭാര്യ:* സൂസമ്മ

*മക്കൾ:* ബീന, സാനു, റീന

*വിലാസം:* ഇളവട്ട വീട്

കുലശേഖരം, തിരുവനന്തപുരം 695013

*ഫോൺ:* 8075879438

www.malankaralibrary.com

# അവതാരിക

കേരളത്തിലെ ക്രൈസ്തവ സഭാ പുനരൈക്യ പ്രസ്ഥാനത്തിന്റെ രാജശില്പിയും മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കിയുടെ അധ്യക്ഷനും തിരുവനന്തപുരം അതിരൂപതയുടെ ആദ്യത്തെ ആർച്ച്ബിഷപ്പുമായിരുന്ന മഹാത്മാവാണ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ.

തിരുവനന്തപുരത്ത് നാലാഞ്ചിറയിലുള്ള അത്യുന്നത നിലവാരം പുലർത്തുന്ന മാർ ഈവാനിയോസ് സ്വയംഭരണ കോളേജ്, ഏഷ്യയിൽ തന്നെ ഏറ്റവും അധികം വിദ്യാർഥികൾ പഠിക്കുന്ന മികച്ച വിദ്യാലയമായ പട്ടം സെന്റ് മേരീസ് സ്കൂൾ തുടങ്ങി ഒട്ടേറെ വിദ്യാമന്ദിരങ്ങളുടെ സ്ഥാപകൻ എന്ന മഹനീയ സ്ഥാനവും അദ്ദേഹത്തിന് ഉണ്ട്. ഭാരതീയ സന്യാസ പാരമ്പര്യങ്ങൾക്ക് അനുസൃതമായി അഭിവന്ദ്യ പിതാവ് രൂപം നല്കിയ ബഥനീ സന്യാസ സമൂഹങ്ങൾ പുനരൈക്യ പ്രസ്ഥാനത്തിന് ശക്തി പകരുകയും പാവപ്പെട്ടവർക്ക് അത്താണിയായിത്തീരുകയും ചെയ്തു. അയിത്തത്തിനും അനാചാരങ്ങൾക്കും എതിരെ പോരാടിയ മാർ ഈവാനിയോസ് തിരുമേനി ദളിത് പിന്നാക്ക ജനവിഭാഗങ്ങളുടെ ഒരു വലിയ സമുദ്ധാരകനായി പ്രവർത്തിച്ചു. ആ പുണ്യ പുരുഷനെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന് തുടക്കം കുറിച്ചു കൊണ്ടാണ് തിരുമേനിയെ ദൈവദാസനായി പ്രഖ്യാപിച്ചത്. നാടകീയവും സംഭവ ബഹുലവുമായ അദ്ദേഹത്തിന്റെ ജീവചരിത്രം മുമ്പും രചിക്കപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട തോമസ് ഈഞ്ചയ്ക്കലോടി അച്ചനും മറ്റ് അനേകരും എഴുതിയിട്ടുള്ള അത്തരം ബൃഹദ് ഗ്രന്ഥങ്ങൾ ആധികാരികവും വിജ്ഞാനപ്രദവുമാണ്. എന്നാൽ അവയിൽ നിന്ന് വ്യത്യസ്ഥമായി ലളിതവും മനോഹരവും ഹൃദയ സ്പർശിയുമായ രചനാ സമ്പ്രദായമാണ് ഈ ലഘു ഗ്രന്ഥത്തിൽ ഡോ. എം. വി. തോമസ് സ്വീകരിച്ചിരിക്കുന്നത്.

www.malankaralibrary.com

ബാലസാഹിത്യ രചനയിൽ കേന്ദ്ര സർക്കാരിന്റെ എൻ സി ഇ അർ ടി ദേശീയ അവാർഡ് നേടുകയും ജേർണലിസത്തിൽ ഡോക്ടറേറ്റ് സമ്പാദിക്കുകയും ചെയ്തിട്ടുള്ള എം. വി. തോമസ് ബാലസാഹിത്യം, മാധ്യമങ്ങൾ, ജീവചരിത്രം, ഭരണഭാഷ തുടങ്ങി വിവിധ വിഷയങ്ങളിലായി ഇരുപതിലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ പുണ്യപൂജിതമായ ജീവിതചര്യയെയും വിവിധ മേഖലകളിലുള്ള അദ്ദേഹത്തിന്റെ ജനസേവനങ്ങളെയും പറ്റി പൊതു സമൂഹത്തെ ബോധവത്കരിക്കുന്നതിന് ഉപകരിക്കുന്ന ഉത്കൃഷ്ടമായ ഒരു ഗ്രന്ഥമാണ് മഹാത്മാവായ മാർ ഈവാനിയോസ് എന്ന ഈ ഗ്രന്ഥം.

1991-ൽ ഒന്നാം പതിപ്പും 1996-ൽ രണ്ടാം പതിപ്പും പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പാണിത്. അഭിവന്ദ്യ തിരുമേനിയുടെ അറുപത്തിയെട്ടാം ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിന് തയ്യാറായ പ്രഭാത് ബുക്ക് ഹൗസിനെ ഞാൻ അഭിനന്ദിക്കുന്നു.

എഴുത്തുകാരനും മാധ്യമ ഗവേഷകനും സംസ്ഥാന പബ്ലിക് റിലേഷൻ വകുപ്പിലെ മുൻ ഡെപ്യൂട്ടി ഡയറക്ടറും മലങ്കര സമൂഹത്തിന്റെ അഭിമാനഭാജനവുമായ ഗ്രന്ഥകാരന് ദൈവം എല്ലാ വിധ നന്മയും കാരുണ്യവും അനുഗ്രഹങ്ങളും പ്രദാനം ചെയ്യട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട് ഈ ഗ്രന്ഥത്തിന് പ്രചുരപ്രചാരം ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭാ മക്കളുടെ മനസ്സിൽ ഇടം പിടിച്ചിട്ടുള്ള ഈ ഗ്രന്ഥം സഭാമക്കളുടെയും പൊതു സമൂഹത്തിന്റെയും മുമ്പാകെ സമർപ്പിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഗ്രന്ഥകാരനെയും വായനക്കാരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവം

+Baselios Cleemis

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ് കാതോലിക്കോസ് &
തിരുവനന്തപുരം മേജർ ആർച്ച്ബിഷപ്പ്

തിരുവനന്തപുരം
12.7.2021

www.malankaralibrary.com

# ആമുഖം

മലങ്കര കത്തോലിക്കാ സഭയിലെ ആദ്യത്തെ ആർച്ച്ബിഷപ്പും പുനരൈക്യ ശില്പിയും തിരുവനന്തപുരത്തെ മാർ ഈവാനിയോസ് കോളേജ് ഉൾപ്പെടെ ഒട്ടേറെ സമുന്നത വിദ്യാലയങ്ങളുടെ സ്ഥാപകനും ആധ്യാത്മിക ചൈതന്യത്തിന്റെ നിറകുടവുമായിരുന്ന ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപോലീത്തായുടെ (1882-1953) ഒരു ലഘു ജീവചരിത്രമാണ് 'മഹാത്മാവായ മാർ ഈവാനിയോസ്' എന്ന ഈ ഗ്രന്ഥം.

1990-കളിൽ മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പലായിരുന്ന ബഹുമാനപ്പെട്ട ഡോ. തോമസ് കൊട്ടാരത്തിലച്ചന്റെയും അക്കാലത്ത് കോളേജിലെ ബർസർ ആയിരുന്ന ബഹുമാനപ്പെട്ട ഡോ. സാമുവൽ കാട്ടുകല്ലിലച്ചന്റെയും (ഇപ്പോൾ പത്തനംതിട്ട രൂപതാധ്യക്ഷനായ അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ) നിർദ്ദേശവും പ്രോത്സാഹനവും മുഖേനയാണ് ഞാൻ ഈ ഗ്രന്ഥം രചിച്ചത്. മാർ ഈവാനിയോസ് കോളേജിന്റെ ആദ്യ പ്രിൻസിപ്പലും പിന്നീട് നാല് പതിറ്റാണ്ടിലേറെക്കാലം മലങ്കരസഭാധ്യക്ഷനുമായിരുന്ന അഭിവന്ദ്യ ആർച്ച്ബിഷപ്പ് ബെനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ അവതാരികയോടെ 1991-ൽ ഈ ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പ് മാർ ഈവാനിയോസ് കോളേജാണ് പ്രസിദ്ധീകരിച്ചത്. മലങ്കര കത്തോലിക്കാസഭയുടെ പ്രഥമ മേജർ ആർച്ച്ബിഷപ്പും കാതോലിക്കാബാവായുമായ അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് പിതാവിന്റെ 'ആശീർവാദ' സഹിതം 1996-ൽ ഇതിന്റെ രണ്ടാം പതിപ്പും മാർ ഈവാനിയോസ് കോളേജ് പ്രസിദ്ധീകരിക്കുകയുണ്ടായി.

www.malankaralibrary.com

കഴിഞ്ഞ രണ്ട് പതിറ്റാണ്ടായി ലഭ്യമല്ലാതിരുന്ന ഈ പുസ്തകത്തിന്റെ മൂന്നാം പതിപ്പാണ് മലങ്കര സഭയുടെ അധ്യക്ഷനും മേജർ ആർച്ച്ബിഷപ്പുമായ കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ തിരുമേനിയുടെ അനുഗ്രഹാശിസുകളും അവതാരികയും ഉൾപ്പെടുത്തി പ്രഭാത് ബുക്ക് ഹൗസ് മുഖേന ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. എന്റെ എല്ലാ രചന സംരംഭങ്ങൾക്കും അങ്ങേയറ്റം പ്രോത്സാഹനവും പിന്തുണയും തന്നുകൊണ്ടിരിക്കുന്ന അത്യുന്നത കർദ്ദിനാൾ തിരുമേനിയോട് എനിക്കുള്ള സ്നേഹാദരങ്ങളും കടപ്പാടും നിസ്സീമമാണ്. ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണ ചുമതല ഏറ്റെടുക്കുകയും ഇത് മനോഹരമായി അച്ചടിച്ച് പുറത്തിറക്കുകയും ചെയ്ത പ്രമുഖ പ്രസാധക സ്ഥാപനമായ പ്രഭാത് ബുക്ക് ഹൗസിനോട് എനിക്ക് അത്യധികമായ കൃതജ്ഞതയുണ്ട്. ഇതിന്റെ മൂന്നാം പതിപ്പ് പ്രസിദ്ധീകരിക്കുന്ന സംരംഭത്തിന് പിന്തുണ നല്കിയ എന്റെ സുഹൃത്തുക്കളായ ശ്രീ. സി. ഗോവിന്ദനും (യോജനയുടെ മുൻ എഡിറ്ററും എഴുത്തുകാരനും), ശ്രീ. ജോമി തോമസ് കലയപുരത്തിനും (സഭാ ചരിത്രകാരനും ഭാഷാ പണ്ഡിതനും) മറ്റു സുഹൃത്തുക്കൾക്കും പ്രത്യേകം നന്ദി പറയുന്നു. ഈ പുസ്തകത്തിന്റെ പുറംചട്ടയും ലേഔട്ടും ആർട് വർക്കുകളും ആകർഷകമാംവിധം ചെയ്ത പ്രശസ്ത ആർട്ടിസ്റ്റും എന്റെ ദീർഘകാല സുഹൃത്തുമായ സി. സി. തോമസ്സിനോടുള്ള സ്നേഹാദരങ്ങൾ കൂടി ഇവിടെ രേഖപ്പെടുത്തുന്നു.

കേരളത്തിലെ സഹൃദയസമൂഹത്തിന് ഈ ഗ്രന്ഥം സ്വീകാര്യമാകുമെന്ന പ്രതീക്ഷയോടെ കൂപ്പുകൈ അർപ്പിക്കുന്നു.

**ഡോ. എം. വി. തോമസ്**

തിരുവനന്തപുരം
14.7.2021

www.malankaralibrary.com



# വിഷയവിവരം


| | | | |
|---|---|---|---|
| അവതാരിക | | | 5 |
| ആമുഖം | | | 7 |
| അധ്യായം | 1 | തീർഥാടനം | 9 |
| അധ്യായം | 2 | ആശ്രമസ്ഥൻ | 14 |
| അധ്യായം | 3 | പുനരൈക്യം | 20 |
| അധ്യായം | 4 | പശ്ചാത്തലവും പുരോഗതിയും | 27 |
| അധ്യായം | 5 | അനുമോദനങ്ങളും അപഹാസങ്ങളും | 31 |
| അധ്യായം | 6 | എതിർപ്പിന്റെ ശക്തികൂടുന്നു | 34 |
| അധ്യായം | 7 | പരിശുദ്ധപിതാവിന്റെ സന്നിധിയിൽ | 38 |
| അധ്യായം | 8 | പൊൻതാരമേ, ജയിച്ചാലും | 44 |
| അധ്യായം | 9 | പ്രതിബന്ധങ്ങൾക്കിടയിലൂടെ | 47 |
| അധ്യായം | 10 | പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് | 49 |
| അധ്യായം | 11 | പുനരൈക്യ പ്രസ്ഥാനം വീണ്ടും ശക്തി പ്രാപിക്കുന്നു | 53 |
| അധ്യായം | 12 | അതിവിശിഷ്ടനായ അതിഥി | 56 |
| അധ്യായം | 13 | വിശ്രമമില്ലാത്ത ആർച്ച്ബിഷപ്പ് | 61 |
| അധ്യായം | 14 | രോഗശയ്യയിൽ | 64 |
| അധ്യായം | 15 | വിശ്രമം...അന്ത്യവിശ്രമം | 71 |
| അനുബന്ധം 1 | | | 76 |
| അനുബന്ധം 2 | | | 77 |
| അനുബന്ധം 3 | | | 78 |

www.malankaralibrary.com

**അധ്യായം ഒന്ന്**

# തീർഥാടനം

ഏറ്റവും മുന്നിൽ വലിയ തിരുമോനി തൊട്ടു പിന്നാലെ കൊച്ചു തിരു മേനിയും കാഷായ വസ്ത്രധാരികളായ ഇരുപതിൽപ്പരം സന്യാസിമാരും. കൂട്ടത്തിൽ രണ്ടോ മൂന്നോ പിഞ്ചുകുഞ്ഞുങ്ങളുമുണ്ട്. കയ്യിൽ ഓരോ ഭാണ്ഡവുമായി അവർ താഴേക്ക് ഇറങ്ങി വരുന്നു. ചിലർ വിങ്ങിക്കരഞ്ഞു കൊണ്ട് ബഥനി മലയിലേക്ക് തിരിഞ്ഞു നോക്കുന്നുണ്ട്. മലയിലെ അടി വാരത്തിലെത്തിയപ്പോൾ വലിയ തിരുമേനി ബഥനി മലയുടെ നേരെ തിരിഞ്ഞു നിന്ന് രണ്ടു കൈകളും ഉയർത്തി മറ്റുള്ളവരും വീർപ്പടക്കി ക്കൊണ്ട് കുന്നിൻ മുകളിലേക്ക് നോക്കി നിന്നു. അപ്പോൾ ഇടറുന്ന സ്വര ത്തിൽ തിരുമേനി പറഞ്ഞു; ''ബഥനിമലയേ, സമാധാനപൂർവം വസിച്ചാലും".

ബഥനി ആശ്രമത്തിന്റെ സ്ഥാപകനായ മാർ ഈവാനിയോസ് തിരു മേനിയും അദ്ദേഹത്തിന്റെ സഹായ മെത്രാനായ മാർ തിയോഫിലോസ് തിരുമേനിയും അനുയായികളും ഇനി ഒരിക്കലും മടങ്ങി വരാത്ത ഒരു തീർഥാടനത്തിനായി ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. യേശുക്രിസ്തു വിനാൽ സ്ഥാപിതമായ സാർവത്രികസഭയുമായി പുനരൈക്യപ്പെടുന്ന തിനു വേണ്ടിയുള്ള തീർഥാടനമായിരുന്നു അത്.

പിൽക്കാലത്ത് കത്തോലിക്കാസഭയിലെ ഉന്നതമായ ആർച്ച്ബിഷപ്പ് പദവിയിലെത്തിയ മാർ ഈവാനിയോസ് തിരുമേനി ഒരു യാക്കോബായ സഭാംഗമായിട്ടാണ് ജനിച്ചതും വളർന്നതും. എ.ഡി. ആറാം നൂറ്റാണ്ടിൽ കത്തോലിക്കാസഭയിൽ നിന്നും തെറ്റിപ്പിരിഞ്ഞ യാക്കോബ് ബുർദ്ദാനാ എന്നൊരു മെത്രാനാണ് യാക്കോബായ സഭയുടെ സ്ഥാപകൻ. പോർട്ടു ഗ്രീസുകാരുടെ ആഗമനത്തെത്തുടർന്ന് കേരള ക്രൈസ്തവ സഭയിലു ണ്ടായ അന്തഃഛിദ്രങ്ങളുടെ ഫലമായി 1665-ലാണ് യാക്കോബായ സഭയ്ക്ക് കേരളത്തിൽ പ്രവേശനം ലഭിച്ചത്. കാലന്തരത്തിൽ ഇവിടത്തെ യാക്കോ

www.malankaralibrary.com




ബായ സഭയിൽ ഗ്രൂപ്പ് വഴക്കുകളും കേസുകളും അരങ്ങേറി. ഒരു സന്യാസ സമൂഹത്തിന്റെ രൂപവത്കരണം ഈ ദുരവസ്ഥ നീക്കുന്നതിന് ഉപകരിക്കുമെന്ന് ഫാ. പി. ടി. ഗീവർഗീസ് (പിന്നീട് മാർ ഈവാനിയോസ് തിരുമേനി) പ്രതീക്ഷിച്ചു. അങ്ങനെയാണ് ബഥനി സന്യാസ സമൂഹം രൂപം കൊണ്ടത്.

ആശ്രമം സ്ഥാപിക്കുന്നതിനു വേണ്ടി അച്ചൻ തെരഞ്ഞെടുത്തത് ഇപ്പോഴത്തെ പത്തനംതിട്ട ജില്ലയിൽ വടശ്ശേരിക്കരയ്ക്ക് സമീപമുള്ള പെരുനാട്ടിലെ മുണ്ടൻ മലയാണ്. തികഞ്ഞ സമുദായസ്നേഹിയായിരുന്ന ഇലഞ്ഞിക്കൽ ജോൺ വക്കീൽ അവിടെ നൂറേക്കർ സ്ഥലം ആശ്രമം സ്ഥാപിക്കുന്നതിനു വേണ്ടി സംഭാവന നൽകി. അച്ചൻ മുന്നൂറേക്കർ സ്ഥലം കൂടി സർക്കാരിൽ നിന്നും പതിപ്പിച്ചെടുക്കുകയും ചെയ്തു. ഇതിലേക്ക് വേണ്ടി വന്ന രണ്ടായിരം രൂപ സ്വപിതാവായ തോമ്മാപ്പണിക്കരാണ് ചെലവഴിച്ചത്. തന്റെ സഹോദരനായ മത്തായിപ്പണിക്കർ മുണ്ടൻമലയിൽ സ്വന്തം പേരിൽ നൂറേക്കർ സ്ഥലം സമ്പാദിക്കുന്നതിന് ശ്രമിച്ചപ്പോൾ അച്ചൻ അതിനു തടസ്സം നിന്നു. “അവിടെ ഒരടി സ്ഥലം പോലും നിനക്കുണ്ടാവരുത്” എന്നായിരുന്നു അദ്ദേഹത്തിന്റെ കല്പന.

സ്ഥലം കിട്ടിക്കഴിഞ്ഞപ്പോൾ ആശ്രമത്തിന് ഒരു നല്ല പേര് കണ്ടുപിടിക്കാനുള്ള പരിശ്രമം തുടങ്ങി. എന്തെങ്കിലും ഒരു പേരായാൽ പോരാ. ആശ്രമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സൂചിപ്പിക്കുന്നതാവണം. അതും പോരാ യേശുക്രിസ്തുവിന്റെ ജീവിതവുമായി അതിന് ബന്ധം വേണം. പലരും പല പേരുകൾ നിർദ്ദേശിച്ചു. ഗിവർഗീസച്ചന്റെ മനസ്സിലും ചില പേരുകൾ തോന്നി. പക്ഷേ ഒന്നും അദ്ദേഹത്തിന് തൃപ്തികരമായില്ല. ഈ അവസ്ഥ

*മുണ്ടൻമല*



www.malankaralibrary.com



യിൽ ആശ്രമത്തിന് ഒരു നല്ല പേര് നിർദ്ദേശിച്ചു തരുവാൻ അദ്ദേഹം ദൈവത്തോട് അപേക്ഷിച്ചു. മുട്ടിന്മേൽ നിന്ന് കൈകൂപ്പി കർത്താവിനോട് പ്രാർഥിച്ചു. കണ്ണടച്ചു പ്രാർഥിച്ചുകൊണ്ട് വേദപുസ്തക നിഘണ്ടു തുറന്നു. ഒരു ഭാഗത്ത് വിരലൂന്നി. കണ്ണു തുറന്നപ്പോൾ വിരലൂന്നിയ ഭാഗത്ത് കണ്ടത് 'ബഥനി' എന്ന പദമായിരുന്നു. ദൈവം കാണിച്ചുകൊടുത്ത ആ പേര് ആശ്രമത്തിന് ഏറ്റവും പറ്റിയതാണെന്ന് അച്ചന്റെ മനസ്സ് മന്ത്രിച്ചു. യരൂശലേമിൽ നിന്നും മൂന്നു കിലോമീറ്റർ അകലെ സ്ഥിതി ചെയ്തിരുന്നു ബഥനി ഗ്രാമത്തിലാണ് യേശുവിന്റെ സ്നേഹിതരായ ലാസറും മറിയയും മാർത്തായും താമസിച്ചിരുന്നത്. മരിച്ച് ഉയർപ്പിക്കപ്പെട്ട ലാസർ പുനരുത്ഥാനത്തിന്റെ പ്രതീകം. മറിയം പ്രാർഥനാ ജീവിതത്തിന്റെയും മാർത്താ സ്നേഹ ശുശ്രൂഷയുടെയും ഉത്തമ മാതൃകകൾ. അങ്ങനെ മുണ്ടൻമലയിലെ ആശ്രമത്തിന് 'ബഥന്യാശ്രമം' എന്ന പേരു കിട്ടി. ആശ്രമാധ്യക്ഷന്റെയും ശിഷ്യന്മാരുടെയും അഭിപ്രായപ്രകാരം സന്യാസ സമൂഹത്തിന് 'മിശിഹാനുകരണ സമൂഹം' എന്ന പേരും നല്കപ്പെട്ടു.

1919 ആഗസ്റ്റ് ഒന്നാം തീയതിയാണ് ബഥന്യാശ്രമം ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഭാരതീയ ശൈലിയിൽ കാവി നിറത്തിലുള്ള കുപ്പായവും ഇടയ്ക്ക് ഒരു കെട്ടും - ഇതായിരുന്നു ആശ്രമസ്ഥരുടെ വേഷം. ആരംഭഘട്ടത്തിൽ പത്തുപേരാണ് ആശ്രമത്തിൽ ഉണ്ടായിരുന്നത്. ആശ്രമാധ്യക്ഷനായ ഫാദർ പി. ടി. ഗീവർഗീസിനു പുറമേ ഫാദർ അലക്സിയോസ് (നിരണം), ജേക്കബ് ശെമ്മാശൻ (ഒളശ്ശ), കോശി ശെമ്മാശൻ (ശൂരനാട്), ഗീവർഗീസ് ചാക്കോ (ചെങ്ങന്നൂർ), യാക്കോബ് (മാവേലിക്കര), ഉമ്മൻ (ശൂരനാട്), എബ്രഹാം (കല്ലുപ്പാറ), ഇസഹാക്ക് (മാവേലിക്കര), വർഗീസ് (പുളിക്കിഴ്) എന്നിവരായിരുന്നു അവർ. സുവിശേഷ പ്രചാരണമാണ് ബഥനി സന്യാസ സമൂഹം ഏറ്റെടുത്ത ഒരു പ്രധാന ചുമതല.

ബഥനിയുടെ ആഭിമുഖ്യത്തിൽ ഒരു സന്യാസിനീ സമൂഹം കൂടി ആരംഭിക്കണമെന്ന് ഫാ. ഗിവർഗീസ് ആഗ്രഹിച്ചു. ഇതിലേക്ക് തിരുവല്ലയിൽ തിരുമൂലപുരം ബാലികാമഠം സ്കൂളിനോടു ചേർന്ന് നാല് പെൺകുട്ടികൾക്ക് പരിശീലനം ആരംഭിക്കുകയും ചെയ്തു. എന്നാൽ യാക്കോബായ സഭ ഈ സംരംഭത്തിന് അനുകൂലമായിരുന്നില്ല. അതിനാൽ ഈ സമൂഹം സ്ഥാപിക്കുന്നതിന് 1925 വരെ കാത്തിരിക്കേണ്ടി വന്നു. അപ്പോഴേക്കും മെത്രാൻ സ്ഥാനത്തെത്തിയ ആശ്രമാധ്യക്ഷൻ മുമ്പാകെ മൂന്ന് സഹോദരിമാർ സന്യാസ പ്രതിഷ്ഠ നടത്തി.

പി. ടി. ഗിവർഗീസച്ചൻ കൽക്കട്ടയ്ക്കു സമീപമുള്ള സെറാമ്പൂരിൽ പ്രൊഫസറായി ജോലി നോക്കുന്ന കാലത്തു തന്നെ (1913-1919) ആശ്ര

www.malankaralibrary.com



മവും മഠവും സ്ഥാപിക്കുന്നതിനുള്ള പരിശ്രമങ്ങൾ ആരംഭിച്ചിരുന്നു. സ്വസമുദായത്തിൽ കുറേയധികം അഭ്യസ്തവിദ്യർ ഉണ്ടാവണമെന്നതായിരുന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ ചിന്ത. അതിനാൽ അൽമായരും ശെമ്മാശ്ശന്മാരുമായി ഇരുപതോളം യുവാക്കളെ സെറാമ്പൂരിൽ കൊണ്ടു പോയി പഠിപ്പിച്ചു. ഇതിലേക്ക് അച്ചന് നല്ലൊരു തുക ചെലവായി. അക്കാലത്ത് അദ്ദേഹത്തിന് പ്രതിവർഷം പതിനായിരത്തോളം രൂപ വരുമാനമുണ്ടായിരുന്നു. വിദ്യാർഥികളുടെ ആവശ്യത്തിനു തികയാത്ത തുകയ്ക്ക് സ്കോളർഷിപ്പുകൾ സംഘടിപ്പിക്കുവാനും അച്ചന് കഴിഞ്ഞു. സ്വസമുദായത്തിലുള്ള വനിതകൾക്കു കൂടി ഉന്നത വിദ്യാഭ്യാസം നേടിക്കൊടുക്കണമെന്ന ഉദ്ദേശത്തോടെ കൽക്കട്ടയിലെ ഡയസിഷ്യൻ കോളേജിലും ബാരിസോൾ കോളേജിലും ഏതാനും വിദ്യാർഥിനികൾക്ക് അദ്ദേഹം പ്രവേശനം വാങ്ങിക്കൊടുത്തു. അവരുടെ ക്ഷേമവും ആധ്യാത്മിക കാര്യങ്ങളും അച്ചൻ അന്വേഷിച്ചുക്കൊണ്ടിരുന്നു. ഈ അവസരത്തിലാണ് ഒരു സന്യാസ സമൂഹം രൂപവത്കരിക്കണമെന്ന് ഉത്കടമായ ആഗ്രഹം അദ്ദേഹത്തിൽ വളർന്നു വന്നത്. എന്നാൽ അത് സാധിക്കുക അത്ര എളുപ്പമാണോ എന്ന സംശയം അദ്ദേഹത്തിനുണ്ടായിരുന്നു. സെറാമ്പൂരിൽ പഠിച്ചുക്കൊണ്ടിരുന്ന ശെമ്മാശ്ശന്മാരുടെയും മറ്റ് വിദ്യാർഥികളുടെയും ഇടയിൽ അച്ചൻ പരീക്ഷണാർഥം ചില സന്യാസവ്രതങ്ങൾ ഏർപ്പെടുത്തി നോക്കി. മൗനവ്രതം തുടങ്ങിയ ചില നിബന്ധനകളാണ് അച്ചൻ ഏർപ്പെടുത്തിയത്. അവയൊക്കെ സന്തോഷപൂർവം അനുഷ്ഠിക്കുവാൻ അവർ തയ്യാറായി. ഇത് അച്ചന്റെ ആത്മവിശ്വാസം വർധിപ്പിച്ചു.

രാത്രി പത്തു മണി മുതൽ പ്രഭാതം വരെ ആയിരുന്നു മൗനവ്രതം. അങ്ങനെ ഒരിക്കൽ എല്ലാവരും മൗനവ്രതം ആചരിച്ച് ഉറക്കം പിടിച്ചു കഴിഞ്ഞ സമയം അർധരാത്രി കഴിഞ്ഞിട്ടുണ്ടാവും. ആരോ ഒരാൾ അബദ്ധവശാൽ കണ്ണുതുറന്നു. അതാ ഒരു സത്വം തുറിച്ച കണ്ണുമായി തൊട്ടടുത്തു നിൽക്കുന്നു. മേശ വിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ സൂക്ഷിച്ചു നോക്കിയപ്പോൾ ഒരു കാര്യം മനസ്സിലായി. അതൊരു കുറുക്കനാണ്. "അയ്യോ" എന്നു നിലവിളിക്കാനോ ആരെയും വിളിക്കാനോ അനുവാദമില്ല. ഗതിമുട്ടിയപ്പോൾ അടുത്തു കിടന്നവരുടെ തലമുടിക്കു പിടിച്ചു വലിച്ചു. അവരും ഉണർന്ന് അതിഥിയുടെ ആഗമനത്തെപ്പറ്റി അറിഞ്ഞു. പക്ഷേ ആർക്കും ഉരിയാട്ടമില്ല. എങ്കിലും അടുക്കളയിൽ നിന്നും ശേഖരിച്ച വിറകു കഷണങ്ങൾ കൊണ്ട് അവരെല്ലാവരും കൂടി കുറുക്കനെ ശരിക്ക് സത്കരിച്ചു. നേരം പുലർന്നപ്പോഴാണ് അച്ചൻ സംഭവം അറിയുന്നത്. പരസ്പരം ഒരക്ഷരം സംസാരിക്കാതെ തന്റെ ശിഷ്യന്മാർ ഒരു കുറുക്കനെ തല്ലി

www.malankaralibrary.com



ക്കൊന്നു എന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന് അത്ഭുതവും സന്തോഷവും മാത്രമല്ല, അഭിമാനവും തോന്നി.

ഇനി ഒരു നിമിഷവും വൈകിക്കൂടാ "നിങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ച്നിന്റെ കുരിശും എടുത്തുകൊണ്ട് എന്റെ പിന്നാലെ വരിക" എന്ന ക്രിസ്തു വചനങ്ങൾ ആ വന്ദ്യ പുരോഹിതന്റെ കാതുകളിൽ മുഴങ്ങി. വളരെ വലിയ ശമ്പളവും പദവിയുമുള്ള പ്രഫസർ ഉദ്യോഗം വലിച്ചെറിഞ്ഞ് നേരെ മുണ്ടൻമലയിലേക്കാണ് അദ്ദേഹം പോയത്. ഉന്നതമായ നിലയിൽ നിന്ന് എല്ലാം ഉപേക്ഷിച്ച് കാവി വസ്ത്രവും മൺചട്ടിയും മരക്കുരിശും സ്വീകരിച്ച എം. എ. അച്ചൻ ഒരു യഥാർഥ യോഗിവര്യനായി 'ആബോ ഗിവർഗീസ് എന്ന പേരിലാണ് പിന്നീടദ്ദേഹം അറിയപ്പെട്ടത്.

www.malankaralibrary.com



# ആശ്രമസ്ഥർ




*മാർ ഈവാനിയോസ് തിരുമേനി*

ആനയും മറ്റുമുള്ള കാടുകൾ വെട്ടിത്തെളിക്കുന്നതിലും ആശ്രമം, ചാപ്പൽ മുതലായ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിലും ആശ്രമാധ്യക്ഷന്റെ സഹോദരനായ മത്തായിപ്പണിക്കരും മാനേജർ എന്ന പേരിൽ അറിയപ്പെട്ടിരുന്ന കിളിലേത്ത് ചാക്കോയുമാണ് നേതൃത്വം കൊടുത്തത്. നാലഞ്ചു വർഷത്തെ ശ്രമഫലമായി അറുപത് ഏക്കറോളം സ്ഥലം കൃഷിക്കായി തെളിച്ചെടുത്തു. മരച്ചീനി, കാച്ചിൽ, ചേന മുതലായവയ്ക്കു പുറമേ റബ്ബർ, കുരുമുളക്, തെങ്ങ് മുതലായവയും അവിടെ കൃഷി ചെയ്തു. ഇതിന്റെ പിന്നിൽ വളരെയേറെ അധ്വാനവും പണച്ചെലവും ഉണ്ടായിരുന്നു. എങ്കിലും വന്യമൃഗങ്ങലുടെ ശല്യം മൂലം കൃഷിയിൽ നിന്നും കാര്യമായ ആദായം ലഭിച്ചിരുന്നില്ല. ആശ്രമസ്ഥർ, കന്യാസ്ത്രീകൾ, അനാഥകുഞ്ഞുങ്ങൾ മുതലായവരുടെ ചെലവിലേക്ക് ആദ്യകാലത്ത് ഭിക്ഷാടനം തന്നെ വേണ്ടി വന്നു. ജാതി മത ഭേദം കൂടാതെ ധാരാളം ആളുകൾ ബഥനിക്ക് സംഭാവനകൾ നല്കി.

യാക്കോബായ സഭയും അതിൽ നിന്ന് രൂപംകൊണ്ട ഓർത്തഡോക്സ് സഭയും തമ്മിലുള്ള ഭിന്നത വർധിച്ചപ്പോൾ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുന്നതിന് ഓർത്തഡോക്സ് വിഭാഗം ആലോചന തുടങ്ങി. അപ്പോൾ ബഥനിയെ തന്റെ നിയന്ത്രണത്തിൽ കൊണ്ടു വരുന്നതിന് മലങ്കര മെത്രാപ്പോലീത്താ ആയ വടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി പരിശ്രമിച്ചു. ഇത് ആഷശ്രമാധ്യക്ഷനെ വളരെ വിഷമത്തിലാക്കി. കാരണം വട്ടശ്ശേരി തിരുമേനിയോട് അദ്ദേഹത്തിനുള്ള ആദരവ് അതിരറ്റതായിരുന്നു. അവർ തമ്മിലുള്ള സ്നേഹബന്ധത്തിന് മുപ്പതിലേറെ വർഷത്തെ പഴക്കമുണ്ട്.

www.malankaralibrary.com





അഭിവന്ദ്യ മാർ തിയോഫിലോസ് തിരുമേനി

1897-ൽ പി. ടി. ഗിവർഗീസ് മാവേലിക്കര നിന്നും കോട്ടയത്ത് ഹൈസ്കൂൾ പഠനത്തിനായി എത്തിയപ്പോൾ വട്ടശ്ശേരി ഗിവർഗീസ് മൽപ്പാൻ കോട്ടയം പഴയ സെമിനാരിയിൽ ശെമ്മാശ്ശന്മാരെ സുറിയാനി പഠിപ്പിക്കുന്ന അധ്യാപകനായിരുന്നു. മൽപ്പാന് പിതൃസഹജമായ വാത്സല്യമാണ് ഗിവർഗീസിനോട് തോന്നിയത്. അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ട് മാർ ദിവന്നാസ്യോസ് തിരുമേനിക്കും പ്രത്യേക താത്പര്യമുണ്ടായിരുന്നു. പ്രശസ്തമായ നിലയിൽ മെട്രിക്കുലേഷൻ (ഇന്നത്തെ എസ്. എസ്. എൽ. സിക്കു തുല്യം) പാസ്സായ ഗിവർഗീസിന് ശെമ്മാശപട്ടം നല്കുന്നതിനും ഉന്നത വിദ്യാഭ്യാസത്തിന് അയയ്ക്കുന്നതിനും പുലിക്കോട്ട് തിരുമേനിയെ പ്രേരിപ്പിച്ചത് വട്ടശ്ശേരിൽ മൽപ്പാനായിരുന്നു. 1907-ൽ എം. എ. ബിരുദം സമ്പാദിച്ച പി. ടി. ഗിവർഗീസ് ശെമ്മാശ്ശന് അടുത്ത വർഷം വൈദികപട്ടം നൽകിയതും വട്ടശ്ശേരിൽ മാർ ദിന്നാസ്യോസ് തിരുമേനിയാണ്. കേരളത്തിലാദ്യമായി എം. എ. ബിരുദം നേടിയ വൈദികൻ എന്ന നിലയിലാണ് ഫാ. പി. ടി. ഗിവർഗീസിന് 'എം. എ. അച്ചൻ' എന്ന പേരു ലഭിച്ചത്. വട്ടശ്ശേരി തിരുമേനിയുടെ ഏറ്റവും വലിയ വിശ്വസ്തനും സ്നേഹിതനുമായിരുന്ന എം. എ. അച്ചൻ, തിരുമേനിയെ തന്റെ പിതാവും ഗുരുവുമായി കണക്കാക്കിയിരുന്നു.


തന്റെ പിതാവും ഗുരുവുമായ വട്ടശ്ശേരിൽ തിരുമേനിയുമായി വ്യവഹാരം നടത്തിയിട്ട് ബഥനിപ്പള്ളികളോ സ്വത്തുക്കളോ കൈവശം വയ്ക്കണമെന്ന് മാർ ഈവാനിയോസ് തിരുമേനിക്ക് അല്പം പോലും ആഗ്രഹമുണ്ടായിരുന്നില്ല. എന്നാൽ കടലിലെ തിരമാലകൾ പോലെ ഒന്നിനു പിറകെ മറ്റൊന്നായി കലഹങ്ങളും വ്യവഹാരങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഒരു സഭയുടെ പക്കൽ ബഥനിയെ എല്പിച്ചുകൊടുക്കുന്നത് ബുദ്ധിശൂന്യമാണെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു പിന്നെ എന്താണൊരു മാർഗം. "നിങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ച് നിന്റെ കിരിശുമെടുത്തുകൊണ്ട്

*മുണ്ടൻമലയിലെ ആശ്രമം*



www.malankaralibrary.com





മുണ്ടൻമല ബഥനി ആശ്രമത്തിലെ ആദ്യകാല അന്തേവാസികൾ


എന്റെ പിന്നാലേ വരിക" എന്ന സ്വരം തിരുമേനിയുടെ കാതുകളിൽ മുഴങ്ങി. ബഥനിയുടെ സ്വത്തുക്കളെല്ലാം ഉപേക്ഷിക്കുവാൻ അദ്ദേഹം തയ്യാറാണ്. പക്ഷെ അത് കലഹപ്രിയന്മാരുടെ കൈയിൽ അകപ്പെടുകയോ അനാഥമാവുകയോ ചെയ്തുകൂടാ. അതിലേക്ക് തിരുമേനി ഒരു മാർഗം കണ്ടുപിടിച്ചു.- ബഥനി വക സ്വത്തുക്കളെല്ലാം ഒരു ട്രസ്റ്റിനെ എല്പിച്ച ശേഷം സകലവും ഉപേക്ഷിച്ച് കത്തോലിക്കാ സഭയിൽ ചേരുക.

ബഥനിയുടെ മൂലധനത്തിലേക്ക് നൂറും അതിലധികവും രൂപ സംഭാവന ചെയ്തിട്ടുള്ളവരുടെ ഒരു യോഗം 1930 ഫെബ്രുവരി 16-ാം തീയതി മാർ ഈവാനിയോസ് മെത്രാപ്പോലീത്താ വിളിച്ചു കൂട്ടി. ആശ്രമത്തിന്റെ അതിഥിമന്ദിരത്തിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചുകൊണ്ട് തിരുമേനി പറഞ്ഞു."നിങ്ങൾ തന്നിട്ടുള്ള സംഭാവനകൾ കൊണ്ട് സമ്പാദിച്ചിട്ടുള്ള സർവ സ്വത്തുക്കളും നിങ്ങളുടെ ഹിതം പോലെ വിനിയോഗിക്കുവാൻ തക്കവണ്ണം ഇപ്പോൾ ഇതാ നിങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്നു" തുടർന്ന് അധ്യക്ഷന്റെ അഭിപ്രായമനുസരിച്ച് ബഥനി വക സ്വത്തുക്കൾ സംരക്ഷിക്കുന്നതിനായി മൂന്ന് ട്രസ്റ്റികളും 13 ആശ്രമസ്ഥരടങ്ങിയ ഭരണസമിതിയെ യോഗം തിരഞ്ഞെടുത്തു. സമാപന പ്രസംഗത്തിൽ കത്തോലിക്കാ സഭയുമായി പുലരൈക്യപ്പെടുന്നതിന് താൻ നടത്തിക്കൊണ്ടിരിക്കുന്ന പരിശ്രമങ്ങൾ തിരുമനസ്സുകൊണ്ട് വിവരിച്ചു. ഫെബ്രുവരി 25-ാം തീയതി കുണ്ടറയിൽ ചേർന്ന ഓർത്തഡോക്സ് മെത്രാൻമാരുടെ സുന്നഹദോസ് മാർ ഈവാനിയോസ് തിരുമേനിക്ക് അയച്ചുകൊടുത്ത കല്പനയിൽ ബഥനിവകയായി മേലാൽ പള്ളികൾ വയ്ക്കുവാൻ പാടില്ലെന്ന് ആജ്ഞാപിച്ചു. ഇക്കാലത്ത് ബഥനി ആശ്രമത്തിൽ താമസിച്ചിരുന്ന പുലിക്കോട്ട് ജോസഫ് റമ്പാനും ചേപ്പാട്ട് പീലിപ്പോസ് റമ്പാനും കത്തോലിക്കാ പുനരൈക്യത്തെ അനുകൂലിക്കുന്നു എന്ന കാരണത്താൽ ഓർത്തഡോക്സ് സഭയിലെ മോറാൻ മോർ ബസേലിയോസ് ഗിവർഗീസ് രണ്ടാമൻ അവർക്കു നേരെ മുടക്കുഭീഷണി മുഴക്കി. റമ്പാന്മാർ ആ ഭീഷണിക്കു വഴങ്ങിയില്ലെന്നു മാത്രമല്ല. യാക്കോബായ - ഓർത്തഡോക്സ് സഭകളുടെ

www.malankaralibrary.com



ദയനീയമായ സ്ഥിതി വിവരിച്ചുകൊണ്ട് 'മലങ്കരസഭയുടെ കുഴൽക്കണ്ണാടി' എന്നൊരു ഗ്രന്ഥം രചിക്കുക കൂടി ചെയ്തു.



അഭിവന്ദ്യ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദിവാന്നാസിയോസ് തിരുമേനി

ഈ അവസരത്തിൽ കത്തോലിക്കാ പുനരൈക്യത്തിന് ഇനി ഒട്ടും താമസിക്കരുതെന്ന് നിർബന്ധപൂർവം അഭ്യർഥിക്കുന്ന ധാരാളം കത്തുകൾ മാർ ഈവാനിയോസ് തിരുമേനിക്ക് കിട്ടിക്കൊണ്ടിരുന്നു. നേരത്തെ (1926-ൽ) കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട ഫാദർ ഗിവർഗീസ് പീടികയിൽ ഇങ്ങനെ എഴുതി. "ഇനിയും ഒരു നിമിഷം പോലും താമസിക്കാതെ ധൈര്യത്തോടു കൂടിയും പ്രഭാതസൂര്യനെപ്പോലെ സന്തോഷത്തോടുകൂടിയും തിരുസഭാമാതാവിന്റെ വീരസന്താനങ്ങളിൽ അല്ല അതിന്റെ അധ്യക്ഷന്മാരിലൊരുവനായിത്തീർന്ന് ദാഹത്തോടുകൂടി കാത്തിരിക്കുന്ന ഞങ്ങളെ അനുഗ്രഹിച്ചാലും."

അല്പം കാലതാമസമുണ്ടായാലും ഓർത്തഡോക്സ് സഭയിലെ വൈദികരുടെയും അൽമേനികളുടെയും ഇടയിൽകൂടി പ്രചാരണം നടത്തി ഒരു നല്ല സംഖ്യ ജനങ്ങളോടു കൂടി കത്തോലിക്കാ പുനരൈക്യം പ്രാപിക്കുന്നതല്ലേ നല്ലത് എന്നായിരുന്നു മാർ ഈവാനിയോസ് തിരുമേനിയുടെ ചിന്ത. കൊല്ലം മെത്രാൻ ഡോക്ടർ ബൻസിഗർ തിരുമേനിയെ അദ്ദേഹം ഇക്കാര്യം അറിയിക്കുകയും ചെയ്തിരുന്നു. ഇതിന് ബൻസിഗർ തിരുമേനിയുടെ മറുപടി ഇപ്രകാരമായിരുന്നു. "ആകയാൽ തിരുമേനിയോട് എനിക്കുള്ള അഭ്യർഥന ആശ്രമസ്ഥരൊന്നിച്ച് ഉടൻതന്നെ ബഥനി മലയിൽ നിന്നും ഇറങ്ങി കത്തോലിക്കാ സഭയെ ആശ്ലേഷിക്കണമെന്നാണ്. അതിനുശേഷം മറ്റുള്ള അകത്തോലിക്കാ സഹോദരങ്ങളെ എല്ലാം കത്തോലിക്കാസഭയിലേക്ക് കൊണ്ടുവരുന്നതിന് ദൈവകൃപയാൽ വന്ദ്യതിരുമേനിക്ക് സാധിക്കുമെന്ന് ഞാൻ സുദൃഢം വിശ്വസിക്കുന്നു."

ഈ കത്തിലെ താല്പര്യമനുസരിച്ച് 1930 ആഗസ്റ്റ് 19-ാം തീയതി സന്ധ്യനമസ്കാരത്തിനു ശേഷം ആശ്രമാധ്യക്ഷൻ സുപ്രധാനമായ ഒരു പ്രഖ്യാപനം നടത്തി. "ഈ ബഥനിമലയിൽ നിന്നും നാളെ രാവിലെ തന്നെ ഇറ

www.malankaralibrary.com



ങ്ങുവാൻ നാമും മാർ തെയോഫിലോസും കൂടെ നിശ്ചയിച്ചുകഴിഞ്ഞു എന്ന വിവരം നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ഞങ്ങളോടു കൂടെ ഇവിടെ നിന്നും ഇറങ്ങി കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുന്നതിന് സന്ന ദ്ധതയുള്ളവർ വിവരം ഈ രാത്രി 12 മണിക്കു മുമ്പ് നമ്മെ അറിയിക്ക ണം. ഞങ്ങളോടൊന്നിച്ച് വരുന്നതിനോ വരാതിരിക്കുന്നതിനോ ഉള്ള പൂർണ സ്വാതന്ത്ര്യം ആശ്രമസ്ഥരായ നിങ്ങൾക്ക് ആശ്രമാധ്യക്ഷനായ നാം നല്കുന്നു. രാത്രി 12 മണിവരെ ഈ ചാപ്പലിൽ നാം ഉണ്ടായിരിക്കുന്ന താണ്."

അവിചാരിതമായ ഈ പ്രഖ്യാപനം കേട്ട ആശ്രമസ്ഥർ അത്ഭുതസ്ത ബ്ധരായി. അവരുടെ മുഖത്ത് സന്തോഷവും സന്താപവും മാറി മാറി പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നു. ഈ തീരുമാനത്തിൽ എതിർപ്പ് പ്രകടിപ്പി ച്ചുകൊണ്ട് പിറുപിറുക്കുന്ന ചുരുക്കം ചിലരും ഉണ്ടായിരുന്നു. ഓരോരു ത്തരായി അഭിവന്ദ്യ തിരുമേനിയുടെ മുമ്പിൽ മുട്ടുകുത്തി. പിറ്റേ ദിവസം ബഥനിമലയിൽ നിന്നും ഇറങ്ങുന്നതിന് സമ്മതമാണെന്ന് അറിയിച്ചു. ഏറ്റവും ഒടുവിൽ കൃത്യം 11.45 നാണ് അലക്സാണ്ടർ ശെമ്മാശ്ശൻ (റവ. ഫാ. സെറാഫിയോൻ) സമ്മതം അറിയിച്ചത്. 12 മണി കഴിഞ്ഞിട്ടും സമ്മതം അറിയിക്കാഞ്ഞ പ്രധാനപ്പെട്ട ഒരാളുണ്ടായിരുന്നു- ഫാ. അല ക്സിയോസ്. അദ്ദേഹം വട്ടശ്ശേരിൽ തിരുമേനിയുടെയും മറ്റും പ്രേര ണയ്ക്ക് വശംവദനായി ആശ്രമത്തിൽ എതിർപ്രചരണം നടത്തിവരിക യായിരുന്നു. പക്ഷെ രണ്ടു മൂന്നു സാധുക്കളെ (വൈദികരല്ലാത്തവർ) മാത്രമേ അദ്ദേഹത്തിന് കൂട്ടിന് ലഭിച്ചുള്ളു.

നേരം പുലർന്നു. മാർ ഈവാനിയെസ് തിരുമേനിയും അനുയായികളും ബഥനി മലയോട് യാത്രപറയുകയാണ്. "ആശ്രമസ്ഥരുടെ നിത്യോപയോ ഗത്തിനുള്ള സാധനങ്ങൾ മാത്രം എടുത്താൽ മതി. മറ്റുള്ളതൊക്കെ ഇവിടെ കിടന്നുകൊള്ളട്ടെ." തിരുമേനി കല്പിച്ചു. അനന്തരം എല്ലാവരും കൂടി ചാപ്പലിൽ പോയി പ്രാർഥിച്ചു. കഴിഞ്ഞ പത്തുപതിനൊന്ന് വർഷം കൊണ്ട് തങ്ങൾ ചോരയും നീരും നല്കി വളർത്തിയെടുത്ത ബഥനി വിട്ടി റങ്ങുന്നതിൽ ചിലർക്ക് അസഹ്യമായ വേദന. മറ്റു ചിലർക്ക് തങ്ങളുടെ സഹോദരനായ ഫാ. അലക്സിയോസ് (പിന്നെ ഓർത്തഡോക്സ് സഭ യിലെ മാർ ഈവാനിയോസ് തിരുമേനി) കൂടെ വരാത്തതിലുള്ള ദുഃഖം. അതിയായ മനോവേദന മൂലം കിടപ്പിലായ ഫാ. അലക്സിയോസിന്റെ അടുത്തേയ്ക്ക് അവസാനയാത്ര പറയുന്നതിനായി എല്ലാവരും ചെന്നു. ആരൊക്കയോ അച്ചന്റെ കൈയും കാലും തിരുമ്മിക്കൊടുത്തു. വേറെ ചിലർ വീശി ആശ്വസിപ്പിച്ചു. തിരുമേനി അദ്ദേഹത്തിന്റെ തലയ്ക്കു പിടിച്ച്

www.malankaralibrary.com



പ്രാർഥിച്ചു. പിന്നീട് തന്റെ കൈയിൽ കിടന്ന വാച്ച് അഴിച്ച് അച്ചനു കൊടുത്തു കൊണ്ട് പറഞ്ഞു. "ഇതാ എന്റെ അവസാനത്തെ സമ്മാനം ഞങ്ങൾ പോകുന്നു." ഫാ. അലക്സിയോസിന് പൂർണ സുഖം പ്രാപിക്കുന്നതുവരെ അദ്ദേഹത്തെ ശുശ്രൂഷിക്കുവാൻ ഫാ. ജോഷ്വായെ അവിടെ നിർത്തിയശേഷം എല്ലാവരും ഇറങ്ങി. "നമ്മൾ ഇവിടെ ഒന്നുമില്ലാത്തവരായി വന്നു. ഇപ്പോൾ ഇതാ ഒന്നും ഇല്ലാത്തവരായി ഇറങ്ങിപ്പോകാം." തിരുമേനി ഗദ്ഗദത്തോടെ പറഞ്ഞു.

---

No.

The Orthadox syrian Church of Malabar

മലങ്കരസ്തുതി ചൊവ്വാകപ്പെട്ട സുറിയാനി സഭ

ഇന്ത്യയിലെ ബഥനിയുടെ ഗിവർഗീസ് മാർ ഈവാനിയോസ് എപ്പിസ്കോപ്പാ തിരുമേനിക്ക്, അവിടത്തെ പ്രാർഥന ഞങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

അവിടെ നിന്നും അയച്ച സാധനം കിട്ടി. 17-ാം തീയതി പുതിയപള്ളിയിൽ കുർബാന ചൊല്ലി വല്യപള്ളിയുടെ പണി നടക്കുമോ എന്നു നമുക്കു വളരെ സംശയമാണ്. രൂപ കുറെ ഏറെ വേണം ദൈവ ഇഷ്ടം പോലെ നടക്കട്ടെ. പഴയ സഭയോട് ഏതിനോടെങ്കിലും ഒരു യോഗ്യത വേണമെന്നു കാതോലിക്കാ ബാവയുടെ കൽപ്പനയിലും കണ്ടു. അതു കൊള്ളാമെന്നാണു എന്റെയും അഭിപ്രായം. ഏതാണെന്നു നിങ്ങൾ എല്ലാവരുംകൂടെ തെരെഞ്ഞെടുക്കുന്നതു ഞാനും സമ്മതിച്ചു കൊള്ളാം. ഇവിടെ വിശേഷം ഒന്നും ഇല്ല. പണം തരാമെന്നു പറഞ്ഞതു ശേഷം കൂടെ തന്നാൽ കൊള്ളാം.

എന്ന് 1926-നു ചിങ്ങം 15-ാം തീയതി

കുണ്ടറ അരമനയിൽ നിന്നും

ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ (ഒപ്പ്)

www.malankaralibrary.com

അധ്യായം മൂന്ന്

# പുനരൈക്യം

“പിതാവേ, നാം എങ്ങോട്ടാണ് പോകുന്നത്?”, അനുയായികളിൽ ഒരാൾ ആദരപൂർവം ചോദിച്ചു.

“മകനേ, അതൊക്കെ ദൈവം നോക്കിക്കൊള്ളും.” തിരുമേനി ആത്മ വിശ്വാസത്തോടെ മറുപടി നല്കി.

തീർഥാടക സംഘം പതുക്കെപ്പതുക്കെ മുന്നോട്ടു നീങ്ങി. പുണ്യ നദിയായ പമ്പയുടെ തീരത്തെത്തി. അവിടെ നേരത്തെ ഏർപ്പാടു ചെയ്തി രുന്ന വള്ളങ്ങളിൽ സാധനങ്ങൾ കയറ്റിയശേഷം തിരുമേനിമാരും ആശ്ര മസ്ഥരും അനാഥകുഞ്ഞുങ്ങളും കയറി. തലേ ദിവസം വെണ്ണിക്കുളത്തു നിന്നും ബഥനിയിൽ എത്തിയ മേടയിൽ പാപ്പി, ചുരുളകുഴിയിൽ സ്കറിയ എന്നിവരും വള്ളത്തിൽ സ്ഥാനം പിടിച്ചു. വള്ളം വടശ്ശേരിക്കരയിലെത്തി യപ്പോൾ തിരുമനസ്സിലെ ഉറ്റ മിത്രമായ പനച്ചിമൂട്ടിൽ മാണി സാമാന്യം ഒരു വലിയ കെട്ടുവള്ളവുമായി അവിടെ കാത്തുനിൽപുണ്ടായിരുന്നു. പിന്നീടുള്ള യാത്ര ആ വള്ളത്തിലായിരുന്നു. കോഴഞ്ചേരി വഴി തിരുവ ല്ലയ്ക്കു പോകാനാണ് അവർ ഉദ്ദേശിച്ചത്. എന്നാൽ തിരുവല്ലയിലെ ക്രൈസ്തവർ ഈ പ്രസ്ഥാനത്തോട് വേണ്ട വിധം സഹകരിക്കുമോ എന്ന സംശയം ഉണ്ടായി. വെണ്ണിക്കുളത്തു ക്രൈസ്തവരും അക്രൈസ്തവരും എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കുമെന്ന് ആരോ അഭിപ്രായ പ്പെട്ടു. വള്ളത്തിലുണ്ടായിരുന്ന മേടയിൽ പാപ്പിയും ചുരുളകുഴിയിൽ സ്കറിയയും ഇത് ശരിവച്ചു. ആശ്രമാധ്യക്ഷനും അനുയായികളും ആ അഭിപ്രായത്തോട് യോജിക്കുകയും ചെയ്തു. അതിനാൽ എല്ലാവരും റാന്നിയിൽ നിന്നും ബസ്സിൽ കയറി വെണ്ണിക്കുളത്തെത്തി. സമയം സന്ധ്യ യായി. അന്നു രാത്രി എല്ലാവരും അവിടത്തെ മേമല പ്രൈമറി സ്കൂളി ലാണ് കഴിച്ചുകൂട്ടിയത്. പിറ്റേന്ന് നേരം വെളുത്തപ്പോഴേയ്ക്കും ജാതി മതഭേദം കൂടാതെ ധാരാളം ആളുകൾ അവിടെ തടിച്ചു കൂടി. എന്തു സഹാ യവും ചെയ്യുവാൻ അവർ സന്നദ്ധരായിരുന്നു. കാഞ്ഞിരത്തും

www.malankaralibrary.com



മൂട്ടിൽ കുട്ടി എന്ന മാന്യൻ സ്വന്തം വീട് ആശ്രമസ്ഥർക്കു വേണ്ടി ഒഴിഞ്ഞു കൊടുത്തു. ആശ്രമാധ്യക്ഷൻ ഒഴികെയുള്ളവരെല്ലാം അവിടെ താമസമാക്കി. തിരുമേനി തിരുമൂലപുരത്തു താമസിച്ചുകൊണ്ട് ഇടയ്ക്കിടെ വെണ്ണിക്കുളത്തു വന്ന് ആശ്രമസ്ഥരുടെ കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടിരുന്നു.

മാർ ഈവാനിയോസ് തിരുമേനിക്കും അനുയായികൾക്കും മേലാൽ യാതൊരു വിധ സഹായവും നൽകിപോകരുതെന്ന് മലങ്കര മെത്രാപ്പോലീത്ത ആയ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനി എല്ലാ ഓർത്തഡോക്സ് പള്ളികൾക്കും കല്പന അയച്ചു. ബഥനിക്കാരായ സന്യാസിമാരും സന്യാസിനിമാരുമൊക്കെ പട്ടിണി കിടന്നു വലയേണ്ടി വരുമെന്ന് എല്ലാവരും വിചാരിച്ചു. എന്നാൽ അത്ഭുതകരമെന്നു പറയട്ടെ ഒരു ദിവസം പോലും അവരിലാർക്കും പട്ടിണി കിടക്കേണ്ടി വന്നിട്ടില്ല. ധാരാളം പേർ സഹായങ്ങളുമായി എത്തി. കലേക്കാട്ടിൽ തോമസ് കത്തനാരാണ് ഇവരിൽ പ്രധാനി.

"പിതാവേ, വട്ടശ്ശേരിൽ മെത്രാച്ചന്റെ ഭീഷണിപ്പെടുത്തൽ കൊണ്ട് ഒട്ടും വിഷമിക്കേണ്ട. ആശ്രമത്തിലോ മഠത്തിലോ അരിയോ സാമാനങ്ങളോ ഇല്ലാതെ വരുമ്പോൾ ഒരു കാളവണ്ടി വീട്ടിലേക്ക് അയച്ചാൽ മതി. ആവശ്യമുള്ളതെല്ലാം ഞാൻ കൊടുത്തയയ്ക്കാം. അതുപോലെ പണത്തിനു ബുദ്ധിമുട്ടു വരുമ്പോൾ അറിയിച്ചാൽ മതി. എത്ര രൂപവേണമെങ്കിലും ബാങ്കിൽ നിന്നും കൊടുത്തയ്ക്കാം. പിതാവ് യാതൊന്നുകൊണ്ടും വിഷമിക്കരുത്", കാലേക്കാട്ടിലച്ചൻ തിരുമേനിയെ അറിയിച്ചു.

ഇങ്ങനെ ഒട്ടേറെപേരുടെ നിസ്വാർഥമായ സഹായസഹകരണങ്ങൾ കൊണ്ട് ആശ്രമസ്ഥർ ഒരുവിധം ബുദ്ധിമുട്ടില്ലാതെ വെണ്ണിക്കുളത്ത് കഴിഞ്ഞു കൂടി. എന്നാൽ വന്ദ്യ തിരുമേനിമാരും സന്യാസിമാരും പെരുനാട്ടിലെ ബഥനി ആശ്രമം വിടുകയും ചെയ്തു. കത്തോലിക്കാ പുനരൈക്യം പ്രാപിച്ചുമില്ല എന്ന നിലയിൽ 'ത്രിശങ്കുസ്വർഗ്ഗ'ത്തിലാണ് കഴിച്ചുകൂട്ടിയത്. പുനരൈക്യത്തിനുള്ള ഔദ്യോഗികാംഗീകാരം റോമിൽ നിന്നും ലഭിക്കുന്നതിനും വേണ്ടി ഒരു മാസത്തോളം അവർ കാത്തിരിക്കേണ്ടി വന്നു.

ക്രിസ്തുവർഷം 1653-ൽ പോർട്ടുഗീസുകാരുമായുണ്ടായ അഭിപ്രായ വ്യത്യാസം മൂലം കൂനൻകുരിശു സത്യം നടത്തി കത്തോലിക്കാസഭയിൽ നിന്നും വേർപിരിഞ്ഞ പുത്തൻ കൂറ്റുകാരുടെ പ്രഥമ മെത്രാനായ ഒന്നാം മാർത്തോമ്മാ മുതൽ വട്ടശ്ശേരിൽ മാർ ദിവാന്നസ്യോസ് വരെയുള്ള സഭാമേലധ്യക്ഷന്മാരിൽ പലരും കത്തോലിക്കാ സഭയിലേക്ക് തിരിയെ വരുന്നതിന് ഓരോരോ അവസരത്തിൽ ആലോചിച്ചിരുന്നു. ഇതു സംബന്ധിച്ച്

www.malankaralibrary.com





*1930–ൽ മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം പുനരൈക്യപ്പെട്ടവർ*

റോമുമായി പല എഴുത്തുകുത്തുകളും നടന്നിട്ടുണ്ടെങ്കിലും ഒന്നും ഫലവത്തായിത്തീർന്നില്ല. എന്നാൽ 1926 നവംബർ ഒന്നാം തീയതി തിരുവല്ലയിലെ പരുമലയിൽ ചേർന്ന ഓർത്തഡോക്സ് മെത്രാന്മാരുടെ സുന്നഹദോസിന്റെ നിർദ്ദേശപ്രകാരം മാർ ഈവാനിയോസ് തിരുമേനി നടത്തിയ പുനരൈക്യശ്രമം വിജയ മകുടം ചൂടുക തന്നെ ചെയ്തു. വട്ടശ്ശേരിൽ തിരുമേനി വിളിച്ചുകൂട്ടിയ പ്രസ്തുത സുന്നഹദോസിൽ മോറാൻ മാർ ബസേലിയോസ് കാതോലിക്കാബാവായും (വാകത്താനം) കുണ്ടറ മെത്രാൻ മാർ ഗ്രിഗോറിയോസ് തിരുമേനിയും ബഥനി മെത്രാൻ മാർ ഈവാനിയോസ് തിരുമേനിയുമാണ് സംബന്ധിച്ചിരുന്നത്. കത്തോലിക്കാ ബാവ അധ്യക്ഷനും മാർ ഈവാനിയോസ് തിരുമേനി സെക്രട്ടറിയുമായിരുന്നു. വ്യവഹാര സംബന്ധമായ കാരണങ്ങളാൽ വട്ടശ്ശരിൽ തിരുമേനി യോഗത്തിൽ സംബന്ധിച്ചില്ല. കത്തോലിക്കാ പുനരൈക്യത്തിനു വേണ്ടി എഴുത്തുകുത്തു നടത്തുവാൻ സുന്നഹദോസ് ബഥനി മെത്രാനെ ചുമതലപ്പെടുത്തി. ഇതനുസരിച്ച് അന്ത്യോക്യയിലെ കത്തോലിക്കാ പാത്രിയർക്കിസിന് (റഹമാനി) അയയ്ക്കുന്നതിനായി തയ്യാറാക്കിയ കത്തിന്റെ അസ്സൽ എഴുതിയത് കാതോലിക്കാബാവാ (വാകത്താനം) യുടെ കൈപ്പടയിലാണ്. തുടർന്ന് റഹമാനി പാത്രിയർക്കിസുമായി മാർ ഈവാനിയോസ് തിരുമേനി എഴുത്തുകുത്തു നടത്തിക്കൊണ്ടിരുന്നു. അകത്തോലിക്കരുടെ പുനരൈക്യത്തെ സർവാത്മനാ സ്വാഗതം ചെയ്യുന്നവയായിരുന്നു കത്തോലിക്കാ പാത്രിയർക്കീസിന്റെ കത്തുകൾ. എന്നാൽ പാത്രയർക്കീസ് മുഖേനയുള്ള പുനരൈക്യത്തേക്കാൾ നല്ലത് മാർപ്പാപ്പയുമായി നേരിട്ടുള്ള പുനരൈക്യമാണെന്ന് മാർ ഈവാനിയോസ് തിരുമേനിക്ക് മനസ്സിലായി. അതിനാൽ തുടർന്നുള്ള എഴുത്തുകുത്തുകൾ റോമുമായി നേരിട്ടാണ് നടത്തിയത്.

റോമിലേക്കുള്ള ആദ്യത്തെ കത്ത് 1926 നവംബറിൽ മാവേലിക്കര സ്വദേശിയായ ഫാദർ റിബേരോ എന്ന കത്തോലിക്കാ വൈദികൻ മുഖേന അയച്ചു. അതിന് റോമിൽ നിന്നും വന്ന മറുപടിയിൽ കേരളത്തിലെ ഓർത്തഡോക്സ് സഭയിലെ മേൽപ്പട്ടക്കാർക്ക് ശരിയായ കൈവയ്പ് ലഭിച്ചിട്ടുണ്ടോ എന്നും കത്തോലിക്കാസഭ സ്വീകരിച്ചിരിക്കുന്ന വിശ്വാസത്തിനും സൻമാർഗോപദേശത്തിനും വിപരീതമായി വല്ലതും ആ സഭയിൽ ഉണ്ടോ എന്നുമായിരുന്നു പ്രധാന അന്വേഷണം. അതിന് മാർ ഈവാനിയോസ്


www.malankaralibrary.com



തിരുമേനി നൽകിയ മറുപടിയിൽ തത്സമയത്ത് ഓർത്തഡോക്സ് സഭയിലുള്ള സകല മെത്രാന്മാരും ശരിയായ കൈവയ്പ് ലഭിച്ചിട്ടുള്ളവരാണെന്നും കേരളത്തിലെ ഓർത്തഡോക്സ് സഭയിൽ കത്തോലിക്കാ വിശ്വാസത്തിലും സൻമാർഗോപദേശത്തിലും വിപരീതമായ യാതൊന്നുമില്ലെന്നും വ്യക്തമാക്കി. ഇതര മെത്രാന്മാർ വിസമ്മതിച്ചാൽ പോലും താൻ പുനരൈക്യപ്പെടുന്നതാണെന്ന് മാർ ഈവാനിയോസ് തിരുമേനി റോമിന് ഉറപ്പു നല്കി. 1927 ജനുവരി മാസത്തിൽ റോമിലേക്കയച്ച മറ്റൊരു കത്തിൽ മലങ്കര യാക്കോബായ സഭയെ സംബന്ധിച്ച വിശദവിവരങ്ങൾ ഉണ്ടായിരുന്നു. മലങ്കര സുറിയാനി റീത്തും വൈദികസംസ്ഥാനവും (ഹയരാർക്കി) അനുവദിച്ചുകിട്ടണമെന്ന് തിരുമേനി അഭിലഷിച്ചു. ഇക്കാര്യം സാധിച്ചു കിട്ടുന്നതിനായി മാർപ്പാപ്പായുടെ ഇന്ത്യയിലെ പ്രതിനിധി, കൊല്ലം മെത്രാൻ ഡോ. അലോഷ്യസ് ബൻസിഗർ, മാവേലിക്കര സ്വദേശി റവ. ഫാ. റിബറോ എന്നിവർക്ക് അദ്ദേഹം കത്തുകൾ അയച്ചു. എങ്കിലും നാലു വർഷത്തെ അന്വേഷണത്തിനും പര്യാലോചനയ്ക്കും ശേഷമാണ് റോം ഇക്കാര്യത്തിൽ അവസാന തീരുമാനമെടുത്തത്. 1930 ജൂലൈ നാലാം തീയതി റോമിൽ സമ്മേളിച്ച 'പൗരസ്ത്യസഭാ തിരുസംഘം' മലങ്കര സിറിയാനി റീത്തിലുള്ള അനുവാദവും പുനരൈക്യ പ്രസ്ഥാനത്തിലുള്ള അനുമതിയും നല്കി. ഈ അനുമതിപത്രം മാർപ്പാപ്പായുടെ ഇന്ത്യയിലെ പ്രതിനിധി മുഖേന ആഗസ്റ്റ് 30-ാം തീയതി മാർ ഈവാനിയോസ് തിരുമേനിക്ക് ലഭിച്ചത്. യേശുക്രിസ്തുവിനാൽ സ്ഥാപിതമായ സഭയിൽ മലങ്കരയുടെ മനോഹരമായ ആരാധാനക്രമം അംഗീകരിച്ചുകൊണ്ടുള്ള ഒരു പുതിയ റീത്ത് അനുവദിക്കപ്പെട്ടതിൽ തിരുമേനി അത്യധികം സന്തുഷ്ടനായി. തന്റെ ചിരകാല പരിശ്രമം അങ്ങനെ സഫലമായല്ലോ എന്ന് അദ്ദേഹം സന്തോഷിച്ചു. ഇനി പുനരൈക്യത്തിനുള്ള സത്വരനടപടികൾ സ്വീകരിക്കുകതന്നെ എന്ന് തിരുമേനി തീരുമാനിച്ചു. ബഥനിയുടെ സഹായ മെത്രാനായ മാർ തിയോഫിലോസ് തിരുമേനി പുനരൈക്യപ്പെടുന്നതിന് നേരത്തെതന്നെ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ഈ വിവരങ്ങളെല്ലാം മാർ ഈവാനിയെസ് തിരുമേനി കൊല്ലം ബിഷപ്പിനെ ധരിപ്പിച്ചു. തന്റെ ജന്മവാർഷികവും ദൈവമാതാവിന്റെ ജനനപ്പെരുന്നാളും ഒത്തുവരുന്ന കന്നി എട്ടാം തീയതി (1930 സെപ്റ്റംബർ 21) കത്തോലിക്കാസഭാംഗമെന്ന നിലയിൽ ആദ്യകുർബാന ചൊല്ലണമെന്നായിരുന്നു തിരുമേനിയുടെ ആഗ്രഹം. അതിനാൽ തന്നെയും കൂടെ ഉള്ളവരെയും സെപ്റ്റംബർ 20-ാം തീയതി കത്തോലിക്കാ സഭയിൽ ചേർക്കണമെന്ന് അദ്ദേഹം കൊല്ലം ബിഷപ്പ് ബൻസിഗർ തിരുമേനിയോട് അപേക്ഷിച്ചു. ബൻസിഗർ തിരു

www.malankaralibrary.com





ദൈവദാസൻ
ആർച്ചുബിഷപ്പ് ബൻസിഗർ തിരുമേനി

മേനി ആ അഭ്യർഥന സന്തോഷപൂർവം സ്വീകരിച്ചു.

ബൻസിഗർ തിരുമേനിയെ സന്ദർശിച്ചശേഷം മാർ ഈവാനിയോസ് തിരുമേനി തിരുവല്ലാ തിരുമൂലപുരം ആശ്രമത്തിലെത്തിയപ്പോൾ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും അവിടെ എത്തിയിട്ടുണ്ട്. ഏതുവിധേനയും ബഥനി മെത്രാപ്പോലീത്തായെ കത്തോലിക്കാ പുനരൈക്യത്തിൽ നിന്നും പിൻതിരിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ആഗമനോദ്ദേശ്യം. എങ്കിലും തന്റെ പിതാവും ഗുരുവുമായ വല്യതിരുമേനിയോട് അത്യന്തം ആദരവോടും സ്നേഹത്തോടും കൂടിയാണ് മാർ ഈവാനിയോസ് തിരുമേനി പെരുമാറിയത്. അദ്ദേഹം വല്യ തിരുമേനിയുടെ പാദം മുത്തി ദൂരെമാറി മുട്ടിന്മേൽ ഇരുന്നുകൊണ്ട് പഞ്ചപുച്ഛമടക്കി തൊഴുതു പിടിച്ച് ഇങ്ങനെ പറഞ്ഞു.

"ഞാൻ ഏതെങ്കിലും തരത്തിൽ അവിടെത്തെ വേദനപ്പെടുത്തിയിട്ടുണ്ടെങ്കിൽ ദൈവത്തെ ഓർത്ത് അതെല്ലാം എന്നോട് ക്ഷമിക്കണം. എന്നെ അനുഗ്രഹിക്കണം. ഞാൻ ദൈവത്തിന്റെ കല്പനയാണോ മനുഷ്യരുടെ ഇഷ്ടമാണോ ചെയ്യേണ്ടത്?"


"അവിടുന്ന് റോമായിൽ ചേരുവാൻ നിശ്ചയിച്ചുവോ?"

"അതേ, റോമാസഭയുമായി പുനരൈക്യപ്പെടുവാൻ നാം നിശ്ചയിച്ചു കഴിഞ്ഞു."

ആ സംഭാഷണം വളരെ നീണ്ടു. കത്തോലിക്കാ സഭയിൽ ചേരണമെന്നുള്ള മാർ ഈവാനിയോസ് തിരുമേനിയുടെ ആഗ്രഹം അദ്ദേഹത്തിന്റെ മനോബോധ്യത്തിന്റെ ഫലമാണെന്ന് വട്ടശ്ശേരിൽ തിരുമേനിക്ക് ബോധ്യപ്പെട്ടു. അദ്ദേഹം അത്താഴമൂണു കഴിഞ്ഞ് രാത്രിയിൽ അവിടെ കിടന്നു. പിറ്റേന്ന് രാവിലെ മാർ ഈവാനിയോസ് തിരുമേനി വിശുദ്ധകുർബാന ചൊല്ലുവാൻ ചാപ്പലിൽ പ്രവേശിച്ചപ്പോൾ വട്ടശ്ശേരിൽ തിരുമേനി യാത്ര പറയുവാൻ അവിടെ എത്തി. അവർ പരസ്പരം ചുംബിച്ച് യാത്ര പറ

www.malankaralibrary.com





വന്ദ്യ ദിവ്യശ്രീ ചേപ്പാട്ട്
പീലിപ്പോസ് റമ്പാൻ

ഞ്ഞു. വട്ടശ്ശേരിൽ തിരുമേനി പുറത്തിറങ്ങാനായി തിരിഞ്ഞപ്പോൾ മാർ ഈവാനിയോസ് തിരുമേനി പിന്നാലെ ചെന്ന് പുറത്ത് കെട്ടിപ്പിടിച്ച് വീണ്ടും ഉമ്മ വച്ചു.


1930 സെപ്റ്റംബർ 18-ാം തീയതി രാവിലെ തിരുവല്ലയിൽ നിന്നും മാർ ഈവാനിയോസ് തിരുമേനിയും മറ്റും പുനരൈക്യപ്പെടുവാനായി കൊല്ലത്തേക്ക് തിരിച്ചു. മാർ തിയോഫിലോസ് എപ്പിസ്കോപ്പായും ബഥനി ആശ്രമസ്ഥരായ ഓമല്ലൂർ കുഴിനാപ്പുറത്ത് ജോൺ അച്ചനും വെൺമണി ചെറിയാലുംമൂട്ടിൽ അലക്സാണ്ടർ ശെമ്മാശനും തിരുമേനിയോടൊപ്പം കാറിലുണ്ടായിരുന്നു. യാത്ര പുറപ്പെടാൻ തുടങ്ങുമ്പോൾ മാനേജർ കിളിയിലേത്ത് ചാക്കോ ഓടിക്കിതച്ചെത്തി. അവരോടൊപ്പം കാറിൽ കയറി പോകുന്ന വഴിക്ക് അവർ നങ്ങ്യാർകുളത്ത് ചേപ്പാട് പിലിപ്പോസ് റമ്പാന്റെ വാസസ്ഥലത്തു ചെന്നു. റമ്പാച്ചനെക്കൂടെ കൊണ്ടു പോകുന്നതിനു വേണ്ടിയാണ് അവർ കയറിയത്.

"പുലിക്കോട്ട് റമ്പാച്ചൻ വെള്ളിക്കുളത്താണല്ലോ. അദ്ദേഹത്തെക്കൂടാതെ ഞാൻ തനിച്ചുചേർന്നാൽ അദ്ദേഹത്തിനെന്തുതോന്നും? ഞങ്ങൾ രണ്ടുപേരും കൂടി ഒരുമിച്ചു ചേരാം. നിങ്ങൾ കൊല്ലത്തുപോയി കത്തോലിക്കാസഭയിൽ ചേർന്നിട്ട് വെണ്ണിക്കുളത്ത് എത്തുമ്പോഴേക്കും ഞാനും അവിടെ വരാം. അവിടെ വച്ച് നിങ്ങളുടെ അടുക്കൽ സത്യപ്രതിജ്ഞ നടത്തി ചേർന്നാൽ മതിയല്ലോ?" ചേപ്പാട്ട് റമ്പാച്ചന്റെ ഈ അഭിപ്രായം തിരുമേനിമാർ അംഗീകരിച്ചു. അവർ കൊല്ലത്ത് അരമനയിലെത്തി രണ്ടു ദിവസം ധ്യാനം നടത്തി. സെംപ്റ്റംബർ 20-ാം തീയതി ശനിയാഴ്ച രാവിലെ ഏഴുമണിക്ക് മാർ ഈവാനിയോസ് തിരുമേനിയും കൂടെ ഉണ്ടായിരുന്ന നാലുപേരും ബൻസിഗർ തിരുമേനിയുടെ മുന്നിൽ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാസഭയിൽ ചേർന്നു. കത്തോലിക്കാ സഭയിൽ നിന്നും തെറ്റിപ്പിരിയാനിടയായ ചിലർ 1653-ൽ മട്ടാഞ്ചേരി കൂനൻ കുരിശിൽ കെട്ടിയ കയർ ചരിത്രപ്രധാനമായ ഈ പുനരൈക്യത്തോടെ പൊട്ടിപ്പോയി. ഇതേപ്പറ്റി മാർ ഈവാനിയോസ് തിരുമേനി പ്രസ്താവിച്ചത് ഇങ്ങനെയാണ്; "നാമല്ല, പിന്നെയോ അനേകായിരങ്ങളുടെ കണ്ണുനീർത്തുള്ളികളാണ് കൂനൻകുരിശു കയറിനെ പൊട്ടിച്ചത്."

പുനരൈക്യത്തിനു ശേഷം 21-ാം തീയതി രാവിലെ മാർ ഈവാനിയോസ് തിരുമേനി കൊല്ലത്തെ അരമന പള്ളിയിൽ വിശുദ്ധകുർബാന


www.malankaralibrary.com





വന്ദ്യ ദിവ്യശ്രീ പുലിക്കോട്ട് ജോസഫ് റമ്പാൻ

അർപ്പിച്ചു. ഒരു നല്ല ജനക്കൂട്ടം അതിൽ സംബന്ധിച്ചിരുന്നു. കുർബാനയുടെ പരസ്യപ്രാർഥനകൾ മലയാളത്തിൽ ചൊല്ലുന്നതു കേട്ടപ്പോൾ ലത്തീൻ വിഭാഗക്കാരനായ ബൻസിഗർ തിരുമേനിക്ക് ഒരു സംശയം-ഇത് അനുവദനീയമാണോ? ഇവർ സുറിയാനിക്കാരാണെന്നു പറയുന്നു. പക്ഷേ കുർബാന ചൊല്ലുന്നത് മലയാളത്തിൽ ബൻസിഗർ തിരുമേനി ഈ സംശയം റോമിൽ അറിയിച്ചു. മറുപടി ഉടനെ വന്നു; "അവർ എങ്ങനെ ചൊല്ലുന്നുവോ അങ്ങനെ ചൊല്ലിക്കൊള്ളട്ടെ." പുനരൈക്യപ്പെട്ടവർക്ക് വലിയ സ്വാഗതം ആശംസിച്ചുകൊണ്ട് മാർപ്പാപ്പാ തിരുമേനി അയച്ച കമ്പി സന്ദേശം മാർ ഈവാനിയോസ് തിരുമേനിക്ക് ലഭിച്ചു.




ഫാ. തോമസ് കലേക്കാട്ടിൽ

ഇരുപതാം നൂറ്റാണ്ടിൽ കത്തോലിക്കാസഭയിൽ നടന്നിട്ടുള്ളതിൽ വച്ച് ഏറ്റവും സ്തുത്യർഹവും വിജയകരവുമായ മിഷനറി പ്രസ്ഥാനമെന്ന് ലോകമെമ്പാടുമുള്ള പത്രമാസികകൾ മാർ ഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തെ പ്രശംസിച്ചു. പത്തൊമ്പതാം നൂറ്റാണ്ടിൽ കത്തോലിക്കാ പുനരൈക്യം പ്രാപിച്ച കർദ്ദിനാൾ ന്യൂമാനെ (1801-1890) അനുസ്മരിച്ചുകൊണ്ട് ജി. കെ. ചെസ്റ്റർട്ടനെപ്പോലെയുള്ള (1874-1936) പാശ്ചാത്യ ചിന്തകർ മാർ ഈവാനിയോസ് തിരുമേനിയെ "ഭാരതന്യൂമാൻ" എന്ന് വിശേഷിപ്പിച്ചു.



*കർദ്ദിനാൾ ന്യൂമാൻ*

പുനരൈക്യപ്പെട്ട മാർ ഈവാനിയോസ് തിരുമേനിക്കും അനുയായികൾക്കും മുക്തകണ്ഠമായ പ്രശംസയും അനുമോദനങ്ങളും ലഭിച്ചപ്പോൾ മറ്റൊരു കൂട്ടരുടെ ശക്തമായ എതിർപ്പുകളെയും അധിക്ഷേപങ്ങളെയും അഭിമുഖീകരിക്കുകകൂടി ചെയ്യേണ്ടി വന്നു.



*ജി. കെ. ചെസ്റ്റർട്ടൻ*

www.malankaralibrary.com



# പശ്ചാത്തലവും പുരോഗതിയും


പുനരൈക്യത്തിന്റെ പിറ്റേന്നാൾ മാർ ഈവാനിയോസ് തിരുമേനിക്ക് വളരെ തിരക്കുപിടിച്ച ഒരു ദിവസമായിരുന്നു. തന്റെ നാല്പത്തിയെട്ടാം പിറന്നാളും പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളും ഒത്തുവന്ന ആ ദിവസം (സെപ്റ്റംബർ 21) മുൻപ്രതിജ്ഞ അനുസരിച്ച് കത്തോലിക്കാ സഭാംഗമെന്ന നിലയിൽ ആദ്യകുർബാന അർപ്പിച്ചശേഷം തിരുമേനി നേരെ വെണ്ണിക്കുളത്തെത്തി. അപ്പോഴേക്കും ചേപ്പാട്ട് റമ്പാച്ചനും അവിടെ എത്തിയിരുന്നു. പുലിക്കോട്ട് റമ്പാച്ചൻ അവിടെ തന്നെ ഉണ്ട്. രണ്ടുപേരും മാർ ഈവാനിയോസ് തിരുമേനി മുമ്പാകെ സത്യപ്രതിജ്ഞ നടത്തി. കത്തോലിക്കാസഭയിൽ ചേർന്നു. തുടർന്ന് ബഥനി ആശ്രമത്തിലെ എല്ലാ അംഗങ്ങളും പുനരൈക്യപ്പെട്ടു. അതിനുശേഷം വളരെ തിരക്കുപിടിച്ച് തിരുമേനി സ്വദേശമായ മാവേലിക്കരയ്ക്കു പോയി. മാതാപിതാക്കളെയും

*തോമസ് പണിക്കർ, അന്നമ്മാ തോമസ് -മാതാപിതാക്കൾ*



www.malankaralibrary.com





പിതൃസഹോദരൻ
തര്യതു സ്കറിയ കത്തനാർ

മറ്റ് ബന്ധുക്കളെയും പുനരൈക്യപ്പെടുത്തുക എന്ന തായിരുന്നു ആ യാത്രയുടെ ലക്ഷ്യം.

മാവേലിക്കരെയുള്ള സുപ്രസിദ്ധമായ പണിക്കർ കുടുംബത്തിലെ തോമ്മാ പണിക്കരുടെയും അന്നമ്മ യുടെയും പ്രഥമപുരുഷസന്താനമായി 1882 സെപ്റ്റം ബർ 21-ാം തീയതിയാണ് (കന്നി 8) കഥാപുരുഷൻ ജനിച്ചത്. അനേക തലമുറകളായി തന്റെ കുടുംബ ത്തിൽ പുരുഷ സന്താനങ്ങൾ ഇല്ലാതിരുന്നതിനാൽ ഒരു പുത്രനെ ലഭിക്കുന്നതിനു വേണ്ടി മാതാവായ അന്നമ്മ പരിശുദ്ധ ദൈവമാതാവിന്റെ മാധ്യസ്ഥം യാചിച്ചിരുന്നു. ഗർഭ സ്ഥശിശുവിനെ അവർ ദൈവമാതാവിനായി സമർപ്പിക്കുകയും ചെയ്തി രുന്നു. അതിനാൽ ജീവിതകാലം മുഴുവനും ഈ പുത്രൻ ദൈവമാതാവി നോട് അനന്യസാധാരണമായ ഭക്തി പ്രദർശിപ്പിച്ചിരുന്നു. തിരുമേനി പരി ശുദ്ധ മാതാവിനെ വിശേഷിപ്പിച്ചിരുന്നത്. “തമ്പുരാനെ പെറ്റ അമ്മച്ചി” എന്നായിരുന്നു.

മാർ ഈവാനിയോസ് തിരുമേനിക്ക് ജന്മം നൽകിയ പണിക്കർ കുടുംബം കേരള ചരിത്രത്തിൽ അവിസ്മരണീയമായ സ്ഥാനം നേടിയി ട്ടുണ്ട്. കളരികളുടെ ആധിപത്യം വഹിച്ചിരുന്ന ഈ കുടുംബത്തിലെ അംഗ ങ്ങൾ ആയോധന വിദഗ്ദ്ധരായിരുന്നു. മഹാരാജാക്കന്മാരിൽനിന്നും ലഭിച്ച പണിക്കർ എന്ന ബഹുമതി ഈ കുടുംബക്കാർ പരമ്പരയായി ഉപയോ ഗിച്ചു വരുന്നു. മൂവാറ്റുപുഴയിൽ നിന്നാണ് ഈ കുടുംബത്തിന്റെ ഒരു ശാഖ മാവേലിക്കരയിൽ വന്നത്. മാർ ഈവാനിയോസ് തിരുമേനിയുടെ പിതാവായ തോമ്മാപ്പണിക്കരും ഒരു കളരി ആശാനായിരുന്നു. എന്നാൽ അദ്ദേഹം ഈ പണി ഉപേക്ഷിക്കുകയും കളരി അടച്ചുപൂട്ടുകയും ചെയ്തു. ശിഷ്യന്മാരായിരുന്ന 150 നായന്മാരെയും 64 നസ്രാണി കളെയും പറഞ്ഞു വിട്ടു. പിന്നീട് തോമ്മാപ്പണിക്കർ ശ്രദ്ധ കേന്ദ്രീകരിച്ചത് കൃഷിയിലാണ് തെങ്ങും കുരുമുളകും നെല്ലും മറ്റും കൃഷി ചെയ്ത് അദ്ദേഹം വമ്പിച്ച ആദായമു ണ്ടാക്കി.



സഹോദരൻ
മത്തായി പണിക്കർ

തിരുമനസ്സിലെ മാതാവായ അന്നാമ്മ കായംകുള ത്തിനു സമീപമുള്ള പള്ളിക്കൽ അരിപ്പുറത്ത് മത്തായി ആശാന്റെ മകളായിരുന്നു. വിദ്യാസമ്പന്നയും ദൈവഭ

www.malankaralibrary.com



ക്തയുമായ അവർ ഗ്രന്ഥപാരായണത്തിൽ തത്പരയും ക്രൈസ്തവഗാന ങ്ങളിൽ വിദഗ്ധയുമായിരുന്നു. പാവങ്ങളെ അവർ കൈതുറന്ന് സഹായി ച്ചു. നിരന്തരമായ പ്രാർഥനയുടെ ഫലമായി തനിക്ക്ലഭിച്ച "കൊച്ചു കീവ റീച്ചനെ" ശരിയായ വിശ്വാസത്തിലും ദൈവഭക്തിയിലും വളർത്തിക്കൊണ്ടു വരുന്നതിന് അന്നാമ്മ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. "കൂനൻ കുരിശു സത്യത്തിനു മുമ്പ് സുറിയാനി ക്രിസ്ത്യാനികളെല്ലാം റോമാ മാർപ്പാപ്പ യുടെ കീഴിൽ ഒരൊറ്റ സഭയിലാണ് ഉൾപ്പെട്ടിരുന്നത്" എന്ന് അവർ പുത്ര നോട് പറയുമായിരുന്നു. ഒരിക്കൽ മകനെയും കൂട്ടി അടുത്തുള്ള ഒരു കത്തോ ലിക്കാപ്പള്ളിയിൽ പോയി. പ്രാർഥിച്ച ശേഷം ആ അമ്മ പറഞ്ഞു; "മകനെ ഇതാണ് സാക്ഷാൽ പള്ളി. നമുക്ക് ഈ പള്ളിയിൽ ചേരണം." അമ്മയുടെ ഈ ആഗ്രഹം സാധിച്ചുകൊണ്ടാണ് അവരുടെ ഓമനപ്പുത്രൻ ഇപ്പോൾ എത്തി യിരിക്കുന്നത്. അതും കത്തോലിക്കാസഭയിലെ ഒരു മെത്രാപ്പോലീത്താ ആയി ട്ട്. ഒരു അമ്മയ്ക്ക് സന്തോഷിക്കുവാൻ ഇതിൽപ്പരം എന്തുവേണം.



*സഹോദരി: ശോശാമ്മ*



*സഹോദരി: കുഞ്ഞമ്മ*

കൊച്ചു കീവറീച്ചന്റെ മാമോ ദീസാപ്പേര് ഗീവർഗീസ് എന്നായി രുന്നു. തോമ്മാപ്പണിക്കരുടെ സഹോദരനായ തര്യത് സ്കറിയ കത്തനാരാണ് ശിശുവിന് ജ്ഞാന സ്നാനവും വിശുദ്ധ മൂറോൻ അഭി ഷേകവും നല്കിയത്. കത്ത നാരുടെ ഇടവകക്കാരിലധികവും ക്രിസ്തുമതം സ്വീകരിച്ച തീണ്ടൽ ജാതിക്കാരായിരുന്നുവെന്നത് ശ്രദ്ധേ യമത്രേ. നിത്യബ്രഹ്മചര്യത്തിനും സന്യാസ ജീവിതത്തിനും മാത്രമല്ല, അന്യമതസ്തർക്കിടയിലെ സുവിശേഷ പ്രവർത്തനങ്ങൾക്കും മാർ ഈവാ നിയോസ് തിരുമേനിക്ക് പ്രചോദനമരുളിയത് പിതൃസഹോദരനായ ഈ വൈദിക ശ്രേഷ്ഠനാണ്. എന്നാൽ തന്റെ ജീവിതത്തിലെ ഏറ്റവും സന്തോ ഷകരമായ ഈ മുഹൂർത്തത്തിന് സാക്ഷ്യം വഹിക്കുവാൻ അദ്ദേഹം ജീവി ച്ചിരിപ്പില്ലല്ലോ എന്ന് തിരുമേനിക്ക് സങ്കടം തോന്നി. 1911-ലാണ് തര്യത് സ്കറിയാ കത്തനാർ അന്തരിച്ചത്. അദ്ദേഹത്തിന് തൈലാഭിഷേകം നൽകി യത് കഥാപുരുഷനായിരുന്നു.

തിരുമേനിയുടെ ഇളയ സഹോദരനായ മത്തായിപ്പണിക്കർ പുനരൈ ക്യപ്രസ്ഥാനത്തിന്റെ ശക്തനായ ഒരു പോരാളി ആയിരുന്നു. ബഥനി

www.malankaralibrary.com



ആശ്രമം സ്ഥാപിക്കുന്നതിലും മലങ്കര കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങൾ ഊർജസ്വലമായി നടത്തുന്നതിലും തിരുമേനിയുടെ വലംകൈയായി നിന്ന് ശക്തി പകർന്നത് ഈ സഹോദരനാണ്. തിരുമേനിയുടെ മൂത്ത സഹോദരിയായ ശോശാമ്മയെ മാവേലിക്കര വടക്കേവീട്ടിൽ കല്ലുംപുറത്ത് കൊട്ടാരത്തിൽ തോമസ്സാണ് വിവാഹം കഴിച്ചത്. ബഥനി ആശ്രമത്തിലെ റവ. ഫാ. എഫ്രേം ഒ.ഐ.സി. ഇവരുടെ പുത്രനും മാർ ഈവാനിയോസ് കോളേജ് മുൻ പ്രിൻസിപ്പൽ റവ. ഡോ. തോമസ് കൊട്ടാരത്തിൽ പൗത്രനും റവ. ഫാ. തോമസ്പ്പണിക്കർ ഡി.ഡി. ദൗഹിത്രനുമാണ്. കഥാപുരുഷന്റെ ഇളയ സഹോദരിയായ കുഞ്ഞമ്മയെ മേപ്രാൽ കണിയാന്തറ തോമസ് വർക്കി വിവാഹം ചെയ്തു. അദ്ദേഹത്തിന്റെ മരണശേഷം അവരെ വിവാഹം കഴിച്ച അഡ്വക്കേറ്റ് ഈപ്പനും അകാലചരമമടഞ്ഞു.

അഞ്ചാമത്തെ വയസ്സിൽ കൊച്ചു കീവറിച്ചനെ എഴുത്തിനിരുത്തിയത് മാവേലിക്കര പുതിയകാവ് പള്ളിയോടു ചേർന്നുള്ള കുടിപ്പള്ളിക്കൂടത്തിലെ ദാവീദാശാനായിരുന്നു. പഠിത്തത്തിൽ അതിസമർഥനായിരുന്ന ബാലന് 'ചട്ടംപിള്ള' (മോണിട്ടർ) എന്ന സ്ഥാനം ആശാൻ നല്കി. ഈ ബാലൻ ഭാവിയിൽ ഒരു മഹാനായിത്തീരും എന്ന് ആശാൻ പ്രവചിച്ചു. പുനരൈക്യപ്രസ്ഥാനത്തിന് നാന്ദി കുറിച്ച തിരുമേനി ജന്മദേശത്തെത്തിയ ഈ അവസരത്തിൽ പലരും ആ പ്രവചനത്തെപ്പറ്റി ഓർത്തു.

മതാപിതാക്കളെ പുനരൈക്യപ്പെടുത്തിയ ശേഷം തിരുമേനി സ്വസഹോദരങ്ങളെയും അവരുടെ കുടുംബാംഗങ്ങളെയും കത്തോലിക്കാ സഭയിൽ ചേർത്തു. അനന്തരം തിരുവല്ലയിലേക്ക് പോയി. അവിടെ തിരുമൂലപുരം മഠത്തിൽ എത്തിച്ചേർന്നപ്പോൾ സമയം ഏതാണ്ട് അർഥരാത്രി ആയിരുന്നു. അതിനാൽ പിറ്റേ ദിവസം രാവിലെയാണ് (സെപ്റ്റംബർ 22) സന്യാസിനികളുടെ പുനരൈക്യം നടന്നത്. ബഥനി മഠത്തിലെ അംഗങ്ങളായ പത്തുപേരും മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു. ബഥനി മഠത്തിലെ അംഗങ്ങളിൽ ആരും പിന്തിരിയാതെ പുനരൈക്യപ്പെട്ടത് അഭിവന്ദ്യപിതാവിന് വളരെ ആശ്വാസം നല്കി.

www.malankaralibrary.com



# അനുമോദനങ്ങളും അപഹാസങ്ങളും

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട മാർ ഈവാനിയോസ് തിരുമേനിക്ക് വമ്പിച്ച സ്വീകരണങ്ങൾ. ഇത്തരം യോഗങ്ങളിൽ അഭൂതപൂർവമായ ജനക്കൂട്ടം. അനുമോദനസന്ദേശങ്ങളുടെ ഇടതടവില്ലാത്ത പ്രവാഹം. സന്ദേശങ്ങൾ അയയ്ക്കുന്നതാവട്ടെ ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നുള്ള കർദ്ദിനാളന്മാർ, മെത്രന്മാർ, അൽമായപ്രമുഖന്മാർ മുതലായവർ. പുനരൈക്യപ്പെട്ട എല്ലാവർക്കും മാർപ്പാപ്പാതിരുമേനിയുടെ ശ്ലൈഹികമായ ആശീർവാദവും ലഭിച്ചു. പുനരൈക്യാനന്തരം ചങ്ങനാശ്ശേരിയിലെത്തിയ തിരുമേനിക്കു ലഭിച്ച സ്വീകരണം ഗംഭീരവും വികാരനിർഭരവുമായിരുന്നു. മിക്ക കത്തോലിക്കാ കേന്ദ്രങ്ങളിലും സ്വീകരണയോഗങ്ങൾ നടന്നു. തൃശ്ശിനാപ്പള്ളി, മദ്രാസ്, ബാംഗ്ലൂർ, മധുര എന്നിങ്ങനെ കേരളത്തിനു പുറത്തുള്ള ധാരാളം പട്ടണങ്ങളിലും അനുമോദന യോഗങ്ങളും മംഗളപത്ര സമർപ്പണങ്ങളും നടക്കുകയുണ്ടായി.

1931 ഡിസംബർ നാലു മുതൽ പത്തു ദിവസം ഗോവയിൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ അക്ഷയമായ ശരീരം പരസ്യമായി പ്രദർശിപ്പിച്ച അവസരത്തിൽ അവിടെ സന്ദർശിക്കുന്നതിനും ആ വിശുദ്ധന്റെ കൈവിരലിലെ ഒരംശം തിരുശേഷിപ്പായി ലഭിക്കുന്നതിനും മാർ ഈവാനിയോസ് തിരുമേനിക്ക് ഭാഗ്യമുണ്ടായി. വിശുദ്ധന്റെ ശരീരം പ്രതിഷ്ഠിച്ചിട്ടുള്ള ചാപ്പലിൽ ദിവ്യബലി അർപ്പിച്ചിരിക്കുന്നതിനും ആ വിശുദ്ധ ശരീരം വഹിച്ചുകൊണ്ട് പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നതിനുമുള്ള ദുർലഭമായ അവസരവും അദ്ദേഹത്തിനു ലഭിച്ചു. തിരുമേനിയോടുള്ള ആദരസൂചകമായിട്ടാണ് വിശുദ്ധന്റെ പവിത്ര ശരീരത്തിൽ നിന്ന് ഒരു ഭാഗം ഗോവയിലെ സഭാധികാരികൾ അദ്ദേഹത്തിന് നല്കിയത്.

ഇത് ചരിത്രത്തിലെ ഒരു വശം. മറുവശത്ത് മാർ ഈവാനിയോസ് തിരുമേനിയുടെയും അനുയായികളുടെയും ജീവനുപോലും ഭീഷണി. പുന

www.malankaralibrary.com



രൈക്യപ്രസ്ഥാനത്തോടുള്ള എതിർപ്പ് അത്ര രൂക്ഷമായിരുന്നു. തിരുമസ്സിലെ ജീവൻ അപഹരിക്കാനുള്ള ശ്രമങ്ങൾ പല സ്ഥലങ്ങളിലും നടന്നു. മാർ ഈവാനിയോസ് തിരുമേനിയെയും പുനരൈക്യപ്രസ്ഥാനത്തെയും രൂക്ഷമായി വിമർശിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നതിന് കുറെ പേർ കച്ചകെട്ടി ഇറങ്ങി. ഇക്കൂട്ടർ പ്രതിക്ഷേധ യോഗങ്ങളും പ്രസംഗപരമ്പരകളും സംഘടിപ്പിച്ചു. പരസ്യങ്ങളും ലഘുലേഖകളും പുസ്തകങ്ങളും സംഘടിപ്പിച്ചു. "സാധുക്കളുടെ സുറിയാനി കുഞ്ഞാടുകളെ പിടിച്ചു വിഴുങ്ങുന്നതിനായി ബഥനി കാടുകളിൽ നിന്നും ആട്ടിൻ തോൽ ധരിച്ച ഒരു കടുവ ഇറങ്ങിയിരിക്കുന്നു;" ഇതായിരുന്നു അവരുടെ ആരോപണ ശൈലി.

ഇതുകൊണ്ടൊന്നും തൃപ്തിവരാത്ത ചിലർ തിരുമേനി സഞ്ചരിച്ചിരുന്ന കാർ മറിച്ച് അദ്ദേഹത്തിന്റെ ജീവൻ അപഹരിക്കുവാൻ ശ്രമിച്ചു. പുളിക്കീഴ് മേളാൻ പറമ്പിൽ ഉമ്മന്റെ കാർ വാടകയ്ക്കെടുത്താണ് അക്കാലത്ത് തിരുമേനി സഞ്ചരിച്ചിരുന്നത്. അതിന്റെ ഡ്രൈവർ തമ്പി എന്നൊരു മുസ്ലീം യുവാവായിരുന്നു. വല്ല കുഴിയിലോ പാലത്തിൻ കീഴിലോ വണ്ടി മറിച്ച് തിരുമേനിയെ വകവരുത്തിയാൽ 500 രൂപ പ്രതിഫലം തരുമെന്ന് ചില പ്രമാണിമാർ തമ്പിയോട് പറഞ്ഞു. "അഞ്ഞൂറല്ല ആയിരം തന്നാൽപ്പോലും ഞാനത് ചെയ്യില്ല." എന്നായിരുന്നു വിശ്വസ്തനായ ആ ഡ്രൈവറുടെ മറുപടി.

"കഷ്ടം എന്റെ ജീവൻ ഇത്ര നിസ്സാരമാണോ? അഞ്ഞൂറു രൂപ മാത്രമേ അതിന് വില വച്ചുള്ളല്ലോ:" ഈ വിവരം അറിഞ്ഞ തിരുമേനി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു.

ഈ പ്രതിസന്ധികൾക്കിടയിലും പുനരൈക്യപ്രസ്ഥാനത്തെ ആവുന്നത്ര വളർത്തിയെടുക്കുന്നതിന് അൽമായരുടെ സജീവമായ സഹകരണം തിരുമേനിക്ക് ലഭിച്ചു. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട മാരേട്ട് എ. പീലിപ്പോസ് ജഡ്ജിയുടെ നേതൃത്വത്തിൽ 'കാത്തലിക് എവിഡൻസ് ഗിൽഡ്' എന്നൊരു സംഘടന രൂപവത്കരിക്കപ്പെട്ടു. ചന്തസ്ഥലങ്ങളിലും വഴിക്കവലകളിലും മറ്റും പോയി കത്തോലിക്കാ സഭയെപ്പറ്റി ഗിൽഡ് പ്രവർത്തകർ പ്രസംഗിച്ചു. പ്രസിദ്ധ വാഗ്മിയായ മലഞ്ചരുവിൽ മത്തായി സാർ മാജിക് ലാന്റൺ മുഖേന പടങ്ങൾ കാണിച്ചാണ് പ്രസംഗിച്ചിരുന്നത്. തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനി അദ്ദേഹത്തിന്റെ പുത്രനാണ്.

വൈദികരുടെ കുറവ് അതിരൂക്ഷമായി അനുഭവപ്പെട്ടിരുന്നതിനാൽ ദൈവവിളിയുള്ളവരെ ധാരാളമായി കണ്ടെത്തേണ്ടിയിരുന്നു. ഇക്കാര്യ

www.malankaralibrary.com



ത്തിൽ തിരുമേനിയുടെ സൂക്ഷ്മ ദൃഷ്ടി പ്രകടിപ്പിച്ച ദിവ്യ ശക്തി അത്ഭുതാവഹമായിരുന്നു. ഒരിക്കൽ മാവേലിക്കരയിലെ വീട്ടിൽ തിരുമേനി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. മുറ്റത്ത് കുറേ കുട്ടികൾ ചാടിക്കളി ച്ചുക്കൊണ്ടിരുന്നു. തിരുമേനി സംഭാഷണം നിർത്തിയിട്ട് കുട്ടികളുടെ കളി അല്പനേരം ശ്രദ്ധിച്ചു. എന്നിട്ട് അവരിൽ പ്രധാനിയായ ഒരു ബാലനെ ആഗ്യം കാണിച്ചു വിളിച്ചു. പേര് ബേബി. വയസ്സ് 12. തിരുമേനിയുടെ സഹോദരീ പുത്രിയയായ ചിന്നമ്മയുടെ മകനാണ്. "ഉം മുട്ടുകുത്ത്." തിരു മേനിയുടെ ആജ്ഞ. അനവസരത്തിൽ ബഹളം വച്ചതിൽ ശിക്ഷിക്കാനുള്ള ഒരുക്കമായിരിക്കും. എല്ലാവരും ഉത്കണ്ഠയോടെ നോക്കി നിന്നു. അപ്പോൾ തിരുമേനിയുടെ കനമുള്ള ശബ്ദം. "നീ നാളെ എന്റെ കൂടെ തിരുവനന്ത പുരത്തിനു വരണം. എന്താ വരരുതോ?"


"വരാം, വരാം"

തിരുവനന്തപുരം പട്ടണം കാണാമല്ലോ എന്ന സന്തോഷത്തോടെ ബേബി പറഞ്ഞു. തിരുമേനിയോടൊപ്പം തിരുവനന്തപുരത്തെത്തിയ ബാലൻ സെമിനാരിയിൽ ചേർന്നു. റോമിൽ പോയി വൈദിക പഠനം പൂർത്തിയാക്കിയ ഇദ്ദേഹമാണ് റവ. ഫാ. തോമസ് പണിക്കർ ഡി.ഡി.

www.malankaralibrary.com



# എതിർപ്പിന്റെ ശക്തികൂടുന്നു



*എം. എ അച്ചൻ*

മലങ്കര യാക്കോബായ സഭയിലെ കലഹം മൂർച്ഛിച്ചത് അന്ത്യോക്യയിലെ വിരുദ്ധ ചേരിയിൽപ്പെട്ട രണ്ട് പാത്രിയർക്കീസുമാർ 1911-12 കാലത്ത് കേരളം സന്ദർശിച്ചതിനെ തുടർന്നാണ്. ആദ്യ സന്ദർശനം സിംഹാസനസ്ഥനായ പാത്രിയർക്കീസ് അബ്ദുള്ള ബാവായുടേതായിരുന്നു. വട്ടശ്ശേരിൽത്തിരുമേനിയുടെ നിർബന്ധപൂർവമായ കല്പന അനുസരിച്ച് എം. എ. അച്ചൻ (പിന്നീട് മാർ ഈവാനിയോസ് തിരുമേനി) അബ്ദുള്ളബാവയെ ബോംബെയിൽ ചെന്ന് സ്വീകരിക്കുകയും അതിഥിയുടെ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തു. അച്ചന് സുറിയാനിയിലും ഇംഗ്ലീഷിലുമുള്ള അസാമാന്യ വ്യുത്പത്തിയെപ്പറ്റി മനസ്സിലാക്കിയ ബാവാതിരുമേനി അത്യധികം സന്തുഷ്ടനായി. അദ്ദേഹം കേരള സഭയിലെ പ്രശ്നങ്ങളെപ്പറ്റി കഥാപുരുഷനോട് ചോദിച്ചു മനസ്സിലാക്കി. ഇതിനിടയ്ക്ക് ബാവാ തിരുമേനി അപ്രതീക്ഷിതമായി ഒരു ചോദ്യം.

"നാമും വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസും പരസ്പരം പിണങ്ങാൻ ഇടയായാൽ നിങ്ങൾ നമ്മോടുകൂടെ നില്ക്കുമോ?"

ഗിവർഗീസച്ചൻ മറുപടി പറയാതെ നിന്നപ്പോൾ ബാവായുടെ ആജ്ഞ "ഉം ഉത്തരം പറയൂ."

"ആബൂൻ മാർ ദിവന്നാസ്യോസ് എന്റെ ഗുരുവാണ് എന്നാൽ സത്യത്തിനെതിരായി അദ്ദേഹം പ്രവർത്തിച്ചാൽ ഞാൻ അതിന് കൂട്ട് നില്ക്കുകയില്ല. അല്ലാത്തപക്ഷം ഞാൻ അദ്ദേഹത്തോട് കൂടിയേ നില്ക്കുകയുള്ളു."

ഈ മറുപടി കേട്ട പാത്രിയാർക്കീസിന് അസംതൃപ്തിയും നിരാശയും

www.malankaralibrary.com





അബ്ദദ് മിശിഹാ
പാത്രിയർക്കീസ്

ഉണ്ടായി. അച്ചൻ പ്രതീക്ഷിച്ചതു തന്നെ താമസിയാതെ സംഭവിച്ചു. പാത്രിയാർക്കീസ് തിരുമേനിയും വട്ടശ്ശേരിൽ തിരുമേനിയും തമ്മിൽ തെറ്റി. തന്റെ ലൗകികാധികാരം അംഗീകരിച്ചുകൊണ്ടുള്ള ഉടമ്പടി രജിസ്റ്റർ ചെയ്തു കൊടുക്കണമെന്ന ബാവായുടെ നിർദ്ദേശം വട്ടശ്ശേരിൽ തിരുമേനി നിരസിച്ചു. പാത്രിയർക്കിസിനെ അനുകൂലിക്കുന്ന മൂന്ന് മെത്രന്മാർ ഇതിനകം ഉടമ്പടി എഴുതികൊടുത്തു കഴിഞ്ഞു. ചരിത്രപണ്ഡിതനും കാനോൻ സഭാ നിയമ വിദഗ്ധനുമായ കഥാപുരുഷന്റെ ഉപദേശമനുസരിച്ചാണ് വട്ടശ്ശേരിൽ തിരുമേനി ഉടമ്പടി എഴുതികൊടുക്കാതിരുന്നത്. ഇതേ തുടർന്ന് പാത്രിയർക്കീസ് ബാവാ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസിനെ സഭയിൽ നിന്നും ബഹിഷ്കരിച്ചുകൊണ്ട് മുടക്കു കല്പനയിറക്കി. അതോടെ യാക്കോബായ സഭയിൽ ഒരു സ്ഫോടനാവസ്ഥ ഉണ്ടായി. എന്തും സംഭവിക്കാം. മാർ ദിവന്നാസ്യോസ് തിരുമേനിയുടെ ജീവൻപോലും അപകടത്തിൽ. തിരുമേനിയുടെ ജീവസംരക്ഷണാർത്ഥം 'ആനപ്പാപ്പി' എന്നൊരു കായിക വിദഗ്ധനെ കഥാപുരുഷൻ ഏർപ്പെടുത്തിക്കൊടുത്തു. പക്ഷേ ശത്രുക്കൾ ആനപ്പാപ്പിയെ തല തല്ലിപ്പൊളിച്ച് കൊന്നുകളഞ്ഞു. തലയോട് പതിമൂന്ന് കഷണങ്ങളായി പൊട്ടിച്ചിതറി. എം. എ. അച്ചനെ വകവരുത്താനായി രണ്ട് ഘാതകന്മാർ അദ്ദേഹത്തിന്റെ മുറിയിലും കയറിയിരുന്നു. ഒരാളുടെ കയ്യിൽ മൂർച്ചയുള്ള ഒരു വെട്ടുകത്തി, മറ്റേ ആളുടെ പക്കൽ ഒരു ചാക്കും. ചില റിക്കാർഡുകൾ മോഷ്ടിക്കുകയെന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. അതിനാൽ നല്ല ഉറക്കത്തിലായിരുന്ന അച്ചനെ ഉണർത്താതെ റിക്കാർഡുകളുമായി അവർ കടന്നുകളഞ്ഞു. എന്നാൽ മറ്റു ചിലർ അവരെ പിന്തുടർന്നതിനാൽ വിലപ്പെട്ട ആ രേഖകൾ നഷ്ടമായില്ല. അങ്ങനെ ദൈവകൃപകൊണ്ടു മാത്രം പി. ടി. ഗീവർഗീസ് അച്ചന്റെ ജീവനും അമൂല്യമായ രേഖകളും അപഹരിക്കപ്പെടാതെ രക്ഷപ്പെട്ടു.

ഈ വിഷമസന്ധിയിൽ വട്ടശ്ശേരിൽ തിരുമേനിയെയും അദ്ദേഹത്തിന്റെ കക്ഷിയെയും രക്ഷിക്കാൻ എന്താണൊരുവഴി? കഥാപുരുഷൻ ഇതെപ്പറ്റി കുലംകഷമായി ആലോചിച്ചു. ഒടുവിൽ ഒരു വഴി കണ്ടെത്തി. കാനോൻ നിയമമനുസരിച്ച് യഥാർഥ പാത്രിയർക്കീസ് ഇപ്പോൾ സ്ഥാന ഭ്രഷ്ടനാ

www.malankaralibrary.com



ക്കപ്പെട്ടിരിക്കുന്ന അബ്ദദ് മിശിഹാ പാത്രിയർക്കീസാണ്. അദ്ദേഹത്തെ കേരളത്തിൽ കൊണ്ടു വരണം. എന്നിട്ട് ഇവിടെ കതോലിക്കാ സിംഹാസനം സ്ഥാപിക്കണം. അദ്ദേഹത്തിന്റെ മനോഭാവം അറിയുന്നതിനുവേണ്ടി പരമരഹസ്യമായി അബ്ദദ് മിശിഹാ പാത്രിയർക്കിസിന് കമ്പിയടിച്ചു. "ദിവന്നാസ്യോസും കൂടെയുള്ളവരും അനുഗ്രഹിതരാകുന്നു. അബ്ദുള്ള ബാവാ മുടക്കിയ മുടക്ക് അസാധുവായിട്ടുള്ളതാണ്" എന്ന് മറുപടി കിട്ടി. ആ കമ്പി വായിച്ചു കേട്ടപ്പോൾ മാർ ദിവന്നോസ്യോസ് തിരുമേനി സന്തോഷാശ്രുക്കൾ പൊഴിച്ചു.

ഇതേതുടർന്ന് കഥാപുരുഷൻ അബ്ദദ് മിശിഹാ പാത്രിയർക്കീസിന് അയച്ച കത്തിൽ അദ്ദേഹം കേരളത്തിൽ എഴുന്നള്ളണമെന്ന് അഭ്യർഥിച്ചു. ബാവാ ആവശ്യപ്പെട്ടതനുസരിച്ച് യാത്രാ ചെലവിനായി നൂറു പവൻ അയച്ചുകൊടുക്കുകയും ചെയ്തു. അബ്ദദ്മിശിഹാ പാത്രിയർക്കീസും രണ്ട് റമ്പാന്മാരും കൂടി ബോംബയിൽ വന്നു ചേർന്നു. മുമ്പ് അബ്ദുള്ളാ പാത്രിയർക്കിസിന്റെ കാര്യത്തിലെന്നപോലെ ഇത്തവണയും എം. എ. അച്ചനെത്തന്നെ മാർ ദിവന്നാസ്യോസ് തിരുമേനി ബോംബയ്ക്ക് അയച്ചു. അച്ചൻ പാത്രിയർക്കിസിനെ യഥോചിതം സ്വീകരിച്ച് പരുമലയിൽ കൊണ്ടുവന്നു. മുറിമറ്റത്ത് മാർ ഈവാനയോസിനെ നിരണത്ത് പള്ളിയിൽ വച്ച് കാതോലികാ ആയി വാഴിക്കുന്നതിന് തീരുമാനമായി. ഇതിനിടക്ക് പാത്രിയർക്കീസിന്റെ കൂടെ വന്ന റമ്പാന്മാർ കതോലിക്കാ വാഴ്ചയെ എതിർത്തു. ഇതിനെ അവഗണിച്ച് പ്രവർത്തിക്കുന്ന പക്ഷം പോകുന്ന വഴിക്ക് അവർ പാത്രിയർക്കീസിനെ കപ്പലിൽ നിന്ന് കടലിലേക്ക് എടുത്തെറിയുമെന്നും ഭീഷണി മുഴക്കി. പാവം പാത്രിയർക്കീസ്! അദ്ദേഹം കതോലിക്കായെ വാഴിക്കാൻ വിസമ്മതിച്ചു. പതിനായിരക്കണക്കിനു ജനങ്ങൾ പള്ളിയിലും പരിസരത്തും കാത്തിരുന്നു മടുത്തു. മെത്രാൻ കക്ഷിക്ക് സന്താപം, ബാവാ കക്ഷിക്ക് സന്തോഷം.

ഈ അവസരത്തിൽ എം. എ. അച്ചൻ പാത്രിയർക്കീസിന്റെ അടുത്തേക്ക് ചെന്നു. വിവരങ്ങളെല്ലാം അറിഞ്ഞപ്പോൾ അച്ചൻ പറഞ്ഞു. "തിരുമനസ്സുകൊണ്ട് ഒട്ടും ഭയപ്പെടേണ്ട. തിരുമേനിയെ ഞാൻ സുരക്ഷിതമായി സ്വദേശത്ത് എത്തിക്കാം. ആവശ്യമെങ്കിൽ ഞാനും കൂടെ വരാം."

ഇത് കേൾക്കേണ്ട താമസം. "ഓഹോ തയ്യാർ"

അങ്ങനെ 1912 സെപ്റ്റംബർ 12-ാം തീയതി കതോലിക്കാ വാഴ്ച നടന്നു. അനന്തരം പാത്രിയർക്കീസ് പുറപ്പെടുവിച്ച കല്പനയുടെ നക്കൽ തയ്യാറാക്കിയത് എം. എ. അച്ചനായിരുന്നു. ബാവായെയും റമ്പാന്മാരെയും വെവ്വേറെ കപ്പലുകളിലാണ് തിരിച്ചയച്ചത്.

www.malankaralibrary.com



കതോലിക്കാ സിംഹാസനം മലങ്കരയിൽ സ്ഥാപിക്കുന്നതിൽ മുഖ്യ പങ്ക് വഹിച്ച കഥാപുരുഷനെ പുനരൈക്യ പരിശ്രമത്തിനു ചുമതലപ്പെടുത്തിയത് പിൽക്കാലത്ത് രണ്ടാമത്തെയും മൂന്നാമത്തെയും (വാകത്താനം മാർ ബസ്സേലിയോസ് ഗിവർഗീസ് പ്രഥമനും മാർ ബസ്സേലിയോസ് ഗിവർഗീസ് ദ്വിതിയനും) കാതോലിക്കാ ബാവാമാർ ആയിത്തീർന്ന മെത്രാന്മാർ ഉൾപ്പെട്ട സുന്നഹദോസ് ആണ്. എന്നാൽ പിന്നീട് അവർ പുനരൈക്യത്തിന് വിസമ്മതിച്ചു. വ്യവഹാരങ്ങളിൽ ഉണ്ടായ താത്ക്കാലിക വിജയമാണ് ഈ മനം മാറ്റത്തിനു കാരണം.

മലങ്കര റീത്തിനും പുനരൈക്യപ്രസ്ഥാനത്തിനും മാർ ഈവാനിയോസ് തിരുമേനിക്കുമെതിരായി സംഘടിതമായ എതിർ പ്രവർത്തനം നടന്നുവെങ്കിലും ആയിരക്കണക്കിനാളുകൾ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടുകൊണ്ടിരുന്നു. ഇതിൽ അസൂയ പൂണ്ട എതിരാളികൾ തിരുമേനിയെ കേസ്സിൽ കുരുക്കാനുള്ള ശ്രമങ്ങളാണ് പിന്നീട് ആരംഭിച്ചത്.

www.malankaralibrary.com

അധ്യായം ഏഴ്

# പരിശുദ്ധപിതാവിന്റെ സന്നിധിയിൽ

മാർ ഈവാനിയോസ് തിരുമേനിയെ അറസ്റ്റു ചെയ്യുക അതായിരുന്നു ഉന്നം. മാവേലിക്കരയ്ക്കടുത്ത് വാണാച്ചിറ പള്ളി സംബന്ധിച്ച കേസിൽ അവരുടെ ശ്രമഫലമായി ആലപ്പുഴ ഒന്നാംക്ലാസ്സ് മജിസ്ട്രേറ്റ് തിരുമേനിയുടെ പേർക്ക് അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചു.

റോമിൽപ്പോയി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുവാൻ ഈവാനിയോസ് തിരുമേനി തയ്യാറെടുക്കുന്ന സമയമായിരുന്നു അത്. പരിശുദ്ധപിതാവിൽ നിന്നും മലങ്കര ഹയരാർക്കിക്കുള്ള അനുമതി നേടുക. യൂറോപ്പിൽ വിവിധ വിഷയങ്ങളെപ്പറ്റി പ്രഭാഷണങ്ങൾ നടത്തുക. ഡബ്ലിനിൽ നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിൽ സംബന്ധിക്കുക. തുടങ്ങിയ ഉദ്ദേശ്യങ്ങളും ഈ യാത്രയ്ക്കുണ്ടായിരുന്നു. പുനരൈക്യശ്രമങ്ങൾ തുടർന്നും നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ തിരുമേനി ചെയ്തിരുന്നു. തിരുവനന്തപുരത്ത് ഒരു കെട്ടിടം വാടകയ്ക്കെടുത്ത് ആശ്രമസ്ഥരായ ഫാദർ ജോഷാ, ഫാദർ ബർസ്ലീബാ എന്നിവരെ താമസിപ്പിച്ചു. മാർ തിയോഫിലോസ് തിരുമേനിക്കു വേണ്ടി തിരുവല്ലയിലും ഒരു കെട്ടിടം വാടകയ്ക്ക് എടുത്തു. പുലിക്കോട്ട് ജോസഫ് റമ്പാനെയും ചേപ്പാട്ട് പീലിപ്പോസ് റമ്പാനെയും കൂടി തിരുവല്ലായിലാണ് താമസിപ്പിച്ചത്. ഇങ്ങനെ ക്രമീകരണങ്ങളെല്ലാം പൂർത്തിയാക്കിയ ശേഷം 1932 ഏപ്രിൽ 11-ാം തീയതി കപ്പൽ കേറാൻ തിരുമേനി തയ്യാറെടുത്തിരക്കുകയാണ്. ഇനി ഒരാഴ്ച മാത്രമേ ഉള്ളൂ. വെള്ളിക്കളത്ത് താമസിച്ചിരുന്ന ആശ്രമവാസികൾക്ക് കുപ്പായം ആശീർവദിച്ച് നൽകാനുള്ള ഒരു പരിപാടി ഇനി ബാക്കിയുണ്ട്. ഈ അവസരത്തിലാണ് അപ്രതീക്ഷിതമായി അറസ്റ്റ് വാറണ്ട് എന്ന വെള്ളിടി.

വാറണ്ട് പുറപ്പെടുവിച്ചിട്ടുണ്ടെന്ന വാർത്ത എങ്ങനെയോ അറിഞ്ഞ തിരുമേനി അതിവേഗം വെണ്ണിക്കുളത്തെത്തി. അപ്പോൾ ഏതാണ്ട് അർധരാത്രി സമയം. ആശ്രമസ്ഥർ നല്ല ഉറക്കം. തിരുമേനി ആശ്രമത്തിലെ മണി

www.malankaralibrary.com





പതിനൊന്നാം
പീയൂസ് മാർപ്പാപ്പ

അടിച്ച് അവരെ ഉണർത്തി. ഉടനെ തന്നെ തിരുമൂലപുരത്തെത്തി. ഇതിനകം അനുജൻ മത്തായിപ്പണിക്കരെയും കിളിയിലെത്ത് ചാക്കോയെയും ആളയച്ചു വരുത്തിയിരുന്നു. അതിരാവിലെ അവരുമൊന്നിച്ച് തിരുമേനി കോട്ടയത്തേക്ക് തിരിച്ചു. മറ്റാരും ഈ വിവരമൊന്നും അറിഞ്ഞില്ല.

എതിരാളികൾ വാറണ്ട് ശുപായിയെയും കൂട്ടി രാവിലെ അല്പം പുലർന്നപ്പോൾ തിരുമൂലപുരത്തെത്തി. തിരുമേനി അവിടെ ഇല്ല. എവിടെപോയെന്ന് ആർക്കും അറിവില്ല. കുറെയധികം അന്വേഷിച്ചപ്പോൾ മേളാംപറമ്പിൽ ഉമ്മച്ചന്റെ കാറിൽ അദ്ദേഹം കോട്ടയത്തേക്ക് പോയിരിക്കുന്നതായി അറിവുകിട്ടി. ഉടനെ വാറണ്ടു ശിപായിയോടൊപ്പം മറ്റൊരു കാറിൽ അവർ കോട്ടയത്തേക്ക് പാഞ്ഞു. വഴി മധ്യേ ചിങ്ങവനത്തെത്തിയപ്പോൾ ഉമ്മച്ചാന്റെ കാറ് കേടു വന്ന് വഴിയിൽ കിടക്കുന്നു. ഡ്രൈവർ തമ്പി ചില്ലറ അറ്റകുറ്റ പണികൾ ചെയ്യുന്നുമുണ്ട്. തിരുമേനിയെ അതിൽ കാണാത്തതുകൊണ്ട് അവർ നേരെ കോട്ടയത്തേക്കു പോയി. അവിടെ പല അന്വേഷണങ്ങൾ നടത്തിയിട്ടും ഫലമൊന്നും ഉണ്ടാവാത്തതിനാൽ അവർ മാവേലിക്കരയിലേക്ക് മടങ്ങി.

വാടകകാറിന് കേടു വന്നപ്പോൾ കോട്ടയം അരമനയിൽ നിന്ന് മറ്റൊരു കാർ കൊണ്ടുവരാൻ മത്തായിപ്പണിക്കർ പോയ അവസരത്തിൽ തിരുമേനിയും കിളിയിലേത്ത് ചാക്കോയും കൂടി കാറിൽ നിന്നും ഇറങ്ങി വീതി കുറഞ്ഞ ഒരു ഇടവഴിയിൽകൂടി അല്പ ദൂരം നടന്നു. ഈ സമയത്താണ് വാറണ്ടു സംഘം കടന്നു പോയത്. മത്തായിപ്പണിക്കർ കൊണ്ടുവന്ന കാറിൽ ആദ്യം കോട്ടയം അരമനയിലേക്കും പിന്നെ എറണാകുളം അരമനയിലേക്കും പോയി. ചൂളപ്പറമ്പിൽ തിരുമേനി (കോട്ടയം) യുടെയും കണ്ടത്തിൽ തിരുമേനി (എറണാകുളം) യുടെയും അഭിപ്രായപ്രകാരം അപ്പോൾത്തന്നെ തീവണ്ടി മാർഗം ബോംബേക്ക് തിരിച്ചു.

ബോംബേയിലെത്തി രണ്ടു ദിവസം കഴിഞ്ഞപ്പോഴാണ് ഞെട്ടിക്കുന്ന ആ വാർത്ത തിരുമനസ്സിലെ പ്രിയ മാതാവ് അന്തരിച്ചിരിക്കുന്നു. സർവസംഗപരിത്യാഗിയെങ്കിലും പെറ്റമ്മയുടെ മരണവാർത്ത അറിഞ്ഞപ്പോൾ തിരുമേനിക്ക് കണ്ണുനീരടക്കാൻ കഴിഞ്ഞില്ല. അമ്മയെ ഒരു നോക്കു

www.malankaralibrary.com



കാണാനും അന്ത്യചുംബനം അർപ്പിക്കാനും കഴിയാതെ വന്നിരിക്കുന്നു. നാട്ടിലേക്കു പോയാൽ അമ്മയെ കാണും മുമ്പേ അറസ്റ്റാവും ഉണ്ടാവുക. തിരുമേനി മാതാവിന്റെ ആത്മശാന്തിക്കായി കുർബ്ബാന അർപ്പിച്ചു. ശവ സംസ്കാരം ആഘോഷപൂർവം നടത്തണമെന്ന് സഹോദരന് കമ്പിയടിച്ചു. അന്നു തന്നെ റോമിന് പുറപ്പെടുകയും ചെയ്തു.

തിരുമനസ്സിലെ മാതാവിന്റെ മൃതദേഹം വമ്പിച്ച വിലാപയാത്രയായി മാവേലിക്കരയിലെ പുതിയകാവ് മലങ്കര സുറിയാനി കത്തോലിക്കാ ദേവാലയത്തിൽ കൊണ്ടുവന്നു. ചങ്ങനാശ്ശേരിയിൽ നിന്നെത്തിയ പുരയ്ക്കാലച്ചനായിരുന്നു മുഖ്യ കാർമ്മികൻ. അനേകം വൈദികരും കന്യാസ്ത്രീകളും ബഹുശതം പൗരപ്രമാണികളും അസംഖ്യം ജനങ്ങളും പള്ളിയിൽ എത്തിയിട്ടുണ്ട്. ആൾക്കൂട്ടത്തെ മാറ്റിക്കൊണ്ട് ഏതാനും പോലീസുദ്യോഗസ്ഥന്മാർ പുരയ്ക്കലച്ചന്റെ അടുത്തെത്തി. അവിടെ ശ്മശാനം സ്ഥാപിക്കുവാൻ ഗവൺമെന്റ് അനുവാദം നല്കിട്ടില്ലെന്നും അതിനാൽ പള്ളിപ്പറമ്പിൽ മൃതദേഹം മറവു ചെയ്യാൻ പാടില്ലെന്നും അവർ അച്ചനെ അറിയിച്ചു. ബന്ധുക്കളും അഭ്യുദയകാംക്ഷികളും വിഷമിച്ചു. എതിർപക്ഷക്കാർക്ക് ഇതിൽപ്പരം സന്തോഷം വരാനില്ല. പുതിയ കത്തോലിക്കാ മെത്രാപ്പോപ്പോലീത്തായ്ക്ക് ജന്മനാട്ടിൽ നിന്നുതന്നെ കനത്ത തിരിച്ചടി. നിർണായകരമായ ഈ നിമിഷത്തിൽ മത്തായിപ്പണിക്കർ പോലീസ് ഇൻസ്പക്ടറുടെ അടുത്തേക്ക് ചെന്നു.

"എന്റെ അമ്മയുടെ മൃതദേഹം എന്റെ പുരയിടത്തിൽ സംസ്കരിക്കുന്നതിന് വിരോധമുണ്ടോ?"

"ഇല്ലേ, ഇല്ല"; ഇൻസ്പെക്ടറുടെ മറുപടി.

"ഛേ, അതു പാടില്ല പള്ളിപ്പറമ്പിൽതന്നെ ശവം അടക്കണം. അതാണ് നമ്മുടെ പാരമ്പര്യം." ബന്ധുക്കളും മറ്റും അഭിപ്രായപ്പെട്ടു. മത്തായിപ്പണിക്കർ യാതൊരു ഭാവഭേദവും കൂടാതെ തൂമ്പ കൈയിൽ വാങ്ങി പള്ളിമുറ്റത്തു നിന്നും അല്പം മാറി ഒരു സ്ഥാനത്ത് വെട്ടി. ഇൻസ്പെക്റും പോലീസുകാരും ഓടിച്ചെന്നു.

"ഹേയ് അതു പാടില്ല."

"എന്തുകൊണ്ട് പാടില്ല. ഇത് എന്റെ സ്വന്തം സ്ഥലമണ്. ഇവിടെ ഞാൻ എന്റെ അമ്മയെ അടക്കും. ങും.... മാറി നില്ക്കണം."

മത്തായിപ്പണിക്കർ കീശയിൽ നിന്നും ഒരു ആധാരമെടുത്ത് ഇൻസ്പെക്ടറെ കാണിച്ചു. ആ പോലീസുദ്യോഗസ്ഥർ മാത്രമല്ല എതിരാളികളെ

www.malankaralibrary.com



ല്ലാവരും ലജ്ജിച്ചു തലതാഴ്ത്തി. ഇതൊക്കെ മുൻകൂട്ടിക്കണ്ടിരുന്ന മത്തായിപ്പണിക്കർ അവിടെ അഞ്ച് സെന്റ് സ്ഥലം തന്റെ സ്വന്തം പേരിലാണ് എഴുതിച്ചിരുന്നത്. അവിടെ കൂടിയിരുന്ന അനുകൂലികളും പ്രതികൂലികളും അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തെ വാഴ്ത്തി.

റോമിലേക്ക് കപ്പൽ കയറിയ തിരുമേനിയോടൊപ്പം പ്രശസ്ത സാഹിത്യകാരനും ചങ്ങനാശ്ശേരി എസ്. ബി. കോളേജിലെ പ്രൊഫസറുമായ ഫാദർ സി. കെ. മറ്റവും ഉണ്ടായിരുന്നു. യാത്രയിൽ കഥാപുരുഷനെ സഹായിക്കുന്നതിനും ദ്വിഭാഷിയായി പ്രവർത്തിക്കുന്നതിനുമാണ് ബഹു. ഭാഷാപണ്ഡിതനായ അദ്ദേഹത്തെക്കൂടി കൊണ്ടു പോയത്. എട്ടു ദിവസത്തെ യാത്രയ്ക്കു ശേഷം ഏപ്രിൽ 12-ന് അവർ റോമിലെത്തി. അവിടെ പാഷ്യനിസ്റ്റ് വൈദികരുടെ ആശ്രമത്തിലായിരുന്നു അവരുടെ താമസം. തിരുമേനിയുടെ വേഷവിധാനം എല്ലാവരുടെയും ശ്രദ്ധ ആകർഷിച്ചു. പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രണേതാവിനെ ഒരു നോക്കു കാണുവാൻ നൂറുകണക്കിന് ആളുകൾ അദ്ദേഹത്തിന്റെ ചുറ്റും കൂടി. ഒട്ടേറെ സർവകലാശാലകളിലും സെമിനാരികളിലും സ്വീകരണയോഗങ്ങളിലും തിരുമേനി പ്രസംസിച്ചു. ഭാരതീയ സാഹിത്യം, മലയാള സാഹിത്യം, ഭാരതീയ തത്വചിന്ത, ഭാരതീയ ശില്പകലാവിദ്യ, വിശിഷ്ടാദ്വൈതം, ഭാരതീയ സുകുമാരകലകൾ, ഇന്ത്യയിൽ കലകളുടെ ആധുനിക നവോത്ഥാനം, കേരള സംസ്കാരം തുടങ്ങിയ ക്രൈസ്തവേതരമായ വിഷയങ്ങളെക്കുറിച്ചും അദ്ദേഹം പ്രഭാഷണങ്ങൾ നടത്തി.

തിരുമനസ്സിലെ അനിതരസാധാരണമായ പാണ്ഡിത്യവും പ്രസംഗചാതുര്യവും സാർവത്രികമായ പ്രശംസ പിടിച്ചുപറ്റി. ഏതു വിഷയത്തെപ്പറ്റിയും സരസമായും സുദീർഘമായും പ്രസംഗിക്കാനുള്ള കഴിവ് കഥാപുരുഷന് ശെമ്മാശനായിരുന്ന കാലം മുതൽക്കേ ഉണ്ടായിരുന്നു. മലയാളം, സുറിയാനി, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ അനിതര സാധാരണമായ പാടവത്തോടെ തിരുമേനി പ്രസംഗിച്ചിരുന്നു. ഒരേ വിഷയത്തിന്റെ വിവിധ വശങ്ങളെപ്പറ്റി ഇരുപതും മുപ്പതും ദിവസം നീണ്ടു നില്ക്കുന്ന ധ്യാന പ്രസംഗപരമ്പരകൾ കേരളത്തിന്റെ പല ഭാഗങ്ങളിലും അദ്ദേഹം നടത്തിയിട്ടുണ്ട്. സന്ദർഭോചിതമായ നർമ്മകഥകൾ കൊണ്ട് ശ്രോതാക്കളെ രസം പിടിപ്പിക്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

റോമിൽവച്ച് കർദ്ദിനാളന്മാർ, മെത്രാന്മാർ, അംബാസിഡർമാർ, രാജ്യതന്ത്രജ്ഞന്മാർ,, പ്രഭുക്കന്മാർ തുടങ്ങി സാധുക്കളായ യാചകർവരെ ധാരാളം പേരെ തിരുമേനി സന്ദർശിക്കുകയുണ്ടായി. എന്നാൽ ഏറ്റവും

www.malankaralibrary.com



അവിസ്മരണീയമായത് പരിശുദ്ധ പിതാവ് പതിനൊന്നാം പിയൂസ് മാർപ്പാപ്പായുമായി നടത്തിയ കൂടിക്കാഴ്ചകളായിരുന്നു. അന്ന് വത്തിക്കാനിലെ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന കാർഡിനൽ പച്ചെല്ലി (പിന്നീട് പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പ) യാണ് ഇതിനു വേണ്ട ക്രമീകരണങ്ങൾ നടത്തിയത്.

1932 ഏപ്രിൽ 26-ാം തീയതിയായിരുന്നു പ്രഥമസന്ദർശനം. മാർപ്പാപ്പായുടെ സെക്രട്ടറി മാർ ഈവാനിയോസ് തിരുമേനിയെ പരിശുദ്ധ പിതാവിന്റെ പക്കലേക്ക് കൂട്ടിക്കൊണ്ടുപോയി. മാർപ്പാപ്പാ സ്വന്തം മുറിയിൽ മേശയ്ക്കരികെ എഴുന്നേറ്റു നില്ക്കുകയായിരുന്നു. ക്രിസ്തുവിന്റെ വികാരിയും പത്രോസിന്റെ പിൻഗാമിയും ആഗോള കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനുമായ മാർപ്പാപ്പയെ മൂന്നു പ്രാവശ്യം തലകുനിച്ച് വണങ്ങിയശേഷം തിരുമേനി മുട്ടിന്മേൽ നിന്ന് അദ്ദേഹത്തിന്റെ കൈമുത്തി.

" പരിശുദ്ധ പിതാവേ, ധൂർത്തുപുത്രൻ സ്വപിതാവിന്റെ സമീപത്തേക്കു വരുന്നതുപോലെ ഞാനിതാ അവിടുത്തെ സന്നിധിയിലേക്ക് വന്നിരിക്കുന്നു." മുട്ടിന്മേൽ നിന്നുംകൊണ്ട് തന്നെ മാർ ഈവാനിയോസ് തിരുമേനി പറഞ്ഞു.

പരിശുദ്ധ പിതാവ് അദ്ദേഹത്തെ പിടിച്ചെഴുന്നേല്പിച്ച് മാറോടു ചേർത്തുപിടിച്ചുകൊണ്ട് കല്പിച്ചു. "താങ്കൾ എന്റെ പ്രിയപുത്രനാണ്." മെയ് രണ്ടാം തീയതി നടന്ന അടുത്ത സന്ദർശനത്തിൽ തിരുമേനി മാർപ്പാപ്പായ്ക്ക് ഒരു നിവേദനം സമർപ്പിച്ചു. തിരുവനന്തപുരം ആസ്ഥാനമാക്കി ഒരു അതിരൂപതയും തിരുവല്ല ആസ്ഥാനമാക്കി ഒരു രൂപതയും അടങ്ങിയ മലങ്കര സിറിയൻ ഹയരാർക്കി അനുവദിക്കണമെന്ന അഭ്യർഥന ആയിരുന്നു ഉള്ളടക്കം. പരിശുദ്ധ പിതാവ് അത് വായിച്ചു തീർന്ന ഉടനെ കല്പിച്ചു; "അനുവദിച്ചിരിക്കുന്നു."

അനന്തരം ഒരു സഞ്ചി ഉയർത്തിക്കാണിച്ചുകൊണ്ട് മാർപ്പാപ്പാ തിരുമേനി പറഞ്ഞു.

"ഇതു നിറയെ കത്തുകളാണ് എല്ലാം അങ്ങേയ്ക്കെതിരായി വന്നിട്ടുള്ളതാണ്."

ഇതുകേട്ട് ഈവാനിയോസ് തിരുമേനി പൊട്ടിക്കരഞ്ഞുപോയി. പരിശുദ്ധ പിതാവ് അദ്ദേഹത്തെ സാന്ത്വനപ്പെടുത്തിക്കൊണ്ട് ആർച്ച്ബിഷപ്പിന്റെ ഔദ്യോഗികചിഹ്നമായ 'പാലിയം' അണിയിച്ചുകൊടുത്തു. വെള്ള നിറമുള്ള ആട്ടിൻരോമം കൊണ്ട് നിർമ്മിച്ചതും രണ്ടിഞ്ച് വീതിയോടുകൂ

www.malankaralibrary.com



ടിയതും വൃത്താകൃതിയിലുള്ളതുമായ പാലിയം എപ്പിസ്കോപ്പൽ ഭരണത്തിന്റെ പരിപൂർണ ചുമതലയെ അനുസ്മരിക്കുന്നതിനു വേണ്ടിയാണ് മാർപ്പാപ്പ നല്കുന്നത്.

സന്ദർശനം കഴിഞ്ഞെത്തിയ തിരുമേനി പൗരസ്ത്യ തിരുസംഘത്തിലെ കർദ്ദിനാളന്മാരോടും മറ്റും പുതിയ ഹയരാർക്കിക്ക് പരിശുദ്ധ പിതാവ് നേരിട്ട് അനുമതി നല്കിയ വിവരം പറഞ്ഞു. ഇതെന്തു കഥ! ഇങ്ങനെ ഒരു സംഭവം കത്തോലിക്കാസഭയിൽ സാധാരണമല്ല. പുതിയ ഹയരാർക്കി അനുവദിച്ചുകിട്ടുകയെന്നത് വളരെയേറെ ബുദ്ധിമുട്ടുള്ളതും കാലതാമസമുള്ളതുമായ കാര്യമാണെന്ന് എല്ലാവർക്കും അറിയാം.

ഇറ്റലിയിലെ യൂണിവേഴ്സിറ്റി വിദ്യാർഥികളുടെ കൂടെ ആയിരുന്നു മൂന്നാമത്തെ സന്ദർശനം പരിശുദ്ധപിതാവ് വിദ്യാർഥികളോട് ചെയ്ത പ്രസംഗത്തിനിടയ്ക്ക് മാർ ഈവാനിയോസ് തിരുമേനിയെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. അടുത്ത സന്ദർശനം മാർപ്പാപ്പാ തിരുമേനിക്ക് ജന്മദിനാശംസകൾ സമർപ്പിക്കുന്നതിനു വേണ്ടിയായിരുന്നു. അഞ്ചാമത്തേതും അവസാനത്തേതുമായ സന്ദർശനത്തിൽ ഇരുവരും തമ്മിൽ സുദീർഘമായ സംഭാഷണം നടന്നു. ഇന്ത്യയിലെ ക്രൈസ്തവ സഭയെപ്പറ്റിയാണ് അവർ പ്രധാനമായും ചർച്ച ചെയ്തത്. ബ്രിട്ടീഷ് ചക്രവർത്തിക്കുള്ള ഒരു സന്ദേശം പരിശുദ്ധപിതാവ് മാർ ഈവാനിയോസ് തിരുമേനിയെ ഏല്പ്പിച്ചു.

"എന്റെ ജീവിതത്തിലെ ഏറ്റവും ആനന്ദസംദായകമായ ദിവസങ്ങൾ" എന്നാണ് രണ്ടരമാസം നീണ്ടു നിന്ന റോമാ സന്ദർശനത്തെ ആർച്ച് ബിഷപ്പ് തിരുമേനി വിശേഷിപ്പിച്ചത്.

www.malankaralibrary.com

അധ്യായം എട്ട്

# പൊൻതാരമേ, ജയിച്ചാലും

റോമാസന്ദർശനത്തിനു ശേഷം 1932 ജൂലൈ രണ്ടാം തീയതി ആർച്ച് ബിഷപ്പ് തിരുമേനി അയർലണ്ടിലെ ഡബ്ലിനിലേക്ക് തിരിച്ചു. അഖിലലോക ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ 31-ാം സമ്മേളനത്തിൽ അദ്ദേഹത്തിന് പങ്കെടുക്കേണ്ടിയിരുന്നു. തിരുമേനി ഡബ്ലിനിൽ ഈശോസഭാ സന്യാസ സമൂഹത്തിലെ വൈദികരുടെ അതിഥി ആയിരുന്നു. ദിവ്യകാരുണ്യ കോൺഗ്രസ്സിൽ മലങ്കര റീത്തിലുള്ള ആഘോഷപൂർവമായ വിശുദ്ധ കുർബ്ബാന സമർപ്പിക്കുന്നതിനുള്ള അവസരം തിരുമേനിക്ക് ലഭിച്ചു. പാശ്ചാത്യർ അത്ഭുതാദരങ്ങളോടുകൂടിയാണ് തിരുമേനിയുടെ കുർബ്ബാനയിൽ സംബന്ധിച്ചത്. അത്രയ്ക്ക് ഭക്തി നിർഭരവും വർണോജ്ജ്വലവുമായിരുന്നു അത്.

“കത്തോലിക്കാ സഭയ്ക്ക് ലോകമെങ്ങുമുള്ള ശക്തിയുടെയും കെട്ടുറപ്പിന്റെയും ഏറ്റവും മനോജ്ഞമായ പ്രകടനം.” ഡബ്ലിനിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിനെപ്പറ്റി തിരുമേനി പറഞ്ഞു. ഡബ്ലിനിൽ വച്ച് സുപ്രസിദ്ധ ഇംഗ്ലീഷ് സാഹിത്യകാരനായ ജി. കെ. ചെസ്റ്റർട്ടനെ കണ്ട് സംഭാഷണം നടത്തുന്നതിനുള്ള അവസരം തിരുമേനിക്ക് ലഭിച്ചു. ഗവർണറുടെ വിരുന്നു സത്കാരത്തിൽ വച്ചായിരുന്നു അവർ തമ്മിൽ കണ്ടുമുട്ടിയത്. കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട് ഇംഗ്ലണ്ടിൽ വലിയ കോളിളക്കം സൃഷ്ടിച്ച വിവാദ പുരുഷൻ കൂടിയായിരുന്നു ചെസ്റ്റർട്ടൻ. ‘യൂണിവേഴ്സ്’ എന്ന പത്രത്തിൽ ദിവ്യകാരുണ്യ കോൺഗ്രസ്സിനെപ്പറ്റി എഴുതിയ ലേഖന പരമ്പരയിലൊരിടത്ത് പ്രസ്തുത കൂടികാഴ്ചയുടെ കഥ അദ്ദേഹം സരസമായി വർണിച്ചിട്ടുണ്ട്. രാജാവായി വാണ ‘പ്രെസ്റ്റർ ജോൺ’ എന്ന ഐതിഹ്യ പ്രസിദ്ധനായ പുരോഹിതനോടാണ് തിരുമേനിയെ ചെസ്റ്റർട്ടൺ സാദൃശ്യപ്പെടുത്തുന്നത്.

www.malankaralibrary.com




പിന്നീട് ഇംഗ്ലണ്ടിലെത്തിയ ആർച്ച്ബിഷപ്പ് തിരുമേനി ജോർജ്ജ് അഞ്ചാമൻ ചക്രവർത്തിയെയും രാജ്ഞിയെയും സന്ദർശിച്ചു. മാർപ്പാ തിരുമനസ്സുകൊണ്ട് കൊടുത്തയച്ച സന്ദേശം അവരെ ഏല്പിക്കുകയും ദീർഘ നേരം സംഭാഷണം നടത്തുകയും ചെയ്തു. ബക്കിംഗാം കൊട്ടാരത്തിൽ ഒരു ഗാർഡൻ പാർട്ടിയിൽ തിരുമേനി സംബന്ധിച്ചു. ഇന്ത്യൻ അംബാസിഡർ നടത്തിയ മറ്റൊരു ഗാർഡൻ പാർട്ടിയിലും അദ്ദേഹം പങ്കെടുത്തു. ഇംഗ്ലണ്ടിലെ മൂന്നാഴ്ചക്കാലത്തെ സന്ദർശനത്തിനിടയിൽ ധാരാളം പ്രസംഗയോഗങ്ങളിലും സ്വീകരണങ്ങളിലും അദ്ദേഹം പങ്കെടുത്തു. ഫിറ്റ്സാലൻ പ്രഭുവിന്റെ അധ്യക്ഷതയിൽ നടന്ന വമ്പിച്ച ഒരു യോഗത്തിൽ തന്റെ പുനരൈക്യ കാരണങ്ങൾ തിരുമേനി വിശദീകരിച്ചു. തുടർന്ന് ബൽജിയത്തിൽ ഒരു മാസക്കാലം അദ്ദേഹം പര്യടനം നടത്തി. അവിടത്തെ രാജാവിനെയും രാജ്ഞിയെയും രാജ്യതന്ത്രജ്ഞന്മാരെയും സഭാധികാരികളെയും മറ്റും അദ്ദേഹം സന്ദർശിക്കുകയും നിരവധി പ്രസംഗങ്ങൾ നടത്തുകയും ചെയ്തു.

വിജയകരമായ ഈ പര്യടനത്തിനിടയിൽ പരിഭ്രമജനകമായ ഒരു വാർത്ത് തിരുമേനിക്കു കിട്ടി. തിരുവനന്തപുരം അതിരൂപത അനുവദിച്ചു കൊണ്ടുള്ള ബുളാ റദ്ദുചെയ്തുകൊണ്ട് തിരുവനന്തപുരത്ത് ലത്തിൻ രൂപതയ്ക്ക് അനുവാദം നല്കിയിരിക്കുന്നവത്രേ. ഇതിന്റെ നിജസ്ഥിതിയെപ്പറ്റി തിരുമേനി റോമിൽ അന്വേഷണം നടത്തി. വാർത്ത അടിസ്ഥാനരഹിതമാണെന്ന് അവിടെ നിന്നും ഉറപ്പുകിട്ടി. എങ്കിലും എത്രയും വേഗം തിരുവനന്തപുരത്തെത്തി അതിരൂപതയുടെ ആസ്താനമുറപ്പിക്കുകയാണു വേണ്ടതെന്ന് തിരുമേനിക്കു തോന്നി. റോയൽ ഡച്ച് എയർവെയ്സിന്റെ വിമാനത്തിൽ കറാച്ചിയിലേക്ക് തിരിച്ചു. യാത്ര അഞ്ചു ദിവസം നീണ്ടു നിന്നു. തിരുമേനി വിമാനത്തിൽ വച്ചു തന്നെ ദിവ്യബലി അർപ്പിക്കുകയുണ്ടായി. കറാച്ചിയിൽ നിന്നും കേരളത്തിലേക്ക് മടങ്ങുന്നതിനിടയ്ക്ക് തിരുമേനി ഡലിഗേറ്റ് അപ്പസ്തോലിക്കാ (മാർപ്പാപ്പായുടെ പ്രതിനിധി)യെ സന്ദർശിച്ചു. 1932 ഒക്ടോബർ 30-ാം തീയതി രാത്രി പത്ത് മണിയോടുകൂടി മാർ ഈവാനിയോസ് തിരുമേനിയും ഫാദർ സി. കെ. മറ്റവും തിരുവനന്തപുരത്തെത്തി.

ആറുമാസത്തെ വിദേശപര്യടനത്തിനു ശേഷം മടങ്ങിയെത്തിയ ആർച്ച്ബിഷപ്പ് തിരുമേനിയെ സ്വീകരിക്കുവാൻ അക്രൈസ്തവരടക്കം ഒരു വലയ ജനക്കൂട്ടം റയിൽവേസ്റ്റേഷനിൽ കാത്തു നില്പ്പുണ്ടായിരുന്നു. അക്കൂട്ടത്തിൽ മഹാകവി വള്ളത്തോളുമുണ്ട്ഇതിനിടെ കറന്റു പോയതി

www.malankaralibrary.com





*മഹാകവി വള്ളത്തോൾ*

നാൽ സർവത്ര ഇരുട്ടായി. എന്നാൽ ട്രയിൻ വന്നു നിന്ന് തിരുമേനി ഇറങ്ങിയതും ബൾബുകൾ വീണ്ടും പ്രകാശിച്ചതും ഒരുമിച്ചായിരുന്നു.

"അന്ധകാരമധ്യേ ഞങ്ങൾ
ക്കാശ്വാസമേകുവാൻ വന്ന
പൊൻതാരകമേ, ജയിച്ചാലും
മേൽക്കുമേൽ ഭൂമൗ."

എന്നു പാടിക്കൊണ്ട് മഹാകവി വള്ളത്തോൾ ആർച്ച്ബിഷപ്പ് തിരുമേനിയെ ഹാരമണിയിച്ച് സ്വീകരിച്ചു. അനേകം കാറുകളുടെ അകമ്പടിയോടെ തിരുമേനിയെ കനകക്കുന്നിനടുത്ത് പുതുതായി വാടകയ്ക്കെടുത്ത കെട്ടിടത്തിലേക്ക് ആനയിച്ചു. അദ്ദേഹം തന്റെ വിദേശ പര്യടനത്തെപ്പറ്റി ഒരു ചെറിയ പ്രസംഗം നടത്തുകയും അവിടെ സന്നിഹിതരായിരുന്ന എല്ലാവരെയും ആശീർവദിക്കുകയും ചെയ്തു.

www.malankaralibrary.com

അധ്യായം ഒമ്പത്

# പ്രതിബന്ധങ്ങൾക്കിടയിലൂടെ

മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് മാർ ഈവാനിയോസ് തിരുമേനിക്ക് അനുവദിച്ച വമ്പിച്ച ആനുകൂല്യങ്ങളെപ്പറ്റി അറിഞ്ഞപ്പോൾ കൊല്ലം മെത്രാനായ ബൻസിഗർ തിരുമേനി അത്ഭുതപ്പെട്ടു. 1902 മുതൽ അദ്ദേഹം ആവശ്യപ്പെടുന്ന ഒരു കാര്യമുണ്ട് ചെങ്ങന്നൂർ മുതൽ കന്യാകുമാരി വരെ വ്യാപിച്ചു കിടക്കുന്ന കൊല്ലം രൂപതയെ വിഭജിച്ച് തിരുവനന്തപുരത്ത് ഒരു ലാറ്റിൻ രൂപത സ്ഥാപിക്കണം. ഇക്കാലമത്രയും തിരുസിംഹാസനം ആ അപേക്ഷ ചെവിക്കൊണ്ടില്ലെന്നു മാത്രമല്ല, താൻ തന്നെ പുനരൈക്യപ്പെടുത്തിയ മാർ ഈവാനിയോസ് തിരുമേനിക്ക് തിരുവനന്തപുരത്ത് ഒരു അതിരൂപത തന്നെ അനുവദിച്ചു കൊടുക്കുകയും ചെയ്തിരിക്കുന്നു. ഇതിനിടെ കൊല്ലം രൂപതാ ഭരണം രാജിവച്ച് തിരുവനന്തപുരത്ത് മൗണ്ട് കാർമൽ നവ സന്യാസി മന്ദിരത്തിൽ വിശ്രമിച്ചു വന്ന സ്വിറ്റ്സർലന്റ് സ്വദേശിയും കർമ്മലിത്താ സന്യാസിസഭയിലെ അംഗവുമായിരുന്ന അദ്ദേഹത്തോട് പുതിയ അതിരൂപതയുടെ ഉദ്ഘാടന കർമ്മം നിർവഹിക്കുവാനും അപ്പസ്തോലിക് ഡലിഗേറ്റ് ആവശ്യപ്പെട്ടിരിക്കുന്നു. അതിലേക്കുള്ള തീയതിയും നിശ്ചയിക്കപ്പെട്ടു കഴിഞ്ഞു. 1933 മാർച്ച് 12.

തന്റെ അതിരൂപതയുടെ ഉദ്ഘാടനത്തിന് തീയതി നിശ്ചയിച്ചു കഴിഞ്ഞുവെങ്കിലും മാർ ഈവാനിയോസ് തിരുമേനിക്ക് ഒരു വലിയ പ്രശ്നം. അന്ന് മലങ്കര കത്തോലിക്കാസഭയുടെ പള്ളിയെന്നു പറയാവുന്ന ഒരു സ്ഥാപനവും അതിരൂപതയുടെ ആസ്ഥാനമായ തിരുവനന്തപുരത്ത് ഉണ്ടായിരുന്നില്ല. പക്ഷേ ആർച്ച്ബിഷപ്പിന്റെ സ്ഥാനാരോഹണം അദ്ദേഹത്തിന്റെ അധികാരത്തിൻ കീഴിൽ വരുന്ന ഒരു പള്ളിയിൽ വച്ചായിരിക്കണമെന്നത് സഭയുടെ അലംഘനീയ നിയമമാണ്.

ഈ വിഷമ സന്ധിയിൽ ഒരു മാർഗം തുറന്നു തരുന്നതിനു വേണ്ടി തിരുമേനി മുട്ടിപ്പായി പ്രാർഥിച്ചു. ബഥനി ആശ്രമസ്ഥരും പുനരൈക്യപ്പെട്ട വിശ്വാസികളും ഇതിൽ പങ്കു ചേർന്നു. തീയതി അടുത്തു വരും

www.malankaralibrary.com



തോറും അപ്പോസ്തോലിക് ഡലിഗേറ്റിനു പോലും പരിഭ്രമമായി. ആ അവസരത്തിലാണ് തിരുവനന്തപുരത്ത് നഗരത്തിന്റെ ഹൃദയഭാഗത്തുള്ള പാളയത്തെ പോമ്പിഡോർ സിനിമാശാല വില്ക്കാൻ പോകുന്നതായി തിരുമേനി അറിഞ്ഞത്. പിന്നെ ആലോചിച്ചു നിന്നില്ല. അദ്ദേഹം അത് വിലയ്ക്കു വാങ്ങി. നൂറുകണക്കിന് ജോലിക്കാർ രാപകലില്ലാതെ അധ്വാനിച്ചതിന്റെ ഫലമായി ഉദ്ഘാടനത്തിന്റെ തലേന്നാൾ അർധരാത്രിയോടെ പള്ളിയുടെ പണി പൂർത്തിയായി. അങ്ങനെ പോമ്പിഡോർ തിയേറ്റർ താത്കാലിക ഭദ്രാസന ദേവാലയമായി രൂപാന്തരപ്പെട്ടു. അതിന്റെ കൂദാശയും കൂടി കഴിഞ്ഞ ശേഷം മാർച്ച് 12-ാം തീയതി അതിരൂപതയുടെ ഉദ്ഘാടനം അതിഗംഭീരമായി നടന്നു.

നാട്ടുകാർ പുതിയ ദേവാലയത്തിന് ഒരു ഓമനപ്പേരിട്ടു തകരപ്പള്ളി. താമസിയതെ അതൊരു ഇടവക ദേവാലയമായിത്തീർന്നതിനാൽ ആർച്ച്ബിഷപ്പിന്റെ ആസ്ഥാനം പട്ടത്തേക്ക് മാറ്റേണ്ടി വന്നു.

www.malankaralibrary.com

**അധ്യായം പത്ത്**

# പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക്

പ്രതിബന്ധങ്ങൾക്കിടയിലും പുനരൈക്യപ്രസ്ഥാനം ഉത്തരോത്തരം പുരോഗതി പ്രാപിച്ചുക്കൊണ്ടിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ അനന്യസാധാരണമായ ദൈവാശ്രയവും വ്യക്തി പ്രഭാവവും മൂലമാണ് ഇത് സാധ്യമായത്.

അഭിവന്ദ്യരായ രണ്ട് റമ്പാച്ചന്മാർക്കും ബഥനിയിലെ സന്യാസിനീ സന്യാസികൾക്കും പുറമേ ഓർത്തഡോക്സ് സഭയിൽ നിന്നും അതി പ്രമുഖരായ ധാരാളം വൈദികർ കത്തോലിക്കാ സഭയിൽ ചേർന്നു ആദ്യത്തെ മൂന്നു നാലു വർഷത്തിനുള്ളിൽ ഇങ്ങനെ ചേർന്നവർ അമ്പ തിലധികം വരും. ഈ കാലയളവിൽ ഇരുപതിനായിരത്തോളം ജനങ്ങൾ പുനരൈക്യപ്പെടുകയും ഏതാണ്ട് 160 മിഷൻ കേന്ദ്രങ്ങൾ സ്ഥാപിത മാവുകയും ചെയ്തു. വട്ടശ്ശേരിൽ തിരുമേനിയുടെ ബന്ധവും വിശ്വസ്ത നുമായ ശ്രീ വി. എ. വർഗീസ്, ആ തിരുമേനിയുടെ സെക്രട്ടറി ശ്രീ. കെ. വി. ചാക്കോ, തിരുവിതാംകൂറിലെ ഡിസ്ട്രിക്ട് ജഡ്ജി ശ്രീ. എ. പീലി പ്പോസ് തുടങ്ങി ധാരാളം പൗരപ്രമാണികൾ മാർ ഈവാനിയോസ് തിരു മേനിയെ അനുഗമിച്ചു. അതേ സമയം ആയിരക്കണക്കിന് അവർണ ഹിന്ദു ക്കളെ മാനസാന്തരപ്പെടുത്തി ക്രൈസ്തവരാക്കുന്നതിനും തിരുമേനിക്ക് കഴിഞ്ഞു. സുറിയാനി ക്രിസ്താനികളെ സംബന്ധിച്ചിടത്തോളം അവരുടെ സുദീർഘമായ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ സുവിശേഷഘോ ഷണ രംഗത്തുള്ള ആദ്യത്തെ കാര്യമായ കാൽവെയ്പ്പായിരുന്നു ഇത്.

തീണ്ടലും തൊടീലും മറ്റ് ദുരാചാരങ്ങളും കൊടികുത്തിവാണിരുന്ന അക്കാലത്ത് ദലിതരുടെയും മറ്റ് അവർണരുടെയും ഭവനങ്ങൾ സന്ദർശിക്കു ന്നതിനും അവരുടെ ഭക്ഷണം കഴിക്കുന്നതിനും തിരുമേനി ശ്രദ്ധപതിപ്പിച്ചു. ഒരു ദലിത് വീട്ടമ്മയോട് തിരുമേനി കുടിക്കുവാൻ ചോദിച്ചപ്പോൾ ഗൃഹ നാഥൻ കരിക്ക് വെട്ടുവാൻ ഓടി. ആർച്ച്ബിഷപ്പ് അയാളെ തടഞ്ഞു നിർത്തിയ ശേഷം കഞ്ഞിവെള്ളം ചോദിച്ചു വാങ്ങി കുടിച്ചു.

www.malankaralibrary.com





*1. ഡോ. എൻ. എ. തോമസ്, പ്രിൻസിപ്പൽ*
*2. സർ. രാമസ്വാമി മുതലിയാർ, വൈസ് ചാൻസലർ*
*3. അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് രക്ഷാധികാരിയും സ്ഥാപകനും*
*4. ശ്രീ. പരമേശ്വര പണിക്കർ, പ്രൊ-വൈസ് ചാൻസലർ*

തെക്കൻ തിരുവിതാംകൂറിലെ മിഷൻ പ്രവർത്തനങ്ങൾക്ക് തിരുമേനിയെ സഹായിച്ചവരിൽ പ്രധാനി ചങ്ങനാശ്ശേരി രൂപതയിൽ നിന്ന് വന്ന ബഹുമാനപ്പെട്ട ജോസഫ് കുഴിഞ്ഞാലിലച്ചൻ ആയിരുന്നു. അച്ചന്റെ ഉത്സാഹത്തിൽ മിഷനറി പ്രവർത്തനങ്ങൾക്കായി മാർത്താണ്ഡം കേന്ദ്രീകരിച്ച 'മേരിമക്കൾ' എന്ന പേരിൽ ഒരു സന്യാസിനീ സമൂഹം രൂപീകൃതമായി. കർമ്മലിത്താ, ഫ്രാൻസിസ്കൻ, ഈശോസഭ തുടങ്ങി കത്തോലിക്കാ സഭയിലെ പല സന്യാസ സമൂഹങ്ങളും സുവിശേഷവത്കരണത്തിൽ തിരുമേനിയെ അകമഴിഞ്ഞ് സഹായിച്ചു.

സുവിശേഷഘോഷണത്തിലും ക്രിസ്തുമത പ്രചാരണത്തിലും ബഥനി ആശ്രമസ്ഥരുടെ സേവനം കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി ആശ്രമത്തിലെ ആസ്ഥാനം വെണ്ണിക്കുളത്തു നിന്നു തിരുവനന്തപുരത്തേക്ക് മാറ്റുന്നതിന് തീരുമാനിച്ചു. അതിരൂപതയുടെ ഉദ്ഘാടനം കഴിഞ്ഞ ഉടനേ തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ പന്ത്രണ്ടേക്കർ സ്ഥലം വാങ്ങി. ആശ്രമം അവിടേക്കു മാറ്റി. മൂന്നു വർഷം കൂടി കഴിഞ്ഞിട്ടേ നാലാഞ്ചിറയിൽ കന്യാസ്ത്രീമഠം സ്ഥാപിക്കുവാൻ കഴിഞ്ഞുള്ളു. “ദൈവാനുഗ്രഹത്താൽ ഇന്നിത്രയും വളരുവാനിടയായ പുനരൈക്യപ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിലായിരുന്നത് ബഥനി ആശ്രമമായിരുന്നു എന്നുള്ളത് നാമേവരും കൃതജ്ഞതാപൂർവം സ്മരിക്കേണ്ടതാണ്.... ഈ പ്രസ്ഥാനത്തിനു വേണ്ടി ആശ്രമാംഗങ്ങൾ നമ്മോടുകൂടി നിസ്സ്വാർത്ഥമായും പരിത്യാഗ ബുദ്ധിയോടും തീഷ്ണതാപൂർവം സഹകരിച്ചിട്ടുണ്ട്” എന്ന് ഒരു ഇടയ ലേഖനത്തിൽ ആർച്ച്ബിഷപ്പ് തിരുമേനി അനുസ്മരിക്കുകയുണ്ടായി. പരിശീലനം സിദ്ധിച്ച വൈദികരുടെ ദൗർലഭ്യം പരിഹരിക്കുന്നതിലേക്ക് തിരുവല്ലയിലും തിരുവനന്തപുരത്തും മൈനർ സെമിനാരികൾ സ്ഥാപിക്കുന്നതിനും വൈദികാർഥികൾക്ക് മികച്ച പരിശീലനം നല്കുന്നതിനും തിരുമേനി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതിരൂപതയുടെ

www.malankaralibrary.com





*കേന്ദ്ര ആരോഗ്യ മന്ത്രി രാജകുമാരി അമൃത കൗർ 1950-ൽ മാർ ഈവാനിയോസ് കോളേജ് സന്ദർശിച്ചപ്പോൾ തിരുമേനിയോടൊപ്പം*

ഭരണചക്രം തിരിക്കുന്നതിനിടയിലും സെമിനാരിയിൽ ക്ലാസ്സുകൾ എടുക്കുന്നതിനും വൈദികാർഥികളുമായി ഇടപഴകുന്നതിനും അദ്ദേഹം സമയം കണ്ടെത്തി.

പള്ളികൾ മാത്രമല്ല വിദ്യാലയങ്ങളും പുനരൈക്യപ്രസ്ഥാനത്തിന്റെ വളർച്ചക്ക് അത്യന്താപേക്ഷിതമാണെന്ന് തിരുമേനി മനസ്സിലാക്കിയിരുന്നു. അതിനാൽ ധാരാളം സ്കൂളുകൾ പുതുതായി ആരംഭിച്ചു. വേറെ ചില സ്കൂളുകൾ വിലയ്ക്കുവാങ്ങി. സ്വദേശമായ മാവേലിക്കരയിൽ ഒരു ഒന്നാം ഗ്രേഡ് കോളേജ് സ്ഥാപിക്കണമെന്ന് തിരുമേനിക്ക് ആഗ്രഹമുണ്ടായിരുന്നു. അതിന്റെ പ്രാരംഭമായി ഒരു സ്കൂൾ തുടങ്ങാൻ അദ്ദേഹം തീരുമാനിച്ചു. തുച്ഛമായ ശമ്പളം പറ്റിക്കൊണ്ട് ത്യാഗമനസ്ഥിതിയോടെ പ്രവർത്തിക്കുവാൻ ഒരുക്കമുള്ള അധ്യാപകരെ കിട്ടാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. അതിനാൽ സ്വന്തം അനന്തവരനായ കുഞ്ഞിനോട് (ശ്രീ. കെ. തോമസ്) പൊതുമരാമത്തുവകുപ്പിലെ ഉയർന്ന ഉദ്യോഗം രാജിവച്ച് സ്കൂളിന്റെ ഹെഡ്മാസ്റ്ററായി പ്രവർത്തിക്കുവാൻ തിരുമേനി അഭ്യർഥിച്ചു. കുറഞ്ഞ കാലംകൊണ്ട് പ്രഗൽഭനായ അധ്യാപകനെന്ന പേര് സമ്പാദിച്ച അദ്ദേഹം അകാലചരമമടഞ്ഞതിനാൽ ആ വിദ്യാലയം തുടർന്ന് നടത്താൻ തിരുമേനിക്കു കഴിഞ്ഞില്ല. അങ്ങനെ സ്വദേശത്ത് ഒരു കേളേജ് സ്ഥാപിക്കണമെന്ന തിരുമേനിയുടെ ആഗ്രഹം പൊലിഞ്ഞുപോയി.

തിരുമേനിയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മകുടം ചാർത്തിയത് മാർ ഈവാനിയോസ് കോളേജിന്റെ സ്ഥാപനമാണ്. പുനരൈക്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ തിരുമേനിയുടെ നിത്യസ്മാരകമായി നിലകൊള്ളുന്ന ആ മഹാസ്ഥാപനം അദ്ദേഹത്തിന്റെ നാമഹേതുകനായ സ്വർണ നാവുകാരൻ വിശുദ്ധ ഈവാനിയോസിന്റെ പേരിലാണ് സ്ഥാപിച്ചിരിക്കുന്നത്.

തന്റെ ഇരുപത്തിയെട്ടു വർഷത്തെ അതിരൂപതാ ഭരണത്തിനിടയിൽ 78 പ്രൈമറി സ്കൂളുകളും 18 മിഡിൽ സ്കൂളുകളും 15 ഹൈസ്കൂളുകളും

www.malankaralibrary.com





*മാർ ഈവാനിയോസ് കോളേജിലെ ആദ്യകാല അധ്യാപകരും മറ്റു ജീവനക്കാരും അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം*

രണ്ട് ട്രെയിനിംഗ് സ്കൂളുകളും ഒരു കോളേജും സ്ഥാപിക്കുന്നതിനും അവ അത്യുന്നതമായ നിലവാരത്തിൽ നടത്തിക്കൊണ്ടു പോവുന്നതിനും തിരുമേനിക്ക് കഴിഞ്ഞു. ഒരു നവജാത രൂപതയുടെ ഇല്ലായ്മയിൽ നിന്നും പള്ളികൾക്കും പള്ളി വക സ്ഥാപനങ്ങൾക്കും പുറമേ ഇത്രയും വിദ്യാസ മന്ദിരങ്ങൾ കൂടി സ്ഥാപിച്ചു നടത്താൻ തിരുമേനിക്ക് കഴിഞ്ഞുവെന്നത് അദ്ഭുതകരം മാത്രമല്ല, അവിശ്വസനീയം കൂടിയാണ്.



---

*ഈ അധ്യായത്തിൽ ചേർത്തിട്ടുള്ള ചിത്രങ്ങൾ മാർ ഈവാനിയോസ് കോളേജ് ലൈബ്രറിയിലെ ആർക്കൈവിൽസിൽ നിന്ന് ലഭിച്ചിട്ടുള്ളതാണ്*

www.malankaralibrary.com

അധ്യായം പതിനൊന്ന്

# പുനരൈക്യ പ്രസ്ഥാനം വീണ്ടും ശക്തി പ്രാപിക്കുന്നു

ചുരുങ്ങിയ കാലത്തിനുള്ളിൽ ഒട്ടനേകം വൈദികരെയും പതിനായിരക്കണക്കിന് ജനങ്ങളെയും പുനരൈക്യപ്പെടുത്തിയ ആർച്ച്ബിഷപ്പ് തിരുമേനി മറ്റു ചില അഭിവന്ദ്യ തിരുമേനിമാരെക്കൂടി കത്തോലിക്കാസഭയിലേക്ക് കൊണ്ടു വരുന്നതിന് തീവ്രമായി പരിശ്രമിച്ചു. തിരുമേനിയുടെ നാട്ടുകാരനും വാത്സല്യഭാജനവും പുനരൈക്യപ്രസ്ഥാനത്തിന്റെ ആവിർഭാവത്തെത്തുടർന്ന് ഓർത്തഡോക്സ് സഭയിൽ ആധ്യാത്മിക നവോത്ഥാനത്തിന് നേതൃത്വം കൊടുത്തദേഹവുമായ മാർത്തോമ്മാ ദീവന്നാസ്യോസ് മെത്രാപോലീത്താ അനുസ്മരിക്കുന്നതു നോക്കുക.

"അദ്ദേഹത്തിന്റെ സഭാപരിവർത്തനാനന്തരം നാം മേൽപ്പട്ടക്കാരനായ ശേഷവും അതിനുമുമ്പ് പലപ്പോഴും അദ്ദേഹത്തെ അനുഗമിക്കാനും ഭരണകാര്യത്തിൽ സഹകരിക്കാനും നമ്മെ നിർബന്ധിച്ചിട്ടുണ്ട്." ഇത്തരം പരിശ്രമങ്ങളിൽ ആദ്യം ഫലവത്തായത് നിരണം ഭദ്രാസനാധിപൻ മാർ സേവേറിയോസിന്റെ പുനരൈക്യമാണ്. എം. ഡി. സെമിനാരിൽ മാർ ഈവാനിയോസ് തിരുമേനിയുടെ വിദ്യാർത്ഥി ആയിരുന്നെങ്കിലും അദ്ദേഹം പിൽക്കാലത്ത് പുനരൈക്യപ്രസ്ഥാനത്തിന്റെ പരമ ശത്രുവായിത്തീർന്നു. സേവേറിയോസ് തിരുമേനിയുടെ ജ്യേഷ്ഠസഹോദരനായ ശ്രീ. വി. ഒ. വർഗീസ് നേരത്തേതന്നെ കാത്തോലിക്കാ സഭയിൽ ചേർന്നിരുന്നു. രണ്ടു തിരുമേനിമാരും തമ്മിലുള്ള രഹസ്യമായ ഒരു കൂടികാഴ്ചയ്ക്ക് ശ്രീ. വർഗീസാണ് കളമൊരുക്കിയത്. സഭാസംബന്ധമായ കാര്യങ്ങൾ അവർ ദിർഘനേരം സംസാരിച്ചു. അനന്തരം പരുമല അരമനയിൽ തിരിച്ചെത്തിയ മാർ സേവേറിയോസ് തിരുമേനി തന്റെ പുനരൈക്യ തീരുമാനം അറിയിച്ചുകൊണ്ട് മാർപ്പാപ്പാ തിരുമേനിക്കും കാതോലികാബാവാ തിരുമേനിക്കും ഓരോ കത്തെഴുതി. കുർബാനപ്പെട്ടി മാത്രം എടുത്തുകൊണ്ട് തിരുവനന്തപുരത്തേക്കു തിരിച്ചു. അതിരാവിലെ ഉള്ള ഈ യാത്ര എങ്ങോട്ടാണെന്ന് ആർക്കും ഒരു പിടിയും കിട്ടിയില്ല. ആരോടും പറഞ്ഞതുമില്ല.

www.malankaralibrary.com





പുനരൈക്യപ്പെട്ട അഭിവന്ദ്യ തിരുമേനിമാർ
മാർ ദിയസ്കോറസ്, മാർ തെയോഫിലോസ്, മാർ ഈവാനിയോസ്, മാർ സേവേറിയോസ്

പക്ഷേ പരുമലയിലെ ഓർത്തഡോക്സ് പ്രമാണിമാർക്ക് ഒരു സംശയം ഈ പോക്ക് ആർച്ച്ബിഷപ്പിന്റെ അടുത്തേക്കായിരിക്കുമോ? എന്തായാലും മൂന്നു കാറുകളിൽ അവർ തിരുവനന്തപുരത്തേക്ക് വച്ചുപിടിച്ചു. അവിടെ ചെന്നപ്പോഴാണ് അറിയുന്നത് മാർ ഈവാനിയോസ് തിരുമേനി കന്യാകുമാരിക്ക് പോയിരിക്കുകയാണെന്ന്. കാറുകൾ നേരെ അങ്ങോട്ടു വിട്ടു. കുറേദൂരം പോയപ്പോഴാണ് കന്യാകുമാരി വരെ ചെന്നെത്താനുള്ള പെട്രോൾ തങ്ങളുടെ വണ്ടികളിൽ ഇല്ലെന്ന് പ്രമാണിമാർക്ക് ഓർമ്മവന്നത്. ആ പ്രദേശത്തെങ്ങും പെട്രോൾ കിട്ടാനുമില്ല. അവർ ആ ഉദ്യമം മതിയാക്കി തിരിയെപ്പോന്നു.

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നതിന് മാർ സേവേറിയോസ് തിരുമേനി പൊടുന്നനെ എത്തിച്ചേരുമെന്ന് ആർച്ച്ബിഷപ്പ് കരുതിയിരുന്നില്ല. എന്നാൽ സത്യമെന്ന് ബോധ്യപ്പെട്ട വിശ്വാസം സ്വീകരിക്കുന്നതിന് ഒരു നിമിഷവും കാത്തിരിക്കുവാൻ നിരണം മെത്രാൻ തയ്യാറായിരുന്നില്ല. 1917 നവംബർ 23-ാം തീയതി തിരുവനന്തപുരത്തു വച്ച് മാർ ഈവാനിയോസ് തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് അദ്ദേഹം കത്തോലിക്കാസഭാംഗമായി. മാർ തിയോഫിലോസ് തിരുമേനി അനാരോഗ്യംമൂലം രൂപതാഭരണത്തിന് അശക്തനായിത്തീർന്ന സാഹച

www.malankaralibrary.com



ര്യത്തിൽ മെത്രാനുള്ള സകല അധികാരങ്ങളോടും കൂടി ജോസഫ് മാർ സേവേറിയോസ് തിരുമേനിയെ തിരുവല്ലാ രൂപതയുടെ അപ്പസ്തോലിക് അഡ്മിനസ്റ്റേറ്ററായി തിരുസിംഹാസനം നിയമിച്ചു. തുടർന്ന് രൂപതയുടെ മെത്രാനായി തിരുവല്ലാ രൂപതയുടെ സർവതോമുഖമായപുരോഗതിക്ക് വിശുദ്ധ പൗലോസിങ്ങെമൃശ്യമിന്റ അതേ തീക്ഷ്ണതയോടുള്ള അദ്ദേഹ ത്തിന്റെ ഊർജ്ജസലമായ പ്രവർത്തനം വളരെയധികം പ്രയോജനപ്പെട്ടു.

പുനരൈക്യപ്പെട്ട മറ്റൊരു മേൽപ്പട്ടക്കാരനാണ് തോമസ് മാർ ദിയസ്കോറസ് തിരുമേനി. ക്നാനായവിഭാഗത്തിലെ പാത്രിയർക്കീസ് കക്ഷിയിൽപ്പെട്ട ഇദ്ദേഹം സ്തുത്യാർഹമായ നിലയിൽ 12 വർഷത്തോളം ക്നാനയ ഭദ്രാസനത്തിന്റെ ഭരണം നിർവഹിച്ചശേഷമാണ് കത്തോലിക്കാ സഭയിൽ ചേർന്നത്. സഭാംഗങ്ങളായിക്കഴിഞ്ഞിരുന്ന ഒറ്റത്തൈക്കൽ കുട്ടപ്പൻ, ചെറിയാൻ വക്കീൽ എന്നീ കനിഷ്ഠസഹോദരന്മാരാണ് തിരുമേനിയെ പുനരൈക്യത്തിനു പ്രേരിപ്പിച്ചുക്കൊണ്ടിരുന്നത്. ഒരിക്കൽ സ്വസഹോദരനായ കുട്ടപ്പന്റെ പുനരൈക്യസംബന്ധമായ വാദമുഖങ്ങളെല്ലാം കേട്ടശേഷം മാർ ദിയസ്ക്കോറസ് തിരുമേനി പറഞ്ഞു “ഇനി എന്തു വന്നാലും വേണ്ടില്ല, കത്തോലിക്കാ സഭയിൽ ചേരാൻ നാം സന്നദ്ധനായിരിക്കുന്നു.” 1939 നവംബർ 12-ാം തീയതി അദ്ദേഹം തിരുവനന്തപുരത്തെത്തി. ആർച്ച്ബിഷപ്പ് തിരുമേനിയുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് സാർവത്രികസഭയുടെ കൂട്ടായ്മയിൽ എത്തിച്ചേർന്നു. കത്തോലിക്കാസഭയിൽ ഭരണസാരഥ്യമൊന്നും വഹിച്ചില്ലെങ്കിലും പുനരൈക്യ പ്രസ്ഥാനത്തിന്റെ പരിപോഷണത്തിൽ അദ്ദേഹം മാർ ഈവാനിയോസ് തിരുമേനിയെ സഹായിച്ചുകൊണ്ടിരുന്നു.

പുനരൈക്യപ്രസ്ഥാനത്തിന്റെ സത്വരഗതിയിലുള്ള വളർച്ചയ്ക്കിടയിൽ ഗുരുതരമായ ചില പ്രശ്നങ്ങളുണ്ടായി. അക്രൈസ്തവരെ മാനസാന്തരപ്പെടുത്തുവാൻ പുതിയ റീത്തിന് അധികാരമുണ്ടോ എന്ന് ചിലർക്ക് സംശയം. ഇത്തരം സംശയങ്ങൾക്ക് ശക്തിയുക്തമായ മറുപടി കൊടുത്ത് തന്റെ അധികാരാവകാശങ്ങൾ ഉറപ്പിക്കുന്നതിൽ ആർച്ച്ബിഷപ്പ് തിരുമേനി വിജയം വരിച്ചു.

ക്യാനഡയിൽ നടക്കുന്ന മരിയൻ കോൺഗ്രസ്സിൽ പങ്കെടുക്കാനുള്ള തന്റെ ആഗ്രഹം അപ്പോസ്തോലിക് ഡലിഗേറ്റിനെ തിരുമേനി അറിയിച്ചു. അതേത്തുടർന്ന് ഒട്ടാവാ ആർച്ച്ബിഷപ്പിന്റെ ക്ഷണം മാർ ഈവാനിയെസ് തിരുമേനിക്ക് ലഭിക്കുകയുണ്ടായി.

www.malankaralibrary.com



# അതിവിശിഷ്ടനായ അതിഥി

1947 മേയ് 26ന് വിമാനമാർഗം ബോംബേയിലെത്തിയ ആർച്ച്ബിഷപ്പ് ജൂൺ അഞ്ചിന് അമേരിക്കയിലേക്ക് പോയി. തിരുമേനിയുടെ സെക്രട്ടറി ഫാദർ വടക്കേക്കുറ്റ്, ഫാദർ എൻ. എ. തോമസ് (നങ്ങാച്ചിവീട്ടിൽ) എന്നിവരും ഒപ്പം ഉണ്ടായിരുന്നു. ന്യുയോർക്കിൽ ഏതാനും ദിവസം താമസിച്ച ശേഷം അവർ ക്യാനഡയുടെ തലസ്ഥാനമായ ഒട്ടാവയിലേക്ക് യാത്ര തിരിച്ചു.


മരിയൻ കോൺഗ്രസ്സിന്റെ ഉദ്ഘാടനം 1947 ജൂൺ 19-ന് നടന്നു. മൂന്നു ദിവസം നീണ്ടു നിന്ന പരിപാടിയിൽ നൂറുകണക്കിന് മെത്രന്മാരും ആയിരക്കണക്കിന് വൈദികരും മൂന്നുലക്ഷത്തോളം ജനങ്ങളും പങ്കെടുത്തു. അവിടെ മൂന്നു ദിവസവും നിരന്തരം ദിവ്യബലി നടന്നുകൊണ്ടിരുന്നു. മരങ്കര റീത്തിലെ കുർബാന അർപ്പിക്കുന്നതിനുള്ള അവസരം മാർ ഈവാനിയോസ് തിരുമേനിക്ക് ലഭിച്ചു.

തങ്കവർണത്തിലുള്ള കുപ്പായവും അസാധാരണമായ ശിരോവസ്ത്രവുമണിഞ്ഞ് നീണ്ടു നരച്ച താടിമീശയുമായി എത്തിയിരിക്കുന്ന ഈ ആർച്ച്ബിഷപ്പ് എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമായി. പലരും അദ്ദേഹത്തെപ്പറ്റി അന്വേഷിച്ചറിഞ്ഞു.

ക്യാനഡയിലെ ഗവർണർ ജനറൽ അലക്സാണ്ടർ പ്രഭു, പ്രധാനമന്ത്രി മിസ്റ്റർ മക്കൻസി കിംഗ്, സെനറ്റ് പ്രസിഡന്റ്, പാർലമെന്റ് സ്പീക്കർ, നയതന്ത്രപ്രതിനിധികൾ മുതലായവരെ അദ്ദേഹം സന്ദർശിച്ചു. പ്രധാനമന്ത്രിയുമായി നടന്ന കൂടികാഴ്ച സമയത്ത് തിരുമേനി നടത്തിയ അഭ്യർഥനയുടെ ഫലമായി ക്യാനഡയിലെ ഒരു വിഭാഗം ഇന്ത്യാക്കാർക്ക് പൗരാവകാശങ്ങൾ അനുവദിക്കപ്പെട്ടു. ക്യാനഡയിലെ ഒട്ടേറെ നഗരങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളും കൃഷിത്തോട്ടങ്ങളും തിരുമേനി സന്ദർശിച്ചു. ആർച്ച്ബിഷപ്പ് തിരുമേനിയുടെ ക്യാനഡാ സന്ദർശനത്തിനിടയിലാണ്

www.malankaralibrary.com





അഭിവന്ദ്യ തിരുമേനി റോമിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നു (1962)

ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചത്. ക്യാനഡയിൽ മൂന്നുമാസത്തെ പര്യടനത്തിനുശേഷം തിരുമേനി അമേരിക്കയിലേക്ക് പോയി. ന്യുയോർക്കിൽ വച്ച് ഇന്ത്യൻ ഡലിഗേഷന്റെ ക്ഷണപ്രകാരം തിരുമേനി യു. എൻ അസംബ്ലി സന്ദർശിച്ചു. അന്ന് അസംബ്ലിയുടെ അധ്യക്ഷ ഇന്ത്യാക്കാരിയാണ്-ജവഹർലാൽ നെഹ്രുവിന്റെ സഹോദരിയായ ശ്രീമതി വിജയലക്ഷ്മി പണ്ഡിറ്റ്. ഇന്ത്യൻ ഡലിഗേഷന്റെ തലവൻ മലയാളിയും തിരുമേനിയുമായി സൗഹൃദ ബന്ധം പുലർത്തിയിരുന്ന ആളുമായ ശ്രീ. വി. കെ. കൃഷ്ണമേനോനും. ഇന്ത്യയും വത്തിക്കാനും തമ്മിൽ നയതന്ത്രബന്ധം ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ആർച്ച്ബിഷപ്പ് അവരോട് പറഞ്ഞു. ഇക്കാര്യം തന്റെ സഹോദരന് എഴുതാമെന്ന് ശ്രീമതി പണ്ഡിറ്റ് ഏറ്റു. ഏതാനും മാസങ്ങൾക്കുള്ളിൽ ആ നയതന്ത്രബന്ധം സ്ഥാപിതമായി.

അസംബ്ലി സന്ദർശനം കഴിഞ്ഞ് പുറത്തേക്കു വന്ന തിരുമേനിയെ പത്രപ്രതിനിധികൾ പൊതിഞ്ഞു. അവരുടെ തുരുതുരുയുള്ള ചോദ്യങ്ങൾക്ക് അദ്ദേഹം നയതന്ത്രജ്ഞതയോടെ മറുപടി നല്കി. ഇന്ത്യയിൽ നിന്നുള്ള ഒരു മനുഷ്യൻ ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ മിഷ്യനറി തുടങ്ങിയ തലക്കെട്ടുകളോടെ അടുത്ത ദിവസത്തെ അമേരിക്കൻ പത്രങ്ങളിൽ വാർത്ത വന്നു. മിക്ക പത്രങ്ങളും തിരുമേനിയുടെ ഫോട്ടോ പ്രസിദ്ധപ്പെടുത്തി. ഒന്നേമുക്കാൽക്കോടി വരിക്കാറുള്ള 'ഡെയിലി ന്യൂസ്' പ്രസിദ്ധപ്പെടുത്തിയ തിരുമേനിയുടെ ചിത്രത്തിന്റെ അടിക്കുറിപ്പ് ഇങ്ങനെ ആയിരുന്നു. "ഈ വർഷം ഏറ്റവും കൂടുതൽ ഫോട്ടോയ്ക്കു വിധേയനായ വ്യക്തി."

ന്യുയോർക്ക് രൂപതയുടെ അതിഥിയായിരുന്ന തിരുമേനിക്ക് വിവിധ ക്രൈസ്തവ സമൂഹങ്ങൾ ചേർന്ന് ബ്രഹ്മാണ്ഡമായ സെന്റ് ജോർജ് ഹോട്ടലിൽ വച്ച് ഗംഭീരമായ ഒരു സ്വീകരണം നല്കി. അതിനോടനുബന്ധിച്ചു നടന്ന സത്കാരത്തിൽ തിരുമേനി പറഞ്ഞു; "ഭാരതീയരായ ഞങ്ങൾ നല്ല വൃത്തിയുള്ളവരാണ്. ഒരിക്കൽ ഉപയോഗിച്ച പാത്രം പിന്നീട് ഉപയോഗിക്കുകയുല്ല." ദരിദ്രരാജ്യമായ ഇന്ത്യയിൽ ഇത് സാധ്യമോ?

www.malankaralibrary.com



ചിലർ സംശയം ഉന്നയിച്ചപ്പോൾ തിരുമേനി പറഞ്ഞു; "ഞങ്ങൾ വാഴയിലയിലാണ് ഭക്ഷണം കഴിക്കുന്നത്." ഇതു കേൾക്കേണ്ട താമസം സദസ്സാകെ പൊട്ടിച്ചിരിച്ചുപോയി.

സാൻഫ്രാൻസിസ്കോയിലെത്തിയ തിരുമേനിക്ക് അവിടത്തെ സർവകലാശാലാധികൃതർ ഒരു മഹാ സമേമേളനത്തിൽ വച്ച് 'എൽ. എൽ. ഡി' എന്ന ബിരുദം സമ്മാനിക്കുകയുണ്ടായി.

മാർ ഈവാനിയോസ് തിരുമേനി അമേരിക്കൻ പ്രസിഡന്റ് ട്രൂമാനുമായി നടത്തിയ സന്ദർശനം അവിസ്മരണീയമാണ്. സന്ദർശനത്തിന് നിശ്ചയിച്ചിരുന്നത് ഏതാനും മിനിട്ടുകൾ മാത്രമായിരുന്നു. എന്നാൽ സംഭാഷണചതുരനായ തിരുമേനിക്ക് അമേരിക്കൻ പ്രസിഡന്റിനോടൊപ്പം ഒരു മണിക്കൂർ സമയം ചെലവഴിക്കാൻ കഴിഞ്ഞു.

ഫാദർ എൻ. എ. തോമസിനോടൊപ്പം അമേരിക്കൻ പ്രസിഡന്റിന്റെ അടുത്തേക്കു ചെന്ന തിരുമേനി അദ്ദേഹത്തിന് സമ്മാനമായി നാല്പത്തിയെട്ട് വെള്ളിനാണയങ്ങൾ സമർപ്പിച്ചു. അമേരിക്കയിലെ ഓരോ സംസ്ഥാനത്തിനും ഓരോന്ന് എന്നതാണ്. 48-ന്റെ കണക്കെന്ന് തിരുമേനി അറിയിച്ചു. നന്നേ ചെറിയ ആ തിരുവിതാംകൂർ നാണയങ്ങൾ ട്രൂമാൻ കൗതുകപൂർവം നോക്കിയിരുന്നു. എന്നിട്ട് അത്ഭുതത്തോടെ ചോദിച്ചു. "ഇത്ര ചെറിയ നാണയങ്ങൾ നിങ്ങൾ എങ്ങനെ സൂക്ഷിക്കും?"

"കള്ളന്മാരിൽ നിന്നും സംരക്ഷിക്കുന്നതിനു വേണ്ടിയാണ് ഞങ്ങൾ ഇത്ര ചറിയ നാണയങ്ങൾ നിർമ്മിച്ചിട്ടുള്ളത്. ഇവ എങ്ങനെ സൂക്ഷിക്കുമെന്ന് ഞാനിപ്പോൾ കാണിച്ചുതരാം."

*ആർച്ച്ബിഷപ്പ് കാനഡയിൽ (1947)*



പ്രസിഡന്റ് ഉത്കണ്ഠയോടെ നോക്കിയിരിക്കെ തിരുമേനി തന്റെ കൺപോള വലിച്ചു തുറന്ന് ഒരു നാണയം അതിനകത്തിട്ട് കണ്ണടച്ചുപിടിച്ചു. ട്രൂമാനും കൂടെ ഉണ്ടായിരുന്നവരും ഇതുകണ്ട് അത്ഭുതസ്തബ്ധരായി.

തുടർന്ന് അവരുടെ സംഭാഷണം സ്വാഭാവികമായും നാണയങ്ങളെപ്പറ്റിയായി. പുരാതന നാണയങ്ങളെപ്പറ്റി തനിക്കുള്ള ആഴമായ അറിവ് ആർച്ച്ബിഷപ്പ് പ്രകടിപ്പിച്ചു. പുരാതനകാലം മുതൽ കേരളത്തിലെ തുറമുഖ

www.malankaralibrary.com



ങ്ങളും മെഡിറ്ററേനിയൻ രാജ്യങ്ങളും തമ്മിലുള്ള വ്യാപാര ബന്ധങ്ങളിലേക്ക് അവരുടെ സംഭാഷണം വഴുതിവീണു. സോളമന്റെ ദേവാലയത്തിൽ ഉപയോഗിച്ചിരുന്ന സ്വർണം തന്റെ സ്വദേശമായ മാവേലിക്കരയുടെ സമീപത്തുനിന്നും കൊണ്ടുപോയതായിരുന്നുവെന്ന് തിരുമേനി സമർഥിച്ചു. ഇരുവരും മനസ്സില്ലാമനസ്സോടെയാണ് കൂടികാഴ്ച അവസാനിപ്പിച്ചത്.



*യൂറോപ്പിൽ സിഹൃത്തുക്കൾക്കൊപ്പം (1932)*

ഇന്ത്യയുടെ രാഷ്ട്രപിതാവായ മാഹാത്മാഗാന്ധി കൊലചെയ്യപ്പെട്ട ദിവസം ആർച്ച്ബിഷപ്പ് തിരുമേനി അമേരിക്കയിലെ ഫോർഡാം യൂണിവേഴ്സിറ്റിയിൽ സന്ദർശനം നടത്തുക്കയായിരുന്നു. അവിടെ ചേർന്ന വമ്പിച്ച ഒരു യോഗത്തിൽ അദ്ദേഹം പറഞ്ഞു; "സത്യത്തിന്റെയും നീതിയടെയും പരിണിതഫലമായ സ്നേഹത്തിൽ നിന്നും ഉടലെടുത്ത ശക്തിയിൽ അതേ, ക്രിസ്തുമതത്തിന്റെ തത്ത്വങ്ങളിൽ തന്നെ അടിയുറച്ചുകൊണ്ട് ഭാരത ജനതയിൽ ആധ്യാത്മിക ചൈതന്യം സൃഷ്ടിക്കുവാൻ മഹാത്മജിക്കു കഴിഞ്ഞു."

നീണ്ടതും തിരക്കേറിയതുമായ അമേരിക്കൻ പര്യടനം ആർച്ച്ബിഷപ്പിന്റെ ആരോഗ്യത്തിന് കാര്യമായ ക്ഷതം ഏല്പിച്ചു. അവിടത്തെ അതികഠിനമായ തണുപ്പും വിശ്രമമില്ലാത്ത ജോലിയും മൂലമാവാം ഇങ്ങനെ സംഭവിച്ചത്. ഇടയ്ക്കിടെ പരിശോധനയ്ക്ക് വിധേയനായതിനു പുറമേ അഞ്ചാഴ്ച ആശുപത്രിയിൽ കഴിച്ചുകൂട്ടേണ്ടി വന്നു. എങ്കിലും അനാരോഗ്യം ഹേതുവായി വിദേശപര്യടനം അവസാനിപ്പിക്കുവാൻ തിരുമേനി തയ്യാറായില്ല.

മെൽബോൺ ആർച്ച്ബിഷപ്പിന്റെ ക്ഷണപ്രകാരം മെൽബോൺ കത്തോലിക്കാ അതിരൂപതയുടെ ശതവാർഷികാഘോഷങ്ങളിൽ പങ്കെടുക്കുന്നതിനായി 1948 ഏപ്രിൽ 27-ന് അദ്ദേഹം ആസ്ട്രേലിയയിലേക്ക് തിരിച്ചു. യാത്രാമധ്യേ അന്തർദേശീയ സമയരേഖ കടന്നതിനാൽ അദ്ദേഹത്തിന് ഒരു ദിവസം നഷ്ടപ്പെട്ടു. തന്റെ ജീവിതത്തിൽ മനസ്സറിയാതെ ഇങ്ങനെ ഒരു ദിവസം നഷ്ടപ്പെട്ടതിനെപ്പറ്റി അദ്ദേഹം പലപ്പോഴും ഫലിതപൂർവം കുണ്ഠിതപ്പെട്ടിട്ടുണ്ട്.

www.malankaralibrary.com

അധ്യായം പതിമൂന്ന്


# വിശ്രമമില്ലാത്ത ആർച്ച്ബിഷപ്പ്

വിദേശപര്യടനം കഴിഞ്ഞ് തിരിച്ചെത്തിയ ആർച്ച്ബിഷപ്പിന്റെ ആരോഗ്യത്തിന് കാര്യമായ കുഴപ്പം പറ്റിയിട്ടുണ്ടായിരുന്നു. എന്നാൽ ഇതിന്റെ പേരിൽ അല്പം വിശ്രമിക്കുവാനുള്ള സാവകാശം അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഒരു വർഷത്തോളം വേർപെട്ടിരുന്നതുമൂലം ചെയ്തുതീർക്കേണ്ടിയിരുന്ന ഭാരിച്ച ഔദ്യോഗിക ജോലികൾ കെട്ടിക്കിടപ്പുണ്ട്. തന്റെ ദീർഘകാല സ്വപ്നമായ ഒന്നാംഗ്രേഡ് കോളേജ് എത്രയും വേഗം സ്ഥാപിക്കണം. കൂടാതെ മുഖ്യമന്ത്രി പനമ്പിള്ളി ഗോവിന്ദമേനോൻ ആവിഷ്കരിച്ച വിദ്യാഭ്യാസ പദ്ധതിക്കെതിരെ സമരം നയിക്കേണ്ട സ്ഥിതിയും വന്നു. ഇങ്ങനെ എത്രയെത്ര ഉത്തരവാദിത്വങ്ങൾ!

മാർ ഈവാനിയോസ് കോളേജിനു വേണ്ടി തിരുവനന്തപുരത്ത് നാലാഞ്ചിറയിൽ സ്ഥലം സമ്പാദിക്കുന്നതിന് നേരത്തെ കഴിഞ്ഞിരുന്നു. നാലാഞ്ചിറ ആശ്രമത്തോടു ചേർന്ന് തരിശായിക്കിടന്ന 160-ൽപ്പരം ഏക്കർ സ്ഥലം വിലയ്ക്കു വാങ്ങുകയാണു ചെയ്തത്. ശൈശവദശയിൽത്തന്നെ മരണമടഞ്ഞ കിരീടാവകാശിയായ ശ്രീ. അവിട്ടംതിരുനാളിന്റെ ഓർമ്മയ്ക്കായി ഒരു ആശുപത്രി സ്ഥാപിക്കുവാൻ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് തീരുമാനിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സ്ഥലം സർവേ ചെയ്ത് പ്ലാനുകൾ തയ്യാറാക്കുകയും ചെയ്ത് തിരുമേനിയെ അസ്വസ്ഥനാക്കി. അദ്ദേഹം തത്കാലം നാലാഞ്ചിറയിലേക്ക് താമസം മാറ്റി. തിരുമേനി നടത്തിയ എഴുത്തുകുത്തുകളുടെയും നിവേദനങ്ങളുടെയും ഫലമായി നാലാഞ്ചിറയിൽ ആശുപത്രി സ്ഥാപിക്കാനുള്ള തീരുമാനത്തിൽ നിന്ന് ഗവൺമെന്റ് പിന്തിരിഞ്ഞു. അവിട്ടംതിരുന്നാൾ ആശുപത്രി സ്ഥാപിക്കുന്നതിനു പറ്റിയ സ്ഥലം ഉള്ളൂരാണെന്ന് നിർദ്ദേശിച്ചത് ആർച്ച്ബിഷപ്പ് തിരുമേനിയാണ്. ഗവൺമെന്റ് ആ നിർദ്ദേശം അംഗീകരിക്കുകയും ആശുപത്രി അവിടെ സ്ഥാപിക്കുകയും ചെയ്തു. പിൽക്കാലത്ത് മെഡിക്കൽകോളേജ്. ഡന്റൽ കോളേജ്, ക്യാൻസർ സെന്റർ, ശ്രീചിത്രാ മെഡിക്കൽ സെന്റർ തുടങ്ങിയ ആതുരാലയങ്ങളും അവിട്ടം തിരുന്നാൾ ആശുപത്രിയോടനുബന്ധിച്ച് ഉള്ളൂരിൽ സ്ഥാപിതമായി.

www.malankaralibrary.com





*തിരുമേനി യു. എസ്. എയിൽ (1948)*

ആസ്ത്രേലിയയിലെത്തിയ തിരുമേനിക്ക് ഊഷ്മളമായ ഒരു സ്വീകരണമാണ് ലഭിച്ചത്. പത്രങ്ങൾ തിരുമേനിയുടെ ആഗമന വാർത്ത ഫോട്ടോസഹിതം പ്രസിദ്ധപ്പെടുത്തി. ഒരാഴ്ചയിൽ കൂടുതൽ നീണ്ടു നിന്ന ആഘോഷപരിപാടികളിൽ അദ്ദേഹം സംബന്ധിച്ചു.

മുമ്പ് അമേരിക്കയിൽ വച്ച് പരിചയപ്പെട്ട ഐറിഷ് പ്രധാന മന്ത്രി ഡീവലേറയും മെൽബോണിൽ എത്തിയിരുന്നു. അദ്ദേഹം ഇന്ത്യ വഴിയാണ് മടങ്ങിപ്പോവുന്നതെന്ന് മനസ്സിലാക്കിയ തിരുമേനി തന്റെ നയതന്ത്രജ്ഞത ശരിക്കും വിനിയോഗിച്ചു. ഐറിഷ് പ്രധാനമന്ത്രിക്ക് ഇന്ത്യയിൽ അത്യുജ്ജ്വലമായ സ്വീകരണം സംഘടിപ്പിക്കുന്നതിനു വേണ്ടി ഇന്ത്യൻ പ്രധാനമന്ത്രി നെഹ്രു, ഗവർണർ ജനറൽ രാജഗോപാലാചാരി, ധനകാര്യമന്ത്രി ഡോ. ജോൺ മത്തായി, കൽക്കത്ത ആർച്ച്ബിഷപ്പ് ഡോ. പേരിയർ തിരുമേനി മുതലായവരുമായി മാർ ഈവാനിയോസ് തിരുമേനി ബന്ധപ്പെട്ടു. രാഷ്ട്രീയ തലത്തിലും സാമുദായിക തലത്തിലും ആർച്ച്ബിഷപ്പ് തിരുമേനി ചെലുത്തിയ സ്വാധീനത്തിന്റെ ഫലമായി പ്രധാനമന്ത്രി അദ്ദേഹത്തോട് നമ്മുടെ പാർലമെന്റിൽ പ്രസംഗിക്കുന്നതിന് ആവശ്യപ്പെട്ടു. ഇതൊരു അഭൂതപൂർവമായ ബഹുമതി ആയിരുന്നു.

ആസ്ട്രേലിയയിൽ ഒന്നര മാസത്തെ പര്യടനം കഴിഞ്ഞ് 1948 ജൂൺ എട്ടാം തീയതി ആർച്ചബിഷപ്പ് ഇന്ത്യയിലേക്ക് തിരിച്ചു. 15-ാം തീയതി സിലോണിലെ (ശ്രീലങ്ക) കൊളംബോ തുറമുഖത്തെത്തി. അവിടെ നിന്നും അദ്ദേഹം വിമാന മാർഗം മദ്രാസിലേക്കു പോയി. ഏതാണ്ട് ഒരു വർഷത്തെ വേർപാടിനു ശേഷം ജൂൺ 24-ാം തീയതി തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിച്ചേർന്ന തിരുമേനിക്ക് സ്നേഹനിർഭരമായ വരവേൽപ്പാണ് ലഭിച്ചത്. അനവധി കാറുകളുടെ അകമ്പടിയോടെ പാളയം സെന്റ് മേരീസ് ദേവാലയത്തിൽ എത്തിച്ചേർന്ന ആർച്ച്ബിഷപ്പ് വളരെ ക്ഷീണിതനായിരുന്നുവെങ്കിലും അവിടെ വിശുദ്ധകുർബാന അർപ്പിച്ചു. തുടർന്ന് പട്ടം അരമനയിൽ വമ്പിച്ച അനുമോദനയോഗവും മംഗളപത്രസമർപ്പണവും നടന്നു.

www.malankaralibrary.com



മാർ ഈവാനിയോസ് കോളേജിനുള്ള അനുമതി നേടിയശേഷമാണ് തിരുമേനി വിദേശപര്യടനത്തിനു പോയത്. അദ്ദേഹം വിദേശത്തായിരുന്നപ്പോഴും കോളേജിന്റെ പണി കാര്യമായി നടക്കുന്നുണ്ടായിരുന്നു. അങ്ങനെ 1948 ജൂലൈ 27-ന് മാർ ഈവാനിയോസ് കോളേജിന്റെ ഉദ്ഘാടനം നടന്നു. അന്നുമുതലിന്നോളം കേരളത്തിലെ മികച്ച സരസ്വതിമന്ദിരങ്ങളിൽ ഒന്നായി അത് പ്രശോഭിക്കുന്നു.

ബഥനി ആശ്രമാംഗമായ ബഹുമാനപ്പെട്ട ബനഡിക്ടച്ചൻ (പിന്നീട് ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസ്) ആയിരുന്നു ആദ്യത്തെ പ്രിൻസിപ്പൽ. ഹോസ്റ്റൽവാർഡന്റെ ചുമതലയും അദ്ദേഹം തന്നെ വഹിച്ചു. ഓരോ വിഷയത്തിനും അന്ന് ലഭിക്കാവുന്നതിലേക്കും പ്രഗല്ഭമതികളായ വ്യക്തികളെയാണ് അധ്യാപകരായി തിരഞ്ഞെടുത്തത്. ആദ്യവർഷം ധനതത്ത്വശാസ്ത്രത്തിൽ ബി. എ. ജൂനിയർ ക്ലാസ്സും ചരിത്രത്തിൽ ജൂനിയർ ഇന്റർമീഡിയേറ്റ് ക്ലാസ്സും മാത്രമാണ് ആരംഭിച്ചത്. ആ വർഷം ആകെ വിദ്യാർഥികൾ 145. വിദ്യാർഥികളുടെ സംഖ്യ രണ്ടാം വർഷം 641 ആയും മൂന്നാം വർഷം 1011 ആയും ഉയർന്നു. അമേരിക്കൻ പര്യടനകാലത്ത് ആർച്ച്ബിഷപ്പ് തിരുമേനിയെ അനുഗമിച്ചിരുന്ന ഫാദർ എൻ. എ. തോമസ് (നങ്ങച്ചിവീട്ടിൽ) 1951-ൽ മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു. വൈസ് പ്രിൻസിപ്പലെന്ന നിലയിലും ഹോസ്റ്റൽ വാർഡൻ എന്ന നിലയിലും ബനഡിക്ടച്ചൻ സേവനം തുടർന്നു. ഇതൊരു തരംതാഴ്ത്തലായി പലരും കരുതിയെങ്കിലും ആർച്ച്ബിഷപ്പിന്റെ ഇംഗിതമനുസരിച്ച് പ്രവർത്തിക്കുന്നതിൽ അദ്ദേഹത്തിന് സന്തോഷമേ ഉണ്ടായിരുന്നുള്ളു. ബനഡിക്ടച്ചനെ സംബന്ധിച്ച് മാർ ഈവാനിയോസ് തിരുമേനിയുടെ മനസ്സിലിരിപ്പ് മറ്റൊന്നായിരുന്നു. കോളേജിന്റെ സ്ഥാപകനായ മഹാത്മാവിന്റെ ആശയാഭിലാഷങ്ങൾ അക്ഷരംപ്രതി പ്രാവർത്തികമാക്കുന്നതിന് മാറിമാറി വന്ന ഭരണാധികാരികളും അധ്യാപകരും വിദ്യാർഥികളും ആത്മാർഥമായി ശ്രമിച്ചതുമൂലമാണ് കോളേജിന് നമ്മുടെ വിദ്യാഭ്യാസമണ്ഡലത്തിൽ അത്യുന്നതസ്ഥാനം കരസ്ഥമാക്കാൻ കഴിഞ്ഞത്.

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ മുഖ്യമന്ത്രിയായിരിക്കെ പനമ്പള്ളി ഗോവിന്ദമേനോൻ ആവിഷ്കരിച്ച സെക്കന്ററി സ്കൂൾ പരിഷ്കരണപദ്ധതി ക്രൈസ്തവ മാനേജുമെന്റുകൾക്ക് ദ്രോഹകരമാണെന്ന് തിരുമേനി മനസ്സിലാക്കി. ഈ പദ്ധതിക്കെതിരായി പ്രതിഷേധം സംഘടിപ്പിക്കുന്നതിന് അദ്ദേഹം നേതൃത്വം നല്കി. അനാരോഗ്യവും അവശതയുമൊന്നും അദ്ദേഹത്തെ അശേഷവും പിന്തിരിപ്പിച്ചില്ല. അധ്യാപകനിയമനത്തിൽ മാനേജ്മെന്റിനുള്ള മൗലിക സ്വാതന്ത്ര്യത്തിന്മേൽ കൈവയ്ക്കുന്ന

www.malankaralibrary.com



ഈ പദ്ധതി സർ സി. പിയുടെ പ്രൈമറിസ്കൂൾ ദേശസൽക്കരണ പദ്ധതിയെക്കാൾ ഗുരുതരമായ വിദ്യാഭ്യാസ പ്രശ്നമാണെന്ന് തിരുമേനി അഭിപ്രായപ്പെട്ടു. എന്നാൽ അധ്യാപകരുടെ അവശതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പദ്ധതിയിൽ ഉൾക്കൊള്ളിച്ചതിനെ അഭിനന്ദിക്കുവാനും അദ്ദേഹം മറന്നില്ല. ആർച്ച്ബിഷപ്പിന്റെ സമീപനത്തെ അനുകൂലിച്ചും പ്രികൂലിച്ചുമുള്ള മുഖപ്രസംഗങ്ങളും അഭിപ്രായപ്രകടനങ്ങളും ദിവസേനയെന്നോണം പത്രപംക്തികളിൽ സ്ഥലംപിടിച്ചു. ഇതിനിടയ്ക്ക് 1950 ഡിസംബർ ഒന്നാം തീയതി പുറപ്പെടുവിച്ച ഒരു ഇടയലേഖനത്തിൽ സഭയുടെ വിദ്യാലയങ്ങൾ പരിരക്ഷിക്കേണ്ട ചുമതല ഓരോ വിശ്വാസിക്കുമുണ്ടെന്ന് തിരുമേനി ഉദ്ബോധിപ്പിച്ചു. ഇത് കൂടുതൽ വിവാദങ്ങൾക്ക് ഇട വരുത്തി. മറ്റ് പ്രൈവറ്റ് മാനേജ്മെന്റുകളും അദ്ദേഹത്തിന്റെ സുദൃഢമായ നിലപാടിന് പിന്തുണ നല്കിയപ്പോൾ ശ്രീ. പനമ്പള്ളിക്കു ഗതിമുട്ടി. ആർച്ച്ബിഷപ്പിന്റെ അഭിപ്രായങ്ങൾ പൂർണമായും അംഗീകരിച്ചുകൊണ്ട് നിയമാധികാരം മാനേജ്മെന്റിൽ നിലനിർത്തുകയും അധ്യാപകർക്ക് ശമ്പളം നല്കുന്ന ചുമതല ഗവൺമെന്റ് ഏറ്റെടുക്കുകയും ചെയ്തുകൊണ്ട് കരാറുണ്ടാക്കി. ഫീസ് പിരിവിന്റെ 80 ശതമാനം മാനേജ്മെന്റ് സംഭാവനയായി ഖജനാവിൽ അടയ്ക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

ഇങ്ങനെ ബഹുവിധ തിരക്കുകൾക്കിടയിൽ 1950 മെയ് ഒന്നിന് തിരുമേനി മെത്രാൻ സ്ഥാനമേറ്റതിന്റെ 25-ാം വാർഷികം വന്നെത്തി. ആർച്ച്ബിഷപ്പിന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷങ്ങൾ പല സ്ഥലങ്ങളിലും നടന്നു. അനാരോഗ്യം അവഗണിച്ചുകൊണ്ട് തന്നെ അദ്ദേഹം അവയിലൊക്കെ പങ്കെടുത്ത് വിശ്വാസികളെയും സുഹൃത്തുക്കളെയും സന്തോഷിപ്പിച്ചു. ദേവികുളത്തുചേർന്ന ഒരു അനുമോദനയോഗത്തിൽ മാർ അഗസ്റ്റിൻ കണ്ടത്തിൽ തിരുമേനി ഇങ്ങനെ പ്രസ്താവിച്ചു. "ആരുടെ ജൂബിലിയാണ് നാം ആഘോഷിക്കുന്നതെന്ന് ലോകം അറിഞ്ഞിരുന്നെങ്കിൽ കത്തോലിക്കരും അകത്തോലിക്കരുമായ മഹാരഥന്മാർ അമേരിക്കൻ പ്രസിഡന്റായ ട്രൂമാൻ മുതൽ ഏറ്റവും ചെറിയ ഒരു പ്യൂൺ വരെയുള്ള സകല ആളുകളും ഇവിടെ തിങ്ങിക്കൂടുമെന്നാണ് നമ്മുടെ വിശ്വാസം." പരിശുദ്ധപിതാവ് 12-ാം പിയൂസ് മാർപ്പാപ്പാ തിരുമേനി സ്വന്തം കൈപ്പടയിൽ ആർച്ച്ബിഷപ്പിനെ ജൂബിലി മംഗളങ്ങൾ എഴുതി അറിയിച്ചു. ജൂബിലി പ്രമാണിച്ച് അസംഖ്യം അനുമോദന സന്ദേശങ്ങൾ പട്ടം അരമനയിലേക്ക് പ്രവഹിച്ചു കൊണ്ടിരുന്നു.

www.malankaralibrary.com



# രോഗശയ്യയിൽ

ആശംസകൾ! ആശംസകൾ! പുനരൈക്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്, ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ സുവിശേഷകൻ, ഉന്നത വിദ്യാസമ്പന്നൻ, വിവേകശാലിയായ നയതന്ത്രജ്ഞൻ, പ്രഗല്ഭനായ ഭരണാധികാരി, കർക്കശനായ സന്യാസിവര്യൻ, ത്യാഗീവര്യൻ, ദീർഘവീക്ഷണചതുരനായ വിദ്യാഭ്യാസ പ്രവർത്തകൻ ഇങ്ങനെ അസംഖ്യം വിശേഷണങ്ങൾ കൊണ്ട് അവയൊക്കെ അലംകൃതമായിരിക്കുന്നു.

അനുമോദനങ്ങളും മംഗളാശംസകളും ആർച്ച്ബിഷപ്പ് തിരുമേനിയെ കൂടുതൽ കർമ്മസന്നദ്ധനാക്കിയെങ്കിലും തന്റെ ആരോഗ്യം അടിക്കടി മോശപ്പെട്ടുവരുന്നതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. പുറമെ കാണത്തക്ക രോഗലക്ഷണമൊന്നും ഇല്ലായിരുന്നു.

കായികശേഷിയിൽ മികച്ചുനിന്ന മല്ലിട്ടിപണിക്കരുടെ സന്താനപരമ്പരയിൽപ്പെട്ട കഥാപുരുഷന് ഇതിനു മുമ്പ് നന്നേ ചുരുക്കമായിട്ടേ രോഗബാധ ഉണ്ടായിട്ടുള്ളു. കീവർച്ചന് അഞ്ചോ ആറോ വയസ്സ് പ്രായമുള്ള കാലം. ഭയങ്കരമായ ജ്വരബാധമൂലം ആ ബാലൻ കിടപ്പിലായിപ്പോയി. ചികിത്സകൊണ്ടൊന്നും രോഗം ഭേദമാകുന്നില്ല. ഈ സന്ദർഭത്തിലാണ് പരുമല മാർ ഗ്രിഗോറിയോസ് തിരുമേനി (1848 -1902) മാവേലിക്കര പള്ളിയിൽ എഴു

ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെ സഹായ മെത്രാനായി വാഴിക്കുന്നു (1953)



www.malankaralibrary.com





അഭിവന്ദ്യ ബനഡിക്ട്
മാർ ഗ്രിഗോറിയോസ് തിരുമേനി

ന്നള്ളിയത്. വിവരം അറിഞ്ഞ കീവർച്ചൻ വളരെ ബുദ്ധിമുട്ടോടെ പറഞ്ഞു. "അപ്പച്ചാ, എന്നെ പള്ളിയിലേക്ക് എടുത്തുകൊണ്ട് പോകണം. തിരുമേനി എന്റെ തലയിൽ കൈവച്ച് പ്രാർഥിക്കണം. അപ്പോൾ എന്റെ സുഖക്കേട് ഭേദമാകും." തോമ്മാപ്പണിക്കർ പ്രിയപുത്രന്റെ ആഗ്രഹം സാധിച്ചു കൊടുത്തു. തിരുമേനിയുടെ കരസ്പർശമേറ്റതോടെ ബാലന് ആശ്വാസമായി. താമസംവിനാ രോഗം ഭേദമാവുകയും ചെയ്തു.

കുറെ നാളുകൾക്കു ശേഷം മാവേലിക്കരയിൽ വീണ്ടും എഴുന്നള്ളിയ പരുമല തിരുമേനി കീവർച്ചന്റെ വിവരങ്ങൾ അന്വേഷിക്കാൻ മറന്നില്ല. പുണ്യപുരുഷനായ ആ മഹാത്മാവിനെപ്പോലെ ഒരു വൈദികനാവണമെന്ന് ആഗ്രഹം ആ ബാലനിൽ അന്നേ അങ്കുരിച്ചിട്ടുണ്ടാവും. പ്രാർഥനയിലും പള്ളിക്കാര്യങ്ങളിലും കീവർച്ചൻ അധികമധികം താല്പര്യം കാണിച്ചു. പഠനത്തിൽ എപ്പോഴും ഒന്നാംസ്ഥാനം. ഫോർത്തുഫോമിൽ നിന്നുള്ള വിജയവും അങ്ങനെതന്നെ. അടുത്തെങ്ങും ഹൈസ്കൂളില്ല. ഇങ്ങനെ കീവർച്ചന്റെ ജീവിതം വഴിമുട്ടിനിന്ന അവസരത്തിൽ മറ്റൊരു തിരുമേനി മാവേലിക്കര പള്ളിയിലെത്തി. മലങ്കര മെത്രാപ്പോലീത്താ ആയ പുലിക്കോട്ട് മാർ ദീവന്നാസ്യോസ് തിരുമേനി (1742 –1816) ആയിരുന്നു അത്. സന്ധ്യ കഴിഞ്ഞതോടെ ഭയങ്കരമായ കാറ്റും മഴയും. ഇടയ്ക്കിടെ കൊല്യാൻ മിന്നുലുമല്ലാതെ അല്പവും വെളിച്ചമില്ല. അപ്പോഴാണ് തിരുമേനി ഒരു കാര്യം ഓർത്തത്. വീട്ടിനാൽ ശെമ്മാശനെ ഒന്നു കാണണം. അത്യാവശ്യമാണ്. തിരുമേനി ആഗ്രഹം പ്രകടിപ്പിച്ചുവെങ്കിലും വിവരം അറിഞ്ഞവർ അറിഞ്ഞവർ ഒഴിഞ്ഞുമാറി. കാരണം ഭയങ്കരമായ കാറ്റും മഴയും കുറ്റാക്കുറ്റിരുട്ടും തന്നെ. കൂടാതെ ഇടിയും മിന്നലും. ഒരു മൈലോളം ദൂരമുണ്ട്. നല്ല തടിമാടന്മാരായ മൂപ്പന്മാരൊക്കെ ഒഴിഞ്ഞുമാറുന്നതു കണ്ടപ്പോൾ പത്തുപതിനാലു വയസ്സു മാത്രം പ്രായമുള്ള കീവർച്ചൻ ആളുകളെ തള്ളിമാറ്റി ക്കൊണ്ട് തിരുമേനിയുടെ മുന്നിൽ വന്ന് കൈമുത്തി. "ഞാൻ പോയി ശെമ്മാശ്ശനെ വിളിച്ചുകൊണ്ടു വരാം" തിരുമേനി മാത്രമല്ല, കേട്ടുനിന്നവരും അത്ഭുതപ്പെട്ടുപോയി. ഇരുട്ടിൽ

www.malankaralibrary.com



മറഞ്ഞ ബാലൻ അല്പസമയത്തിനുള്ളിൽ ശെമ്മാശ്ശനെയും കൂട്ടി തിരിച്ചെത്തി. വിവരങ്ങൾ ചോദിച്ചറിഞ്ഞ തിരുമേനി തോമ്മാപ്പണിക്കരെ പള്ളിമേടയിൽ വരുത്തി. "ഇവനെ വൈദിക ശുശ്രൂഷയ്ക്കായി എന്റെ കൂടെ വിടണം. കോട്ടയത്തു കൊണ്ടുപോയി ഞാൻ പഠിപ്പിച്ചുകൊള്ളാം." തിരുമേനി പറഞ്ഞു.

അങ്ങനെ കഥാപുരുഷനെ കോട്ടയം എം.ഡി. ഹൈസ്കൂളിൽ ചേർത്തപ്പോൾ പുലിക്കോട്ടു തിരുമേനിയുടെ നിർദ്ദേശാനുസരണം സ്കൂൾ റിക്കാർഡിലെ പേര് പി.ടി. ഗീവർഗീസ് എന്നു മാറ്റി. അന്നത്തെ ഹെഡ്മാസ്റ്റർ ശ്രീ. കെ.സി മാമ്മൻമാപ്പിള ആയിരുന്നു. പി.ടി. ഗിവർഗീസ് ഹെഡ്മാസ്റ്ററുടെ കണ്ണിലുണ്ണിയായിത്തീരാൻ അധികാലം വേണ്ടി വന്നില്ല. രാത്രിയിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഉറക്കം വന്നാൽ ഗീവർഗീസിനൊരു വിദ്യയുണ്ട്; പുസ്തകമെടുത്ത് ബഞ്ചിന്മേൽ കേറിനിന്ന് വായിക്കും. ആ വിദ്യ ഫലിച്ചു. എല്ലാ ക്ലാസ്സിലും എല്ലാ വിഷയത്തിനും ഏറ്റവും കൂടുതൽ മാർക്ക്. "ഇത്ര ഏകാഗ്രതയോടെ പഠിക്കുന്ന ഒരുവനെ എന്റെ ആയുസ്സിൽ ഞാൻ കണ്ടിട്ടില്ല" എന്ന് വട്ടശ്ശേരിൽ മൽപാൻ (പിന്നീട് മാർ ദിവാന്നാസ്യോസ്) പറയുകയുണ്ടായി. പ്രശസ്തമായ നിലയിൽ മെട്രിക്കുലേഷൻ ജയിച്ചപ്പോൾ മൽപ്പാനുമായി ആലോചിച്ച് പുലിക്കോട്ട് തിരുമേനി ഗിവർഗീസിനെ ഇന്റർമീഡിയറ്റിന് കോട്ടയം സി.എം. എസ്. കോളേജിലും ബി.എയ്ക്ക് മദ്രാസ് ക്രിസ്ത്യൻ കോളേജിലും അയച്ചു. പുലിക്കോട്ട് തിരുമേനിയുടെ പ്രത്യേക താല്പര്യ പ്രകാരം മദ്രാസ് കോളേജിൽ തുടർന്ന് പഠിച്ച കഥാപുരുഷൻ 1907-ൽ എം.എ. ബിരുദം നേടി. ഇതിനിടയ്ക്ക് 1900 ജനുവരി ഒന്നിന് പുലിക്കോട്ട് മാർ ദീവന്നാസ്യോസ് പി.ടി. ഗിവർഗീസിന് ശെമ്മാശ്ശപ്പട്ടം നല്കിയിരുന്നു. എം.എ ബിരുദം നേടിവന്ന ശെമ്മാശ്ശൻ എം.ഡി. സെമിനാരിയിൽ പ്രിൻസിപ്പലായി നിയമിക്കപ്പെട്ടു.

*ആർച്ച്ബിഷപ്പ് രോഗശയ്യയിൽ*



അധികകാലം കഴിയുംമുമ്പ് വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് അദ്ദേഹത്തിന് വൈദികപട്ടവും നല്കി.

അഞ്ചു വർഷക്കാലം കോട്ടയത്ത് പ്രിൻസിപ്പൽ ഉദ്യോഗം വഹിച്ച ശേഷം സെറാംപൂരിൽ പ്രിൻസിപ്പലായിരുന്ന കാലത്താണ് കഥാപുരുഷന് രണ്ടാം തവണ കലശലായ രോഗം പിടിപ്പെട്ടത്. കഠി

www.malankaralibrary.com



നമായ വാതരോഗം മൂലം സംസാരിക്കാൻ പോലും ബുദ്ധിമുട്ടായി. ഈ സാഹചര്യത്തിൽ അദ്ദേഹം കോട്ടയത്തെത്തി ചികിത്സ നടത്തി. അങ്ങനെ ആരോഗ്യം വീണ്ടു കിട്ടി. എങ്കിലും പിന്നീട് കുറെ വർഷത്തേക്കുകൂടി പിഴിച്ചിൽ നടത്തേണ്ടി വന്നു.

ഇപ്പോൾ പഴയ വാതരോഗം പുനരാരംഭിച്ചതാവുമോ? ഈ സംശയം അസ്ഥാനത്താണെന്ന് പരിശോധനയിൽ തെളിഞ്ഞു.

ക്രമേണ ഉദരത്തിനുമുകളിൽ ഒരു തടിപ്പ് പ്രത്യക്ഷപ്പെട്ടു. അത് അടിക്കടി വളർന്നുവന്നു. ചില്ലറ ചികിത്സകൊണ്ടൊന്നും പ്രയോജനം ഉണ്ടായില്ല. തന്റെ മരണം അടുത്തു വരുന്നതായി തിരുമേനിക്കു തോന്നി. ഈ ലോകത്തോട് യാത്ര പറയും മുമ്പ് അടിയന്തിരമായി ചെയ്തു തീർക്കേണ്ട രണ്ടു കാര്യങ്ങളേ ഇനി ബാക്കിയുള്ളു. ഒന്ന് തന്റെ കബറിടം സ്ഥാപിക്കത്തക്കവണ്ണം ഒരു കത്തിഡ്രൽ പണിയുക. രണ്ട് തനിക്ക് അനുയോജ്യനായ ഒരു പിൻഗാമിയെ കണ്ടെത്തുക. ഒരു മാസക്കാലത്തോളം ദേവികുളത്ത് വിശ്രമിച്ചിട്ട് തിരിച്ചെത്തിയ തിരുമേനി പട്ടത്ത് കത്തീഡ്രലിന്റെ ശിലാസ്ഥാപന കർമ്മം നടത്തി. ആ ദേവാലയത്തിൻെറ മദ്ബഹായോട് ചേർന്ന് വരത്തക്കവിധം കബറിടം തയ്യാറാക്കി. പണിതുതുടങ്ങിക്കൊണ്ടിരുന്ന കത്തീഡ്രലിൽ ഒരു കുർബാന അർപ്പിക്കണമെന്ന് ആർച്ച്ബിഷപ്പിന് വലിയ ആഗ്രഹം ഉണ്ടായിരുന്നു. പണി ഏതാണ്ട് പുരോഗമിച്ചപ്പോൾ രോഗകിടക്കയിൽ നിന്നും എഴുന്നേറ്റ് അരോഗ ദൃഢഗാത്രനെപ്പോലെ അവിടെ ആഘോഷമായ കുർബാന അർപ്പിക്കുവാൻ തിരുമേനിക്ക് ഭാഗ്യമുണ്ടായി.

ആർച്ച്ബിഷപ്പ് തിരുമേനിക്ക് അവശേഷിച്ച ഒരേ ഒരു ആഗ്രഹം തന്റെ പിൻഗാമിയായി ഒരു സഹായമെത്രാനെ വാഴിക്കണം എന്നതുമാത്രമായിരുന്നു. തന്റെ സഹായമെത്രാനെ സ്വന്തം കൈകൾകൊണ്ടു തന്നെ അഭിഷേകം ചെയ്യണമെന്നും അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ബനഡിക്ടച്ചനെ തന്റെ സഹായിയായി ലഭിക്കണമെന്ന ആഗ്രഹം തിരുമേനിക്ക് നേരത്തെ തന്നെ ഉണ്ട്. അമേരിക്കൻ പര്യടനക്കാലത്ത് അക്കാര്യം സൂചിപ്പിച്ച് അപ്പോസ്തോലിക്ക് ഡലിഗേറ്റിന് എഴുതുകകൂടി ചെയ്തു. താൻ അമേരിക്കയിൽ നിന്നും മടങ്ങും വഴി റോമിലെത്തി പന്ത്രണ്ടാം പിയൂസ് മാർപ്പാപ്പയെ സന്ദർശിക്കണമെന്നും അത് ബനഡിക്ട് അച്ചനോടൊപ്പം ആയിരക്കണമെന്നും തിരുമേനി ഉദ്ദേശിച്ചിരുന്നു. അതനുസരിച്ച് അച്ചൻ അമേരിക്കയിലെത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു. ഇതേപ്പറ്റി ആർച്ച്ബിഷപ്പ് തിരുമനസ്സുകൊണ്ട് ഡലിഗേറ്റ് അപ്പോസ്തോലിക്കായ്ക്ക് ഇങ്ങനെ എഴുതി; "നമ്മുടെ കൂടെ ഫാദർ ബനഡിക്ടച്ചനെയും കൊണ്ടുപോകുന്ന

www.malankaralibrary.com



തിന്റെ ഉദ്ദേശ്യം റോമാ യാത്ര അദ്ദേഹത്തിന് പ്രയോജനപ്പെടുമെന്നുള്ള നമ്മുടെ ബോധ്യമാണ്. തന്നെയുമല്ല തിരുവനന്തപുരം അതിരൂപതയിലുള്ള വൈദികരിൽ ഏറ്റവും യോഗ്യനായ ഒരാളെന്ന നിലയിൽ പരിശുദ്ധപിതാവിനും മറ്റും അദ്ദേഹത്തെ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യാമല്ലോ. ഭാവിവീക്ഷണത്തോടുകൂടിയാണ് ഇപ്രകാരം ചെയ്യുവാൻ ഞാനുദ്ദേശിക്കുന്നത്.” മാർ ഈവാനിയോസ് തിരുമേനിയുടെ യാത്രപരിപാടിയിലുണ്ടായ മാറ്റം നിമിത്തം ഈ സന്ദർശനം, നടക്കുകയുണ്ടായില്ലെങ്കിലും തന്റെ പിൻഗാമിയെസംബന്ധിച്ച് അദ്ദേഹത്തിന്റെ മനസ്സിലിരിപ്പ് തിരുസിംഹാസനത്തിന് നന്നായി അറിയാമായിരുന്നു.

കല്ലൂപ്പാറ തങ്ങളത്തിൽ കുടുംബാംഗമായ ഫാദർ ബനഡിക്ടിനോട് മാർ ഈവാനിയെസ് തിരുമേനിക്കുണ്ടായിരുന്ന സ്നേഹവാത്സല്യങ്ങൾക്ക് സുദീർഘമായ ചരിത്രമുണ്ട്. തിരുമേനി ഓർത്തഡോക്സ് സഭയിലുണ്ടായിരുന്ന കാലം കല്ലൂപ്പാറയിലെ കടമാൻകുളം ബഥനിപ്പള്ളിയിൽ എത്തിച്ചേർന്ന തിരുമേനി അസാധാരണ തേജസ്വിയായ ആ ബാലനെ കണ്ടുമുട്ടി. കഷ്ടിച്ച് പതിമൂന്നോ പതിനാലോ വയസ്സുമാത്രം പ്രായമുള്ള ബാലൻ. കുഞ്ഞുകുട്ടി എന്ന ഓമനപേരിൽ അറിയപ്പെടുന്ന ടി. ഇ. വർഗീസ്. ശുശ്രൂഷകുപ്പായമിട്ട് ചടങ്ങുകളിലെല്ലാം ആദ്യവസാനക്കാരനായി പങ്കെടുത്ത ആ ബാലന്റെ മുഖത്ത് തുടിച്ചു നിന്നിരുന്ന ആധ്യാത്മിക ചൈതന്യം തിരുമേനിയുടെ മനസ്സിൽ പതിഞ്ഞു. പുനരൈക്യപ്പെട്ട ശേഷം ബഥനിക്കാർ വെണ്ണിക്കുളത്ത് താമസമാക്കിയപ്പോൾ അവിടെ ഇടയ്ക്കിടെ പോകുന്നതിനും തിരുമേനിയുമായി അടുത്ത് ഇടപഴകുന്നതിനുമുള്ള സൗകര്യം കുഞ്ഞുകുട്ടിക്ക് ലഭിച്ചു. തിരുമേനി തിരുമൂലപുരത്തായിരുന്നപ്പോഴും ഈ ബാലൻ അവിടെ പോകാറുണ്ടായിരുന്നു. പ്രസ്തുത സന്ദർശനങ്ങൾക്കിടയിൽ ഒരു ആശ്രമസ്ഥനാകുവാനുള്ള തന്റെ അടങ്ങാത്ത ആഗ്രഹം കുഞ്ഞുകുട്ടി തിരുമേനിയെ അറിയിച്ചു. എന്നാൽ ഒരു വലിയ തടസ്സം. ആ ബാലനും വീട്ടുകാരും കത്തോലിക്കാസഭയിൽ ചേർന്നിട്ടില്ല. വീട്ടിലെ സാമ്പത്തിക പ്രശ്നങ്ങൾ നിമിത്തം കുഞ്ഞുകുട്ടി സന്യാസവൃത്തി സ്വീകരിക്കുന്നതിന് ബന്ധുക്കൾ അനുവദിക്കുകയുമില്ല.

പ്രശസ്തമായ നിലയിൽ സ്കൂൾ ഫൈനൽ പരീക്ഷ (ഇന്നത്തെ എസ്. എസ്.എൽ.സി.) പാസ്സായ കുഞ്ഞുകുട്ടി പരമരഹസ്യമായി കത്തോലിക്കാസഭയിൽ ചേർന്നു. മാതാപിതാക്കളുടെ നിർബന്ധപ്രകാരം അൽപ്പകാലം ചില ജോലികൾ നോക്കി. പക്ഷെ ആ മനസ്സ് അസ്വസ്ഥമായിരുന്നു. മാർ ഈവാനിയോസ് തിരുമേനിയുടെ അടുത്തേക്ക് പോകണം, ആശ്രമത്തിൽ

www.malankaralibrary.com



ചേരണം, കർത്താവിന്റെ വേല ചെയ്യണം. അങ്ങനെ ആ തിങ്കളാഴ്ച സമാഗതമായി. ആരുമാരുമറിയാതെ സ്ഥലം വിടുന്നതിനുള്ള പുറപ്പാടാണ്. മൂന്നു പ്രാവശ്യം തിരികെക്കയറി അമ്മയെ ആലിംഗനം ചെയ്തു. അയൽവാസികളോടും ബന്ധുമിത്രാധികളോടും യാത്ര ചോദിച്ചു. പക്ഷെ ആ യാത്ര എങ്ങോട്ടാണ്? അതുമാത്രം ആർക്കും അറിഞ്ഞുകൂടാ. കുഞ്ഞുകിട്ടിക്കുമാത്രം ആ രഹസ്യമറിയാം- ലോകമേയാത്ര!

പിതാവ് മകനെത്തേടി നാലാഞ്ചിറയിലെത്തി. ആ സമയത്ത് മകൻ ധ്യാനത്തിലാണ്. ധ്യാനം കഴിഞ്ഞപ്പോൾ ആശ്രമാധ്യക്ഷൻ പറഞ്ഞു; "മകൻ ഇതാ നില്ക്കുന്നു വരുമെങ്കിൽ വിളിച്ചുകൊണ്ടുപൊയ്ക്കൊളൂ." പക്ഷെ ആ മകൻ പോയത് ആശ്രമത്തിന്റെ ഉള്ളിലേക്കായിരുന്നു. 1935 ആഗസ്റ്റ് 15-ന് സന്യാസവൃത്തിക്കുള്ള താല്കാലിക വ്രതവാഗ്ദാനം നടത്തിയ ബ്രദർ ഗിവർഗീസിന് ഒരു പുതിയ പേര് നല്കപ്പെട്ടു - ബനഡിക്ട് അനുഗ്രഹിക്കപ്പെട്ടവൻ എന്നർഥം. 1941 ജനുവരി ഏഴിന് നിത്യവ്രത വാഗ്ദാനവും നടന്നു. തുടർന്ന് വൈദികപട്ടമേറ്റ് അദ്ദേഹം തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജിൽ ചേർന്ന് ബി.എ. ഓണേഴ്സിന് പഠിച്ചു. മദ്രാസ് സർവകലാശാലയുടെ ധനതത്ത്വശാസ്ത്രം ഓണേഴ്സ് പരീക്ഷയിൽ ഒന്നാംറാങ്കും ഒന്നാംക്ലാസ്സും നേടിക്കൊണ്ടാണ് ബനഡിക്ടച്ചൻ വിജയം വരിച്ചത്. ആർച്ച്ബിഷപ്പ് തിരുമേനിയുടെ ചിരകാല സ്വപ്നമായിരുന്ന മാർ ഈവാനിയോസ് കോളേജിന്റെ പ്രിൻസിപ്പലായിരുന്ന ശേഷം അവിടെത്തന്നെ വൈസ് പ്രിൻസിപ്പലായി തുടരുന്ന അച്ചനെ സഹായ മെത്രാനായ നിയമിച്ചുകൊണ്ടുള്ള പരിശുദ്ധ പിതാവിന്റെ അറിയിപ്പ് കാത്തുകാത്ത് കഴിയുകയാണ് മാർ ഈവാനിയോസ് തിരുമേനി. കരുണാനിധയായ ദൈവം അദ്ദേഹത്തിന്റെ ആഗ്രഹം സാധിച്ചുകൊടുത്തു. 1952 നവംബർ അവസാനം പരിശുദ്ധ സിംഹാസനത്തിൽ നിന്നുള്ള ബുളാപട്ടം അരമനയിൽ ലഭിച്ചു.

"ദൈവത്തിന്റെ ദാസന്മാരുടെ ദാസനായ പിയൂസ് മെത്രാൻ, ക്രിസ്താനുകരണ സന്യാസിസഭയുടെ അംഗമായ ഫാദർ ബനഡിക്ട് വർഗീസ് ആന്റർഡോസിലെ സ്ഥാനികമെത്രാനും സീറോ മലങ്കര ജനതയുടെ ഇപ്പോഴത്തെ ആർച്ച്ബിഷപ്പിന്റെ സഹായമെത്രാനുമായി തിരഞ്ഞെടുക്കപ്പെട്ടു. നമ്മുടെ പ്രിയപുത്രൻ ബനഡിക്ട് വർഗീസിന് അഭിവാദനവും അപ്പോസ്തോലികമായ ആശീർവാദവും നല്കുന്നു...." എന്നു തുടങ്ങുന്ന ബുളാ വായിച്ചപ്പോൾ മാർ ഈവാനിയോസ് തിരുമേനി സന്തോഷാശ്രുക്കൾ പൊഴിച്ചു.

www.malankaralibrary.com



1953 ജനുവരി 29 നാണ് മെത്രാഭിഷേകം. മുഖ്യ കാർമ്മികനായ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനി രോഗത്തിന്റെ ആലസ്യം മുഴുവൻ മറന്ന് ഉത്സാഹപൂർവം അരമനപ്പറമ്പിലെ പന്തലിലെത്തി. 14 മെത്രാന്മാരുടെയും അസംഖ്യം വൈദികന്മാരും കന്യാസ്ത്രീകളുമടങ്ങിയ വമ്പിച്ച ജനക്കൂട്ടത്തിന്റെയും സാന്നിധ്യത്തിൽ ആർച്ചബിഷപ്പ് തിരുമേനി ബഹുമാനപ്പെട്ട ബനഡിക്ട് അച്ചനെ മാർ ഗ്രിഗോറിയോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. അഭിനവ മെത്രാൻ പട്ടാഭിഷേകത്തിൽ ദീപികപ്പത്രം ഇപ്രകാരം മുഖപ്രസംഗമെഴുതി; “മരണമില്ലാത്ത ആ ഒന്നാമന് ഒരു രണ്ടാമായിത്തന്നെ മാർ ഗ്രിഗോറിയോസ് പരിലസിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.”

www.malankaralibrary.com

അധ്യായം പതിനഞ്ച്

# വിശ്രമം . . . അന്ത്യവിശ്രമം

ആർച്ച്ബിഷപ്പ് തിരുമേനിയുടെ വയറ്റത്ത് പ്രത്യക്ഷപ്പെട്ട തടിപ്പ് വളർന്നുകൊണ്ടേ ഇരുന്നു. ഭക്ഷണം തീരെ കഴിക്കാതെയായി. കഴിക്കുന്ന ലഘുഭക്ഷണം പോലും ദഹിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതോടെ ശരീരം വളരെ ക്ഷീണിച്ചു. ഡോക്ടർമാരുടെ ഉപദേശമനുസരിച്ച് ഒരു മാസക്കാലം ദേവികുളത്തുപോയി വിശ്രമിച്ചിട്ടും കാര്യമായ പ്രയോജനമൊന്നും ഉണ്ടായില്ല. അതിനാൽ കൂടുതൽ പരിശോധനയ്ക്കും ചികിത്സയ്ക്കുമായി 1952 ജൂലൈ ആദ്യവാരത്തിൽ തിരമേനിയെ മദ്രാസിലേക്ക് കൊണ്ടുപോയി.

ഡോക്ടർ മസിലാമണിയുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ തിരുമേനിയെ ഓപ്പറേഷൻ നടത്തിയേ തീരൂ എന്ന് വ്യക്തമായി. തുടർന്ന് 16 ഡോക്ടർമാർ ചേർന്ന് ഓപ്പറേഷൻ നടത്തി. തിരുമേനിയുടെ കരളിന്റെ മുൻഭാഗം ചെറിയ ചെറിയ കുരുക്കൾകൊണ്ട് നിറഞ്ഞിരിക്കുന്നതായി അവർ കണ്ടെത്തി. അവ നീക്കം ചെയ്യുന്നതിനോ പെട്ടെന്ന് രോഗം സുഖപ്പെടുന്നതിനോ സാധ്യമല്ലെന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. മൂന്നാഴ്ചകൂടി തിരുമേനി മദ്രാസിൽ താമസിച്ച് ചികിത്സ നടത്തി. അവിടെ ചൂട് വർധിച്ചുവരുന്നതിനാൽ അദ്ദേഹം ബാംഗ്ലൂരിലേക്ക് പോയി. ബാംഗ്ലൂരിലെ സെന്റ് മാർത്താസ് ആശുപത്രിയിൽ നടത്തിയ ചികിത്സകൊണ്ടും കാര്യമായ ഫലമൊന്നും ഉണ്ടായില്ല. ഈ സാഹചര്യത്തിൽ 1952 ആഗസ്റ്റ് പത്താം തീയതി തിരുമേനി വിമാനമാർഗം തിരുവനന്തപുരത്തെത്തി. നാലാഞ്ചിറ ആശ്രമത്തിലായി

*പട്ടം സെന്റ് മേരീസ് കത്തീഡ്രൽ
ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ
കബറിടം ഇവിടെ സ്ഥിതി ചെയ്യുന്നു.*



www.malankaralibrary.com



രുന്നു തിരുമേനിയുടെ വിശ്രമവും ചികിത്സയും. ഏതാണ്ട് മൂന്നാഴ്ച അവിടെ താമസിച്ചു.

അത്യാസന്നനിലയിലായ തിരുമേനിയെ പട്ടത്തുള്ള അരമനയിലേക്ക് കൊണ്ടുപോകണമെന്ന് അതിരൂപതയിലെ വൈദികരിൽ പലരും അഭിപ്രായപ്പെട്ടു. ആർച്ച്ബിഷപ്പിനും ആ അഭിപ്രായത്തോട് യോജിപ്പുണ്ടായിരുന്നു. പക്ഷെ അതിനുമുമ്പേ കന്തീലാശുശ്രൂഷ (രോഗികളുടെ തൈലാഭിഷേക ശുശ്രൂഷ) നടത്തണം. സെപ്റ്റംബർ രണ്ടാം തീയതി നടത്തിയ കന്തീലാശുശ്രൂഷയിൽ തിരുവല്ലാ മെത്രാൻ മാർ സേവേറിയോസ് തിരുമേനി പ്രധാന കാർമ്മികത്വം വഹിച്ചു. ശുശ്രൂഷ രണ്ടരമണിക്കൂർ നീണ്ടു നിന്നു. ആ സമയമത്രയും മാർ ഈവാനിയോസ് തിരുമേനി കട്ടിലിൽ കിടക്കുകയായിരുന്നു. സുബോധത്തോടെ അദ്ദേഹം പ്രാർഥനകൾ ഏറ്റു ചൊല്ലി. അന്നു തന്നെ ഉച്ചയ്ക്കുശേഷം അദ്ദേഹത്തെ പട്ടം അരമനയിൽ കൊണ്ടു വന്നു.

പത്തു മാസത്തോളം തിരുമേനി പട്ടം അരമനയിൽ രോഗിയായി കിടന്നു. ഇക്കാലമത്രയും സന്ദർശകരെ കൊണ്ട് അരമന നിറഞ്ഞു കവിഞ്ഞു. സന്ദർശകരിൽ പ്രധാനപ്പെട്ട ഒരാൾ മലയാളമനോരമയുടെ പത്രാധിപരായ കെ. സി. മാമ്മൻമാപ്പിള ആയിരുന്നു. പ്രായാധിക്യത്തെ വകവയ്ക്കാതെ അദ്ദേഹം അരുമശിഷ്യന്റെ രോഗവിവരം അറിഞ്ഞ് എത്തിയിരിക്കുകയാണ്. മാമ്മൻമാപ്പിളയെ സംബന്ധിച്ചിടത്തോളം കഥാപുരുഷൻ വെറും ശിഷ്യൻ മാത്രമായിരുന്നില്ല, എം. ഡി. സ്കൂളിന്റെ പ്രിൻസിപ്പൽ പദം അലങ്കരിച്ച അദ്ദേഹം തന്റെ പിൻഗാമി കൂടിയാണ്. മലങ്കര സഭയിൽ സമാധാനം സ്ഥാപിക്കുന്നതിന് അത്യധ്വാനം ചെയ്തത് അവരിരുവരും കൂടിയായിരുന്നു. പുനരൈക്യപ്പെട്ടില്ലെങ്കിൽ പോലും മാമ്മൻമാപ്പിളയ്ക്ക് മാർ ഈവാനിയോസ് തിരുമേനിയോടുള്ള സ്നേഹവായ്പ് നിലനിന്നു.

"എന്റെ മൂക്കിൽ ശ്വാസമുള്ളിടത്തോളം കാലം ഞാനാകട്ടെ, മനോരമ പത്രമാകട്ടെ തിരുമനസ്സിലെ പ്രസ്ഥാനത്തെ എതിർക്കുന്നതല്ല" എന്ന് അദ്ദേഹം തിരുമേനിക്ക് ഉറപ്പു നല്കിയിരുന്നു. വികാരനിർഭരമായ ഈ കൂടിക്കാഴ്ചയിൽ രണ്ടുപേരും വാവിട്ടുകരഞ്ഞുപോയി.

നൂറുകണക്കിന് അൽമായർ, വൈദികർ, കന്യാസ്ത്രീകൾ മുതലായവർക്കു പുറമേ കേരളത്തിലെ കത്തോലിക്കാ - അകത്തോലിക്കാ ബിഷപ്പുമാരും തിരുമേനിയെ സന്ദർശിച്ചു. ആസ്ത്രേലിയൻ കർദ്ദിനാൾ

www.malankaralibrary.com



ഗിൽറോയി തിരുമേനിയും ഇന്ത്യയുടെ ഡലിഗേറ്റ് അപ്പോസ്തോലിക്കാ ലൂക്കാസ് തിരുമേനിയും അരമനയിലെത്തി ആർച്ച്ബിഷപ്പിനെ സന്ദർശിച്ചു. അരമനയിലുള്ള വൈദികരും വൈദികാർഥികളും തിരുമേനിയെ ശുശ്രൂഷിക്കുന്നതിൽ ജാഗരൂകരായിരുന്നു. തന്റെ മരണാസന്നനായ പിതാവിനെ ശുശ്രൂഷിച്ചകാര്യം അപ്പോൾ അദ്ദേഹം അനുസ്മരിച്ചിട്ടുണ്ടാവും. 1939 ഡിസംബർ 9-നാണ് തോമ്മാപ്പണിക്കർ നിര്യാതനായത്. അദ്ദേഹത്തിന്റെ സംസ്കാരശുശ്രൂഷയിൽ പ്രധാന കാർമ്മികത്വം വഹിച്ചത് തിരുമേനി ആയിരുന്നു. അങ്ങനെ മരണക്കിടക്കയിലായ മാതാവിന് നല്കാൻ കഴിയാതെപോയ ശുശ്രൂഷ പതിന്മടങ്ങായി പിതാവിന് നല്കാൻ കഴിഞ്ഞതിൽ തിരുമേനി സന്തുഷ്ടനായി.

1953 മാർച്ചിലെ ഹാശാ ആഴ്ചയിൽ തിരുമേനിയുടെ രോഗനില മൂർധന്യദശയിലെത്തി. ബോധം നിശ്ശേഷം നശിച്ചു. അങ്ങനെ ഒരാഴ്ചയോളം കിടന്നശേഷം അല്പം തെളിഞ്ഞു. ഇടയ്ക്കിടെ കുറെ ബുദ്ധിമുട്ടിയാലും അത്യാവശ്യകാര്യങ്ങൾ പറയുമായിരുന്നു. യാമപ്രാർഥനകൾ ഉച്ചത്തിൽ ചൊല്ലിക്കൊടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ബോധം തെളിയുമ്പോഴൊക്കെ തിരുമേനി പ്രാർഥനകൾ ഏറ്റു ചൊല്ലും. തന്റെ കട്ടിലിന്റെ ഇടത്തും വലത്തും ഓരോ ക്രൂശിതരൂപം വയ്ക്കണമെന്ന് അദ്ദേഹം ആഗ്രഹം പ്രകടിപ്പിച്ചു.

ജൂലായ് മാസം ആയപ്പോഴേക്കും തിരുമേനിക്ക് കിടക്കയിൽ നിന്നും എഴുന്നേല്ക്കുവാൻ കൂടി കഴിയാതെയായി. വെള്ളം ചേർത്ത പാൽ മാത്രമായി ഭക്ഷണം. 15-ാം തീയതി സന്ധ്യയോടെ തിരുമേനി തീർത്തും അവശനായി. അതിനാൽ രാത്രി ഒമ്പതു മണിയോടെ മാർ ഗ്രിഗോറിയോസ് തിരുമേനി ആർച്ചുബിഷപ്പിന്റെ സമീപത്തെത്തി പ്രാർഥനകൾ നടത്തിക്കൊണ്ടിരുന്നു. കുറെക്കഴിഞ്ഞപ്പോൾ വലിയതിരുമേനിയുടെ കണ്ണുകൾ വലുതായി. മിഴികൾ മറഞ്ഞു. "ഈശോ മറിയം യൗസേപ്പേ, ഈ ആത്മാവിന് കൂട്ടായിരിക്കണേ" എന്ന പ്രാർഥന ചുറ്റും നിന്നവർചൊല്ലിക്കൊണ്ടരിക്കെ അഭിവന്ദ്യ തിരുമേനി തല ഒരുവശത്തേക്ക് ചരിക്കുകയും അവിടുത്തെ ആത്മാവ് ഈ ലോകത്തോട് വിട പറയുകയും ചെയ്തു. അപ്പോൾ സമയം കൃത്യം പതിനൊന്നുമണി.

രാത്രിയിൽ തന്നെ സ്ഥാനവസ്ത്രങ്ങൾ അണിയിച്ച് മൃതദേഹം പാളയം സെന്റ് മേരീസ് ദേവാലയത്തിലേക്ക് കൊണ്ടുപോയി. രാവിലെ പത്രത്തിൽ വാർത്ത വായിച്ച് ആയിരക്കണക്കിന് ജനങ്ങൾ തിരുമേനിയുടെ ഭൗതിക ശരീരം അവസാനമായി ഒരു നോക്കു കാണുവാൻ പാളയത്തേക്ക് കുതിച്ചു.


www.malankaralibrary.com



അവിടെ കൂടിയ വമ്പിച്ച ജനസഞ്ചയം ആദരാഞ്ജലി അർപ്പിച്ചശേഷം നഗരികാണിക്കൽ ശുശ്രൂഷയാണ് നടന്നത്. ഒരു രഥത്തിലേക്ക് മാറ്റിയ മൃതദേഹം പാരമ്പര്യമനുസരിച്ച് കസേരയിൽ ഉപവിഷ്ടമാക്കി. പത്തരമണിക്ക് ആരംഭിച്ച വിലാപയാത്ര പന്ത്രണ്ടു മണിയോടെ പട്ടം കത്തീഡ്രലിൽ എത്തി. കത്തീഡ്രലിന്റെ പണി തീർന്നിരുന്നില്ല. എന്നാൽ കബറിടം പൂർണമായും സജ്ജമായിരുന്നു. മാർ സേവേറിയോസ് തിരുമേനിയും മാർ ഗ്രിഗോറിയോസ് തിരുമേനിയും മറ്റും ചേർന്ന് മൃതദേഹം കസേരയോടു കൂടി കബറിനുള്ളിൽ എടുത്തുവച്ചു. അതിനുശേഷം ശുശ്രൂഷകൾ നടന്നു. കബറിനുള്ളിൽ ധാരാളം കുന്തിരിക്കം ഇട്ടു. മൃതദേഹത്തിലാകെ സൈത്ത് എണ്ണ ഒഴിച്ചു. തുടർന്ന് മുഖം പട്ടുതുണികൊണ്ട് മൂടി. കബറിടം അടച്ച് ധൂപപ്രാർഥന നടത്തി.

"മരണാനന്തരം സ്വർഗത്തിലെത്തിയ ശേഷം എന്റെ അകത്തോലിക്കാ സഹോദരങ്ങളുടെ പുനരൈക്യത്തിനു വേണ്ടി ദൈവസന്നിധിയിൽ ഞാൻ നിരന്തരം പ്രാർഥിച്ചുക്കൊണ്ടിരിക്കും": അഭിവന്ദ്യ തിരുമേനി മുമ്പ് പറഞ്ഞ ആ വാക്കുകൾ അവിടെ കൂടി നിന്നിരുന്ന ആളുകളുടെ ഹൃദയങ്ങളിൽ പ്രതിധ്വനിച്ചു.

സകല മനുഷ്യരുടെയും ഉത്കർഷത്തിനുവേണ്ടി ദൈവസന്നിധിയിൽ മാധ്യസ്ഥം യാചിച്ചുക്കൊണ്ടിരിക്കുന്ന മാർ ഈവാനിയോസ് തിരുമേനി അവശരുടെയും ആർത്തരുടെയും അത്താണിയായി തീർന്നിരിക്കുന്നു. ആ സ്വർഗീയ മധ്യസ്ഥനോടുള്ള ആദരസൂചകമായി ആണ്ടുതോറും ജൂലൈ രണ്ടാം വാരത്തിൽ പെരുന്നാട്ടിൽ നിന്നും തിരിച്ച് പട്ടത്തുള്ള കബറിടത്തിലേക്ക് നടത്തിവരുന്ന തീർഥാടനം വളരെപേർക്ക് അത്ഭുതകരമായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്നുണ്ട്. മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റാണ് ഈ പദയാത്രാ തീർഥാടനത്തിന് നേതൃത്വം നല്കുന്നത്. തിരുമേനിയുടെ മധ്യസ്ഥതയാൽ അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിന്



അഭിവന്ദ്യ പിതാക്കന്മാരുടെ കബറിടങ്ങൾ

www.malankaralibrary.com



അവിടത്തെ സമാധിദിനമായ ജൂലൈ 15-ന് ജാതി മത ഭേദമെന്യേ ആയിരക്കണക്കിന് ആളുകൾ ആ കബറിടത്തിൽ ഒത്തുചേരുകയും ആ മഹാത്മാവിന്റെ അപദാനങ്ങൾ പ്രകീർത്തിക്കുകയും ചെയ്തുവരുന്നു.

വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്നതിനുള്ള നടപടിക്രമങ്ങളുടെ പ്രാരംഭമായി 2007 ജൂലൈ 14-ന് മലങ്കര കത്തോലിക്കാസഭയുടെ അദ്ധ്യക്ഷനും പിതാവുമായ മോറാൻമോർ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് തിരുമേനിയെ ദൈവദാസനായി പ്രഖ്യാപിച്ചു. 2014 ജൂൺ 23-ന് സഭാനിയമ പ്രകാരം കബറിടം തുറന്ന് പരിശോധന നടത്തി. പട്ടത്ത് സെന്റ് മേരീസ് കത്തീഡ്രലിനോട് അനുബന്ധിച്ചുള്ള അദ്ദേഹത്തിന്റെ കബറിടം ഇപ്പോൾ വലിയൊരു തീർഥാടന കേന്ദ്രമായി മാറിയിട്ടുണ്ട്.

www.malankaralibrary.com



**അനുബന്ധം 1**

## 'ദൈവദാസ' പ്രഖ്യാപനം

Documentation IV

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

**പ്രഖ്യാപനം**

**ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് ദൈവദാസനാകുന്നു.**

**മോറാൻ മോർ ബസേലിയോസ് ക്ലീമിസ്**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ച്ബിഷപ്പ് കാതോലിക്കാബാവാ

സഭയുടെ നിത്യനന്മക്കായി
സ്വയംഭൂവും സർവശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രിയേക ദൈവത്തിനു സ്തുതി.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 2007 മാർച്ച് പത്താം തീയതി സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനത്തിന് വിധേയമായും 1983 ഫെഫ്രുവരി ഏഴാം തീയതി വിശുദ്ധരുടെ നാമകരണ നടപടികൾക്കു വേണ്ടിയുള്ള കാര്യാലയം പ്രസിദ്ധീകരിച്ച വിശുദ്ധരുടെ നാമകരണ നടപടികളിൽ മെത്രാന്മാർ നടത്തുന്ന അന്വേഷണങ്ങളിൽ പാലിക്കേണ്ട മാർഗരേഖകൾ പ്രകാരമുള്ള കാനോനിക നിബന്ധനകൾ പരിഗണിച്ചും, ഞാൻ, മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ്, മലങ്കര സഭൈക്യ പ്രസ്ഥാനത്തിന്റെ പ്രവാചകനും, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ മെത്രാപ്പോലീത്തൻ - ആർച്ച്ബിഷപ്പും, തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ പ്രഥമ ആർച്ച്ബിഷപ്പും, ബഥനി മിശിഹാനുകരണ സന്യാസിനി - സന്യാസി സമൂഹങ്ങളുടെ സ്ഥാപകനും, മേരിമക്കൾ സന്യാസിനി സമൂഹത്തിന്റെ രക്ഷാധികാരിയുമായിരുന്ന ഭാഗ്യസ്മരണാർഹനായ ഗിവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ സഭയിൽ വിശുദ്ധനായി പ്രഖ്യാപിക്കാനുള്ള നടപടികൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള 2005 ജൂലൈ മാസം 15-ാം തീയതി പോസ്റ്റുലേറ്റർ സമർപ്പിച്ച രേഖാമൂലമുള്ള അപേക്ഷ സസന്തോഷം സ്വീകരിക്കുന്നു. ഭാഗ്യസ്മരണാർഹനായ ആർച്ച്ബിഷപ്പ് ഗീവർഗ്ഗീസ് മാർ ഈവാനിയോസ് 'ദൈവദാസൻ' ആകുന്നു എന്ന് ഇതിനാൽ ഞാൻ പ്രഖ്യാപിക്കുന്നു. ഇപ്പോൾ മുതൽ പരിശുദ്ധ സഭയിൽ അഭിവന്ദ്യ തിരുമേനി 'ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്' എന്ന് വിളിക്കപ്പെടുന്നതാണ്.

തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിലെ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയായിൽ നിന്നു നമ്മുടെ കർത്താവിന്റെ സംവത്സരം രണ്ടായിരത്തിയേഴ് ജൂലൈ മാസം പതിനാലാം ദിവസം നൽകപ്പെട്ടത്.

(ഒപ്പ്)
**മോറാൻ മോർ ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവാ

(ഒപ്പ്)
ഫാ. ആന്റണി വലിയ വിളയിൽ ഒ ഐ സി
ചാൻസലർ

www.malankaralibrary.com



**അനുബന്ധം 2**

## മലങ്കര സുറിയാനി
## കത്തോലിക്കാ സഭയിലെ മെത്രാന്മാർ 2021



*മുൻ നിരയിൽ ഇടത്തുനിന്ന് വലത്തോട്ട്:* ജേക്കബ് മാർ ബർണബാസ് (ഗുർഗാവ്-ഡൽഹി),
ജോസഫ് മാർ തോമസ് (ബത്തേരി രൂപത), തോമസ് മാർ കൂറിലോസ് (അർച്ച്ബിഷപ്, തിരുവല്ല അതിരൂപത), കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ
(മേജർ ആർച്ച്ബിഷപ്പ്, തിരുവനന്തപുരം മേജർ അതിരൂപത),
യൂഹാനോൻ മാർ ക്രിസോസ്റ്റം (പത്തനംതിട്ട രൂപതയുടെ മുൻ അധ്യക്ഷൻ)
ജോഷ്വാ മാർ ഇഗ്നാത്തിയോസ് (മാവേലിക്കര രൂപത)
എബ്രഹാം മാർ യൂലിയോസ് (മൂവാറ്റുപുഴ രൂപതയുടെ മുൻ അധ്യക്ഷൻ)

*പിൻ നിരയിൽ ഇടത്തു നിന്ന് വലത്തോട്ട്:* യൂഹനാൻ മാർ തിയോഡോഷ്യസ് (മൂവാറ്റുപുഴ രൂപത)
ഗിവർഗീസ് മാർ മക്കാറിയോസ് (പുത്തൂർ രൂപത)
തോമസ് മാർ അന്തോണിയോസ് (പൂനാ, ഖഡ്കി രൂപത)
ഫിലിപ്പോസ് മാർ സ്തേഫാനോസ് (യുഎസ്എ & കാനഡ)
വിൽസെന്റ് മാർ പൗലോസ് (മാർത്താണ്ഡം രൂപത)
തോമസ് മാർ യൗസേബിയോസ് (പാറശാല രൂപത)
സാമുവൽ മാർ ഐറേനിയോസ് (പത്തനംതിട്ട രൂപത)

www.malankaralibrary.com



**അനുബന്ധം 3**

## ഡോ. എം. വി. തോമസിന്റെ കൃതികൾ

### മാധ്യമ മേഖല

1. മാധ്യമങ്ങളും മലയാള സാഹിത്യവും മൂന്നാം പതിപ്പ് ശ്രേഷ്ഠാ പബ്ലിക്കേഷൻസ്,തിരുവനന്തപുരം.2018.
   അവതാരിക ഡോ. ഡി.ബഞ്ചമിൻ
2. Malayalam Newspapers and freedom Movement in Kerala (Reserch study) Kerala Media Academy . 2014 Forword by T.J.S George
3. Fundamentals of communication and Journalism. INFO Media Books Kulasekharam. Trivandrum 2007 Preface By Prof. M.V. Simon
4. ഭാരതീയ പത്ര ചരിത്രം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2006. അവതാരിക ഡോ. സുകുമാരൻ അഴിക്കോട്
5. രണ്ടാം പതിപ്പ് കേരള സംസ്ഥാന സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് 2004
6. മാധ്യമങ്ങളും മലയാള സാഹിത്യവും ഒന്നാം പതിപ്പ് എൻ. ഇ. ആർ. സി. തിരുവനന്തപുരം 2000

### ബാലസാഹിത്യം

7. ചെമ്പകരാമൻപിള്ള (ജീവചരിത്രം) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രഥമ ഗ്രന്ഥം. 1987-ൽ ബാലസാഹിത്യത്തിനുള്ള ദേശീയ അവാർഡ് നേടി.
8. സാഹിത്യത്തിന്റെ ബാലപാഠങ്ങൾ, സി. എസ്. എസ്. തിരുവല്ല.
9. കുട്ടികളുടെ അംബേദ്കർ (ജീവചരിത്രം) സംസ്ഥാന ബാല സാഹിത്യം ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
10. ഭഗത്സിംഗ് (ജീവചരിത്രം) കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്.
11. മഹച്ചിരിതമാല (ജീവചരിത്രം) ചന്തുമേനോൻ, സി. വി. രാമൻപിള്ള, ഉറുബ്, ഡി. സി. ബുക്സ്, കോട്ടയം.
12. കേസരി എ. ബാലകൃഷ്ണപിള്ള (ജീവചരിത്രം) കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.
13. കുട്ടികളുടെ വിശ്വമഹാകവി കാളിദാസൻ (ഐതിഹ്യങ്ങളും കൃതികളും) (അച്ചടിയിൽ)
14. നവ. സാക്ഷരർക്കുവേണ്ടി ടെലിവിഷൻ, സ്റ്റേറ്റ് റിസോഴ്സ്സെന്റർ, കേരള സർക്കാർ.

www.malankaralibrary.com



**ഭരണഭാഷ**

15. ജനകീയ ഭരണം ജനങ്ങളുടെ ഭാഷയിൽ (പഠനം) പ്രസാധനം ഗ്രന്ഥകാരൻ, അവതാരിക ഡോ. പി. കെ. നാരായണൻപിള്ള.
16. ഭരണഭാഷാ പ്രശ്നങ്ങൾ (പഠനം) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2006.
17. ഭരണഭാഷ പ്രായോഗിക തലത്തിൽ (പഠനം) പബ്ലിക് റിലേഷൻസ് വകുപ്പ്. കേരള സർക്കാർ

**വിവർത്തനം**

18. രക്തവൃത്തം ( ഷെർലക്ഹോംസ് കഥകൾ) ഡിസി ബുക്സ് കോട്ടയം
19. കാലത്തിന്റെ ശവക്കുഴി (അഗതാ ക്രിസ്റ്റിയുടെ നോവൽ) ഡി. സി. ബുക്സ് കോട്ടയം
20. ദൈവമനുഷ്യന്റെ സ്നേഹഗീത (ക്രിസ്തുവിന്റെ ജീവചരിത്രം) നാലാം ഭാഗം. മരിയ വാൾതോർത്ത, 1993, നിർമ്മലഹൃദയകേന്ദ്രം തിരുവനന്തപുരം.
21. പ്രമേഹരോഗികളുടെ ഭക്ഷണക്രമം. ഡോ. അശോക് ചെറിയാൻ പട്ടം, തിരുവനന്തപുരം.
22. കേരളം കാലഘട്ടങ്ങളിലൂടെ (കേരള ചരിത്രം), പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ.

**മതപരം**

23. മഹാത്മാവായ മാർ ഈവാനിയോസ് (ജീവചരിത്രം) മാർ ഈവാനിയോസ് കോളേജ്, തിരുവനന്തപുരം.
24. വേദപാഠം, എൽ. കെ. ജി. ക്ലാസ്, തിരുവനന്തപുരം മേജർ അതിരൂപത, 2014

**മറ്റു രചനകൾ**

1. കേരള സാഹിത്യ അക്കാദമി 10 വാല്യങ്ങളിലായി പ്രസിദ്ധീകരിക്കുന്ന മലയാള സാഹിത്യ ചരിത്രത്തിൽ 'മാധ്യമപഠനം' എന്ന വാല്യത്തിന്റെ എഡിറ്ററും വിവിധ ലേഖനകളുടെ രചയിതാവും (നിർമ്മാണത്തിൽ)
2. ബാലകൈരളി വിജ്ഞാന കോശത്തിന്റെ 'കലയും സംസ്കാരവും' എന്ന വാല്യത്തിൽ 'കമ്മ്യൂണിക്കേഷൻ' എന്ന വിഭാഗം. പ്രസാധകർ: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്.

www.malankaralibrary.com



3. കേരള വിജ്ഞാന കോശത്തിൽ 'ക്രിസ്തുമതം' സംബന്ധിച്ച് ലേഖനം. പ്രസാധകർ: ദേശബന്ധു പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
4. അഖില വിജ്ഞാന കോശത്തിന്റെ നാല് വാല്യങ്ങളിലായി നൂറോളം ടൈറ്റിലുകൾ. - ഡിസി ബുക്സ് കോട്ടയം.
5. വിശ്വപുരാണ വിജ്ഞാനകോശം പത്തോളം ടൈറ്റിലുകൾ. പ്രസാധകർ വിദ്യാർഥിമിത്രം. കോട്ടയം.
6. കേരള വിജ്ഞാന ദീപികയിൽ പത്തോളം ലേഖനങ്ങളും ഒട്ടേറെ കുറിപ്പുകളും എഴുതുകയും അസോസിയേറ്റഡ് കോ-ഓർഡിനേറ്ററായി പ്രവർത്തിക്കുകയും ചെയ്തു. 'ദീപിക' പ്രസിദ്ധീകരണം.
7. മലയാളമനോരമ ഇയർ ബുക്കിൽ പല വർഷങ്ങളായി ഇരുപതോളം പ്രത്യേക ലേഖനങ്ങൾ (പ്രധാനമായും മീഡിയാ സംബന്ധിച്ച്)
8. ഗ്രന്ഥാലോകം, മലയാള സാഹിത്യം, സാഹിത്യവിമർശം തുടങ്ങിയ മാസികകളിൽ നൂറിലധികം പുസ്തകങ്ങളുടെ റിവ്യു.
9. കേരളം 2000 എന്ന റഫറൻസ് ഗ്രന്ഥത്തിൽ 'മാധ്യമങ്ങൾ' സംബന്ധിച്ച് ലേഖനം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.
10. കുട്ടികളുടെ ദീപിക, ബാലരമ, കേരളപത്രിക, തളിര്, മലങ്കര ബാലൻ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ കുട്ടികൾക്കു വേണ്ടിയുള്ള കവിതകളും മറ്റ് രചനകളും.
11. സർവ്വ വിജ്ഞാന കോശത്തിന്റെ (കേരള സർക്കാർ) വിവിധ വാല്യങ്ങളിലായി ഇരുപതിലധികം ശീർഷകങ്ങൾ.

*ഗ്രന്ഥകാരനെക്കുറിച്ചുള്ള ഗ്രന്ഥം,
'ഡോ. എം. വി. തോമസ്-*ജീവിതം എഴുത്ത് അനുഭവം.*'
എഡിറ്റർ: ഡോ. പോൾ മണലിൽ 2019

www.malankaralibrary.com

www.malankaralibrary.com




# മഹാത്മാവായ മാർ ഈവാനിയോസ്

(ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ജീവചരിത്രം)

**ഡോ. എം. വി. തോമസ്**

"കേരളത്തിലെ ക്രൈസ്തവ സഭാ പുനരൈക്യ പ്രസ്ഥാനത്തിന്റെ രാജശില്പിയും മലങ്കര സുറിയാനി കത്തോലിക്കാ ഹയരാർക്കിയുടെ അധ്യക്ഷനും തിരുവനന്തപുരം അതിരൂപതയുടെ ആദ്യത്തെ ആർച്ച്ബിഷപ്പുമായിരുന്ന മഹാത്മാവാണ് ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ.

അദ്ദേഹത്തിന്റെ പുണ്യപൂജിതമായ ജീവിതചര്യയെയും വിവിധ മേഖലകളിലുള്ള ജനസേവനങ്ങളേയും പറ്റി പൊതു സമൂഹത്തെ ബോധവത്ക്കരിക്കുന്നതിന് ഉപകരിക്കുന്ന ഉത്കൃഷ്ടമായ ഒരു ഗ്രന്ഥമാണ് '*മഹാത്മാവായ മാർ ഈവാനിയോസ്*'.



ലളിതവും മനോഹരവും ഹൃദയസ്പർശിയുമായ രചനാ സമ്പ്രദായമാണ് ഈ ലഘു ഗ്രന്ഥത്തിൽ ഡോ. എം. വി. തോമസ് സ്വീകരിച്ചിരിക്കുന്നത്.

എഴുത്തുകാരനും മാധ്യമ ഗവേഷകനും സംസ്ഥാന പബ്ലിക് റിലേഷൻസ് വകുപ്പിലെ മുൻ ഡെപ്യൂട്ടി ഡയറക്ടറും മലങ്കര സമൂഹത്തിന്റെ അഭിമാനഭാജനവുമായ ഗ്രന്ഥകാരന് ദൈവം എല്ലാ വിധ നന്മയും കാരുണ്യവും അനുഗ്രഹങ്ങളും പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു."

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവാ**

*(അവതാരികയിൽ നിന്ന്)*

SINCE 1952

പ്രഭാത് ബുക്ക് ഹൗസ്

വില: ₹ 100/-

ജീവചരിത്രം